# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 3 ലക്കം 11 പേജുകൾ 56 ഫെബ്രുവരി 2023



## 'കുട്ടികളുടെ മഷിപ്പച്ച'യ്ക്ക് തുടക്കം

- സമകാലികം
- റിഥം ഓഫ് ലൈഫ്
- കാർട്ടൂൺ കേരളം
- സിനിമ
- കമ്പോഡിയൻ ഡയറി

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakerala.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032



എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**





'കുട്ടികളുടെ മഷിപ്പച്ച'യ്ക്ക് ഈ ലക്കം തുടക്കം കുറിക്കുന്നു. ഹൈസ്കൂൾ തലം വരെയുള്ള കുട്ടികളുടെ രചനകളാണ് ഈ ബാലപംക്തിയിൽ ഉൾക്കൊള്ളിക്കുക, എഴുത്തിനോടുള്ള ആഭിമുഖ്യം കുരുന്നുകളിൽ വളർത്തിയെടുക്കുവാനാകും ഈ പംക്തിയിൽ ശ്രമിക്കുക.

പതിനേഴ് കവിതകൾ പുതിയ ലക്കത്തിൽ ചേർത്തിട്ടുണ്ട്. കഥകളും ലേഖനങ്ങളും പതിവു പംക്തികളും ഉൾക്കൊള്ളുന്ന ഈ ലക്കം വായനാസമ്പന്നമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. സമകാലികരാഷ്ട്രീയം, സാമൂഹിക പ്രതിഫലനങ്ങൾ തുടങ്ങിയവ വിഷയമാക്കുന്ന 'സമകാലികം', ഏറെ ശ്രദ്ധിക്കപ്പെട്ടതും ചർച്ച ചെയ്യപ്പെടുന്നതുമായ പംക്തിയാണ്. റിഥം ഓഫ് ലൈഫ്, കാർട്ടൂൺ കേരളം, കമ്പോഡിയൻ ഡയറി, സിനിമ റിവ്യൂ എന്നിവയും ഈ ലക്കത്തിലുണ്ട്. 'ഹിഡിംബി' എന്ന പുസ്തകം ദർശന പരിചയപ്പെടുത്തുന്നു.

'മഷിപ്പച്ച'യിൽ പ്രസിദ്ധീകരിക്കുന്നതിന് അയച്ചുകിട്ടുന്ന മുഴുവൻ രചനകളും ഉൾക്കൊള്ളിക്കൻ സാധിക്കാറില്ല. കാമ്പുള്ള നല്ല രചനകളിൽ ചിലതും മാറ്റിവെക്കേണ്ടിവരുന്നു. എല്ലാവരും എഴുത്തുകാരായ കാലത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. സോഷ്യൽ മീഡിയ ശക്തമായതോടെ, എഴുതുന്നത് ജനസമക്ഷം അവതരിപ്പിക്കാൻ, വലിയ പ്ലാറ്റ്ഫോം ആണ് തുറന്നുകിട്ടിയത്. 'തോന്നുംപടി എഴുത്ത്' എന്ന നിലയിലേക്കും അതു വളർന്നു. എഴുത്തിലെ വിശ്വാസ്യത തകർക്കപ്പെട്ടതും, ഓൺലൈൻ എഴുത്തിന്റെ ഉപോൽപ്പന്നമാണ്. ഇവിടെയാണ് ഡിജിറ്റൽ മാധ്യമങ്ങൾ പ്രസക്തമാകുന്നത്. പതിര് തിരിച്ചറിഞ്ഞ് ഒഴിവാക്കിയും അതിനോട് വിമർശനാത്മക നിലപാടെടുത്തും വിശ്വാസ്യത നേടിയെടുത്ത ഡിജിറ്റൽ മാധ്യമങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ പ്രവർത്തനങ്ങളിലൂടെ നേടിയ വിശ്വാസ്യത എന്ന സ്ഥൈര്യം നിലനിർത്തി മുന്നോട്ടുപോകുവാൻ തന്നെയാണ്, 'മഷിപ്പച്ച' പ്രവർത്തകർ ശ്രമിക്കുക.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






രാജേശ്വരി
തുളസി

## അകത്താളുകളിൽ

### ലേഖനം/പംക്തി


| | |
|---|---|
| ഫ്രാങ്കോ ലൂയിസ്: | പേജ് 8 |
| തേജശ്രീ: | പേജ് 12 |
| പേളി ജോസ് | പേജ് 30 |
| ഗിരീഷകുമാർ വി. | പേജ് 32 |
| പ്രദീഷ് കുഞ്ചു | പേജ് 46 |
| ശങ്കരൻ കരുമാലി | പേജ് 47 |
| കുട്ടികളുടെ മഷിപ്പച്ച | പേജ് 53 |


### പുസ്തകപരിചയം


| | |
|---|---|
| ദർശന | പേജ് 42 |


### കാർട്ടൂൺ


| | |
|---|---|
| രാജേശ്വരി തുളസി | പേജ് 3 |
| ബാലചന്ദ്രൻ എം. ആർ. | പേജ് 4 |


### കഥ


| | |
|---|---|
| ഷേർലി മണലിൽ | പേജ് 24 |
| ജോർജ് വിൽസൻ | പേജ് 27 |


### കവിത


| | |
|---|---|
| ദർശന | പേജ് 5 |
| ശ്രീജ വിജയൻ | പേജ് 6 |
| സുഭാഷ് പോണോളി | പേജ് 7 |
| ബഷീർ മുളിവയൽ | പേജ് 15 |
| സോണി വർഗീസ് വാരനാട് | പേജ് 16 |
| യൂസഫ് നടുവണ്ണൂർ | പേജ് 17 |
| രാജൻ സി. എച്ച്. | പേജ് 18 |
| മനീഷ | പേജ് 19 |
| ഹാജറ കെ. എം. | പേജ് 20 |
| കപിൽദേവ് | പേജ് 21 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 22 |
| ടി. എം. പ്രിൻസ് | പേജ് 23 |
| ചാക്കോ ഡി. അന്തിക്കാട് | പേജ് 35 |
| ഷബ്ന അബൂബക്കർ | പേജ് 37 |
| സരസ്വതി കെ. എം. | പേജ് 39 |
| ശഫീഖ് അബ്ദുല്ല | പേജ് 40 |
| രരേഖ സി. ജി. | പേജ് 41 |
| ഷിജി ജയരാജ് | പേജ് 52 |



ബാലചന്ദ്രൻ. എം. ആർ


കൊല ചെയ്തിട്ടില്ല
ഞങ്ങളെ കടിച്ചുവലിച്ചിട്ടില്ലല്ലോ
നിങ്ങളെന്തിനാ കലാതിലകമായത്?
ഒന്ന് പറഞ്ഞുകൊടുക്കൂ...

കവിത

# എങ്ങു പോയൊളിക്കുവാൻ ?



**ദർശന**

രാത്രിയിൽ നക്ഷത്രങ്ങൾ ചിരിക്കും വാനം
നോക്കിയിരിക്കെ കേൾക്കാകുന്നു,
കൊഞ്ചലൊന്നരികത്തായ്

മുറ്റത്തെ പടർപ്പുകൾക്കിടയിലും
എന്റെയീ മടിയിലും കിളിക്കണ്ണിൻ
തിളക്കം മാത്രം കാണാം.

ഉറക്കം വരുന്നില്ലേയിനിയും
നിനക്കെന്നെൻ കവിളിൽ
തലോടുന്നു തണുത്തൊരിളം തെന്നൽ

എന്നുമേ കാണുന്നയീ കാഴ്ചയിൽ
മടുക്കുമെന്നോർത്താവാം
മറയ്ക്കുന്നു കറുത്ത മേഘക്കൂട്ടം.

ഇരമ്പം കേൾക്കാമതിന്നിടയിൽ
കൊച്ചു വ്യോമയാനമൊന്നകലെ
വീട്ടിലേക്കു ധൃതിയിൽ പറക്കയാം.

എന്നു ഞാൻ നിനച്ചങ്ങിരിക്കും
നേരത്തല്ലോ വരണ്ട വിണ്ണിൻ
കീഴിൽ കനത്ത പുക പൊന്തി.

മേഘങ്ങൾ പിളരും പോൽ
മിന്നലൊന്നാളിപ്പടരുന്നു
നിലയ്ക്കാത്തൊരിടി നാദം പിന്നെ

കാഴ്ചകൾ മറയുന്നു പുക മേലെ
പരക്കുന്നു കിളികൾ കലമ്പുന്ന
ചില്ലകളിളകുന്നു.

വിണ്ണിനെ പ്രകമ്പനംകൊള്ളിക്കും
ഗർജ്ജനങ്ങൾക്കിടയിൽ
കേൾപ്പാനില്ലൊരാർത്തനാദം പോലും.


ചുറ്റിലും സൈറണുകൾ മുഴങ്ങുന്നു
വാഹനങ്ങളിരമ്പുന്നു, അതിവേഗമെങ്ങോ
ചെന്നെത്തിടാൻ വെമ്പുംപോലെ

തറഞ്ഞങ്ങിരുന്നേ പോയ് നെഞ്ചിലെ
പിടപ്പിന്നു ചേർന്നങ്ങിരിക്കുന്ന
കൺകളിൽ ഭയം മാത്രം.

ഇറുകെപ്പുണരുന്നു രണ്ടിളം
കൈകളപ്പോൾ
അകത്തെയിരുട്ടെന്നയൊളിക്കാൻ
വിളിക്കയോ ?

എങ്ങു പോയൊളിച്ചീടാൻ
ഇത്രമേൽ കലുഷിതമീ ലോകം,
പരസ്പരം പോരടിച്ചീടുമ്പോൾ.

നാളെകൾ ചോദ്യമായി മാറുന്നു,
ഭീതിയെന്നെ ചൂഴുന്നുവെങ്കിലും
കൊതിക്കയാണൊരു പകൽ പിറക്കുവാൻ.



# രേഖാമുഖങ്ങൾ



കവിത



ശ്രീജ വിജയൻ

നിസഹായതയുടെ
മുഖങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ.

പതിഞ്ഞ താളമായിരിക്കും
ഒന്നിനോടും പരാതിയില്ലാതെ,
ദൈന്യത്തിന്റെ പുഞ്ചിരി
അടയാളമായിരിക്കും.

ആഴക്കടലിന്റെ തിരയിളക്കങ്ങൾ
കണ്ണിൽ നിറക്കുമ്പോഴും
സമരസപ്പെടലിൻ മുഖഭാവം.

ക്ലാവു പിടിച്ച
പച്ചച്ച പടവുകളിൽ
ഒഴുകി പരക്കുന്ന ജീവിതം
കറുത്ത
അടയാളങ്ങളാൽ,
അരികുകൾ
കനപ്പെടുത്തിയിരിക്കും.
നടന്നു കയറിയ പാതകളേക്കാൾ
അഗാധത ശീലമാക്കിയത്.

തിളച്ചുമറിയുന്ന കാലത്തിന്റെ
വക്കിലിരുന്ന്
ഖനീഭവിച്ച ദു:ഖഭാവത്താൽ
മൂശപ്പെടുത്തിയ ഛായകൾ.
കീഴ്മേൽ മറിഞ്ഞകാലത്തിന്റെ
കിതപ്പ് ശിരസ്സാ വഹിച്ചത്.
കൂർത്ത കുരിശിൽ
ചോര വീഴ്ത്തി
നിൽക്കുന്നവരുടെ പിടച്ചിലുകൾ
അടയാളപ്പെടുത്തിയ ഭാവങ്ങൾ.
ആശ്വാസവാക്കുകളെ,
വർത്തമാനത്തിൻ
വെറും വാക്കായിക്കാണുന്ന ഇന്ദ്രിയജ്ഞാനം.
ഛായകളേറെയുള്ള ഭാവപകർച്ചകൾ.
ഞാനും, നീയും, നമ്മളുമെല്ലാ-
മിതിനു പിന്തുടർച്ചക്കാർ.
സമാനതകളേതുമില്ലാത്ത
വഴിയാത്രക്കാർ.



# അനാഥത്വം



സുഭാഷ് പോണോളി.

അനാഥത്വത്തിലുഴറുമ്പോൾ
നെഞ്ചിൽ
ഒഴുകിയയൊരു കടൽ
അതിരുകളില്ലാത്ത കറുപ്പാഴങ്ങളിൽ
മുങ്ങിപ്പോയ
കയ്പ്പിന്റെ കണികയിൽ ചുംബിക്കും.

ആകാശങ്ങൾക്കു മീതെ മരവിപ്പിന്റെ
പിഞ്ഞിപ്പോയ ഓർമ്മകമ്പളങ്ങളിൽ
മുഖമമർത്തി കരയും.

വേദനയുടെ വൻമരങ്ങളിൽ നിന്ന്
ഏകാന്തതയുടെ ഇത്തിൾകണ്ണികൾ
തലച്ചോറിൽ വേരു പടർത്തും.

ആളൊഴിഞ്ഞ കടവിലാരും
കാത്തുനില്ക്കാനില്ലയെന്നറിയുമ്പോൾ
വിതുമ്പലുകളുടെ വേലിയേറ്റങ്ങളിൽ
മനസ്സിൽ
മരുക്കാടുകൾ പടർന്നുകയറും.

ഒരമ്മയുടെ കൈകളിലെ സ്ഫടിക
പാത്രങ്ങളിൽ തന്റെ സ്വപ്ന
തേൻതുള്ളികൾ
നിറഞ്ഞുകവിഞ്ഞതായി തോന്നും.

പിതാവിന്റെ തലോടലിനായി മോഹിച്ച്
ആശ്വാസത്തിന്റെ നെറുകയിൽ
കൂടുകൂട്ടാൻ കിളികൾ
പറന്നെത്തുംപോലെ തോന്നും.

ആശ്രയമറ്റ കൈകൾ നീട്ടി
ദൈവത്തിന്റെ സാക്ഷിക്കൂട്ടിൽ
സത്യം മാത്രം പറയാതെ കണ്ണീർ വാർക്കും.

കണ്ണിലെ രോഷാഗ്നിയിൽ
വിണ്ണിൽ തീർത്ത പറുദീസകൾ
കത്തി തീരും.

ദുരിതപാനങ്ങളിൽ ചോരച്ചുവപ്പിൻ
മന്ത്രാക്ഷരങ്ങൾ
ഉറക്കമില്ലാത്ത രാത്രികളിൽ
ചെവിയിൽ അലയടിക്കും.

ഉഷ്ണമാപിനിയുടെ അളവുപാത്രത്തിൽ
വെറുപ്പ് തുളുമ്പിനിറയും.

സ്നേഹമറ്റ തിരകളിൽ നിരാശയുടെ
നീരാളികൾ നൃത്തം ചെയ്യും.

വേനൽപ്പിശാചുകൾ വല കെട്ടിയ
നെഞ്ചിൽ സ്മരണകളില്ലാതെ
നരകത്തിലെ തീ ആളിപ്പടരും.

തീക്കുണ്ഡങ്ങൾ വിഴുങ്ങിയയൊരാത്മാവ്
നിലാവില്ലാത്ത രാത്രിയെ ഉമ്മവെയ്ക്കും.



# കോടതിയിൽ കാവിക്കൊടി?



ഫ്രാങ്കോ ലൂയിസ്

** കേരള ഹൈക്കോടതി ജഡ്ജിമാർക്കു നൽകാനെന്നു പറഞ്ഞു ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയ അഭിഭാഷക സംഘടനാ നേതാവിനെതിരേ നടപടികൾ. ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ നിർദേശാനുസരണം ഉന്നതതല അന്വേഷണമാണു നടക്കുന്നത്.*

**2002 ലെ ഗുജറാത്ത് കൂട്ടക്കുരുതിക്കു പിറകിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആസൂത്രണമുണ്ടെന്നാണ് ബ്രിട്ടീഷ് സർക്കാരിന്റേയും ബിബിസിയുടേയും ആരോപണം. വാർത്തയ്ക്ക് ഇന്ത്യയിൽ അപ്രഖ്യാപിത നിരോധനമാണ്. കഴിഞ്ഞ വർഷം സുപ്രീം കോടതി പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കും ക്ലീൻ ചിറ്റ് നൽകിയ കേസാണ് ബിബിസി കുത്തിപ്പൊക്കിയത്.*

**നീ**തിപീഠങ്ങളെ സംശയ നിഴലിൽ നിർത്തുന്ന ഇത്തരം വാർത്തകൾ പെരുകുകയാണ്. ഇതിനിടയിലാണ് ജുഡീഷ്യറിയുടെ നിറുകയിൽ കാവിക്കൊടി നാട്ടാൻ ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ അവസാനവട്ട പോരാട്ടത്തിന് ഇറങ്ങിയിരിക്കുന്നത്. രണ്ടാം മോദി സർക്കാരിന്റെ അവസാന വർഷമായ ഇക്കൊല്ലംതന്നെ നീതിപീഠങ്ങളെ കാവിപുതപ്പിക്കാനാണു ശ്രമം.

മറ്റെല്ലാ ഭരണ സംവിധാനങ്ങളേയും കാൽച്ചുവട്ടിലാക്കിയ നരേന്ദ്രമോദി – അമിത് ഷാ ഭരണം, നീതിന്യായവ്യവസ്ഥയെ പടിപടിയായി കൈപ്പിടിയിലാക്കിക്കഴിഞ്ഞു. ജനാധിപത്യത്തിന്റെ മൂന്നു ഭരണ സ്തംഭങ്ങളിൽ ഒന്നായ ലെജിസ്ലേച്ചറിനെ കോടികൾ വാരിയെറിഞ്ഞു വിലയ്ക്കു വാങ്ങാമെന്നു തെളിയിച്ചവരാണ് ഭരിക്കുന്നത്. കർണാടക, മധ്യപ്രദേശ്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം പണക്കൊതിയന്മാരായ കോൺഗ്രസ് എംഎൽഎമാരെ കോടികൾ നൽകി വിലയ്ക്കു വാങ്ങിയതു നാമെല്ലാം കണ്ടതാണ്.

എക്സിക്യൂട്ടീവ് എന്ന ഭരണനിർവഹണ വിഭാഗത്തിലെ സുപ്രധാന വകുപ്പുകളെയെല്ലാം നേരത്തെത്തന്നെ പാർട്ടി വേട്ടസംഘങ്ങളാക്കി മാറ്റി. സിബിഐ, എൻഫോഴ്സ്മെന്റ്, ആദായനികുതി വകുപ്പ് എന്നിവ മുതൽ സ്വയംഭരണാവകാശമുള്ള തെരഞ്ഞെടുപ്പു കമ്മീഷൻ, റിസർവ് ബാങ്ക്, കേന്ദ്ര സർവകലാശാലകൾ തുടങ്ങിയവ വരെയുള്ളവയെയെല്ലാം പാർട്ടി ചട്ടുകങ്ങളാക്കി.

ജനങ്ങൾക്കു നീതി നൽകേണ്ട ജുഡീഷ്യറി മാത്രമേ ഇനി ബാക്കിയുള്ളൂ. ജനാധിപത്യത്തിന്റെ നാലാം തൂണ് എന്നറിയപ്പെടുന്ന മാധ്യമങ്ങളിൽ വലിയൊരു വിഭാഗത്തേയും ബിജെപി വശത്താക്കിക്കഴിഞ്ഞതാണ്. ചുരുക്കം ചില മാധ്യമങ്ങളാണു വരുതിയിലാകാതെ ശേഷിക്കുന്നത്. കോടതികളേയും വശത്താക്കിക്കഴിഞ്ഞെന്നാണു രാജ്യത്തെ നീതിന്യായ മേഖലയിലുള്ളവരുടെ നിരീക്ഷണം. എല്ലാവരേയും അമ്പരപ്പിച്ചുകൊണ്ടാണ് ചില സുപ്രധാന കേസുകളിൽ തെളിവില്ലെന്ന വിലയിരുത്തലും വിധികളും നിരീക്ഷണങ്ങളുമെല്ലാം ഈയിടെ പുറത്തുവന്നത്. വിരമിക്കുന്ന ജഡ്ജിമാർക്കു രാജ്യസഭാംഗത്വവും വിവിധ കമ്മീഷനുകളുടെ അധ്യക്ഷ സ്ഥാനവും അടക്കമുള്ള പദവികൾ വാഗ്ദാനം ചെയ്തും ഭീഷണിപ്പെടുത്തിയും ജുഡീഷ്യറിയെ സ്വാധീനിച്ചെന്ന് ആരും പറയില്ല. പറഞ്ഞാൽ കോടതിയലക്ഷ്യമാകും.

ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരം കേന്ദ്ര സർക്കാർ സുപ്രീം കോടതി ജഡ്ജിമാരുടെ കൊളീജിയത്തിൽനിന്ന് തട്ടിയെടുക്കാനാണു നീക്കം. ഇഷ്ടക്കാരെ ജഡ്ജിയായി നിയമിച്ച് കേസുകളിൽ അനുകൂല വിധി സമ്പാദിക്കാൻ ഇതിലും മികച്ച കുറുക്കുവഴി വേറെയില്ല. ജഡ്ജി നിയമനം ആഗ്രഹിക്കുന്ന അർഹരും യോഗ്യരുമായ ജുഡീഷ്യൽ ഓഫീസർമാർക്കു പോലും നിയമനാധികാരിയായ സർക്കാരിനോടും അതിനു നേതൃത്വം നൽകുന്ന നേതാക്കളോടും വിധേയത്വം വേണ്ടിവരും. ഇങ്ങനെ രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ പാർട്ടി പോഷക സംഘടനയ്ക്കു സമാനമാക്കാനാണു നീക്കം.

ചിലരെ ജഡ്ജിമാരായി നിയമിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടെന്നു സുപ്രീം കോടതിയിലെത്തന്നെ ഒരു ജഡ്ജി വെളിപെടുത്തിയത് മാധ്യമങ്ങൾ മുക്കിക്കളഞ്ഞു. ജഡ്ജിമാരുടെ നിയമനത്തിനുള്ള കൊളീജിയത്തിന്റെ ശുപാർശകൾ അംഗീകരിക്കാത്ത കേന്ദ്ര സർക്കാരിനെതിരേയുള്ള കോടതിയലക്ഷ്യ ഹർജികൾ പരിഗണിക്കവേ, ജസ്റ്റീസ് സഞ്ജയ് കിഷാൻ കൗൾ അധ്യക്ഷനായ ബഞ്ചാണു ഞെട്ടിക്കുന്ന വിവ



രം പുറത്തുവിട്ടത്. കേന്ദ്ര സർക്കാർ ചില രെ ജഡ്ജിമാരായി നിയമിക്കാൻ ശുപാർശ ചെയ്തെങ്കിലും കൊളീജിയം അവരെ ജഡ്ജിപ്പട്ടികയിൽ ഉൾപെടുത്തിയില്ലെന്നും അദ്ദേഹം കേസ് പരിഗണിക്കവേ പറഞ്ഞു.

ജഡ്ജിമാരെ നിയമിക്കുന്ന സുപ്രീം കോടതി കൊളീജിയത്തിൽ സർക്കാരിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര നിയമ മന്ത്രി കിരൺ റിജ്ജു ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന് കത്തെഴുതി ആവശ്യപ്പെട്ടിരിക്കുന്നത്. സുപ്രീംകോടതി കൊളീജിയത്തിൽ കേന്ദ്ര സർക്കാർ പ്രതിനിധികളെയും ഹൈക്കോടതി കൊളീജിയത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധികളെയും ഉൾപ്പെടുത്തണമെന്നാണ് കേന്ദ്രത്തിന്റെ ആവശ്യം. നിയമനാധികാരം കൈവശപ്പെടുത്തിക്കൊണ്ട് നരേന്ദ്ര മോദി സർക്കാർ പാർലമെന്റിൽ പാസാക്കിയ ദേശീയ ജുഡീഷൽ നിയമന കമ്മീഷൻ ഭരണ ഘടനാ ഭേദഗതി നാലു വർഷം മുമ്പു സുപ്രീം കോടതി റദ്ദാക്കിയതാണ്. ഭരണഘടനാ വിരുദ്ധമെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി അതു റദ്ദാക്കിയത്. ഈ വിധി പാർലമെന്റിന്റെ പരമാധികാരത്തിലുള്ള കടന്നുകയറ്റമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ആരോപിച്ചിരുന്നു. ലോക്സഭാ സ്പീക്കർ ഓം ബിർലയും നിയമമന്ത്രി റിജ്ജുവും ഇതേ വാദം ഉന്നയിക്കുന്നു.

ജഡ്ജിമാരെ നിയമിക്കുന്നതിനു കൊളീജിയം നൽകിയ 114 ശുപാർശകളിൽ രണ്ടരമാസത്തിലേറെയായി നടപടിയെടുക്കാത്തതിനെ സുപ്രീം കോടതി വിമർശിച്ചിരുന്നു. നിലവിൽ 331 ജഡ്ജിമാരുടെ ഒഴിവുകളുണ്ട്. ഹൈക്കോടതികളിൽ 147 ജഡ്ജിമാരുടെ നിയമന ശിപാർശകളിലാണു സർക്കാർ തീരുമാനമെടുക്കാത്തത്. നിയമനം നടത്താത്തതിനു സുപ്രീം കോടതി കൊളീജിയം സർക്കാരിനെ വിമർശിച്ചപ്പോഴാണ് നിയമനാധികാരം തങ്ങൾക്കു വേണമെന്നു ബിജെപി സർക്കാർ ആവർത്തിച്ച് ആവശ്യപ്പെട്ടത്.

സുപ്രീം കോടതി കൊളീജിയം നടത്തുന്ന ജഡ്ജിമാരുടെ നിയമനത്തിൽ പിഴവുകളുണ്ടെന്നും കേന്ദ്ര സർക്കാർ ആരോപിക്കുന്നു. അഞ്ചു വർഷത്തിനിടെ നിയമിതരായ ജഡ്ജിമാരിൽ 79 ശതമാനവും ഉയർന്ന ജാതിക്കാരാണ്. 2018 മുതൽ ഹൈക്കോടതികളിൽ നിയമിക്കപ്പെട്ട 537 ജഡ്ജിമാരിൽ 2.6 ശതമാനം മാത്രമാണ് ന്യൂനപക്ഷ വിഭാഗക്കാർ. പട്ടികജാതിയിൽപ്പെട്ടവർ 2.8 ശതമാനവും പട്ടികവർഗക്കാർ 1.3 ശതമാനവും മാത്രമാണ്. ജഡ്ജി നിയമനത്തിൽ സാമുദായിക സന്തുലനം വേണമെന്ന് ആവശ്യപ്പെട്ടും സർക്കാർ സുപ്രീം കോടതിക്കു കത്തയച്ചിരുന്നു.



## വ്യവഹാരക്കടൽ

രാജ്യത്തു വേണ്ടത്ര കോടതികളും ജഡ്ജിമാരും ഇല്ലെങ്കിൽ ജനങ്ങൾക്കു നീതി ലഭിക്കില്ല. ഇന്ത്യയിലെ കോടതികളിൽ നാലേമുക്കാൽ കോടി കേസുകളാണു കെട്ടിക്കിടക്കുന്നത്. സുപ്രീം കോടതിതന്നെയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഇതിൽതന്നെ

ഒന്നേമുക്കാൽ ലക്ഷം കേസുകൾ 30 വർഷത്തിലേറെ പഴക്കമുള്ളവയാണ്. 87.4 ശതമാനം കീഴ്ക്കോടതികളിലും 12.4 ശതമാനം ഹൈക്കോടതികളിലുമാണ്. സുപ്രീംകോടതിയിൽ 70,000 കേസുകളാണ് കെട്ടിക്കിടക്കുന്നത്. ഇന്ത്യയിൽ ഒരു കേസ് തീർപ്പാക്കാൻ ശരാശരി 12 വർഷം കാത്തിരിക്കണമെന്നാണു 'ദക്ഷ് ഫൗണ്ടേഷൻ' നടത്തിയ പഠനത്തിൽ പറയുന്നത്. രാജ്യത്തെ ഏറ്റവും പഴക്കമുള്ള കേസ് ഈയിടെ കൊൽക്കത്ത ഹൈക്കോടതിയാണ് തീർപ്പാക്കി. 72 വർഷം പഴക്കമുള്ള കേസാണ് തീർപ്പാക്കിയത്. വാദിയും പ്രതിയുമെല്ലാം മരിച്ചുപോയിട്ടു കേസു തീർപ്പാക്കുന്നതിൽ എന്തർത്ഥമാണുള്ളത്.

'വൈകുന്ന നീതി, നീതിനിഷേധത്തിനു തുല്യ'മാണെന്നാണു ഭരണഘടന നമ്മെ പഠിപ്പിക്കുന്നത്. പക്ഷേ, നീതി ലഭിക്കാൻ പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ട അവസ്ഥയാണ്. വ്യവഹാര ബാഹുല്യവും വ്യവഹാരങ്ങൾ അതിവേഗം കൈകാര്യം ചെയ്യാൻ വേണ്ടത്ര കോടതികളിൽ ഇല്ലാത്തതുമാണു ഈ നീതിനിഷേധത്തിനു കാരണം. പ്രോസിക്യൂഷനും അഭിഭാഷകരും കേസ് നീട്ടിക്കൊണ്ടുപോകാൻ നടത്തുന്ന ഗൂഢതന്ത്രങ്ങൾ വേറെ. നീതിദേവതയുടെ കനിവിനായി ആവലാതിക്കാർ എത്തുന്ന കോടതികളിലെ സൗകര്യങ്ങളാകട്ടേ നരകതുല്യവുമാണ്. പരാതിക്കാരനോ സാക്ഷിക്കോ ഇരിപ്പിടംപോലുമില്ല. രാവിലെ മുതൽ വൈകുന്നേരം വരെ വരാന്തയിൽ കുത്തിക്കെട്ടി നിൽക്കുകയെന്ന മനുഷ്യത്വരഹിതമായ ശിക്ഷ ഭയന്നുകൊണ്ടാണ് കേസുകളിൽ സാക്ഷിയാകാൻപോലും എല്ലാവരും വിസമ്മതിക്കുന്നത്.

പണമില്ലാത്തവനു നീതി പരുങ്ങലിലാണ്. കീഴ്ക്കോടതികളിൽ പതിനായിരങ്ങളാണ് അഭിഭാഷകരുടെ ഫീസ്. ഹൈക്കോടതിയിൽ ലക്ഷങ്ങൾ മുടക്കണം. സുപ്രീംകോടതിയുടെ വിശേഷം പറയാനുമില്ല. കീഴ്കോടതിയിൽ അഭ്യർത്ഥിച്ചാൽ ലീഗൽ സർവീസസ് അതോറിറ്റി മുഖേന സൗജന്യ സേവനം ലഭ്യമാക്കുമെന്നെല്ലാമാണ് നീതിപീഠത്തിലെ മേലധികാരികൾ പറയുന്നത്.

## കോടതിയിലെ കോഴ

കേരള ഹൈക്കോടതിയിലെ ജഡ്ജിമാർക്ക് എന്ന പേരിൽ അഭിഭാഷകൻ സിനിമാ നിർമാതാവിൽനിന്ന് ലക്ഷങ്ങൾ കോഴപ്പണം വാങ്ങിയെന്ന സംഭവത്തിൽ അന്വേഷണം പൊടിപൊടിക്കട്ടെ. ഇത്തരം സംഭവങ്ങൾ പുറത്തുവരാത്തവയാണ്. ചുരുക്കം ചില അഭിഭാഷകർ കക്ഷികളുടെ കൈയിൽനിന്ന് കോഴപ്പണമെന്ന പേരിലടക്കം ലക്ഷങ്ങളാണു കൈപ്പറ്റുന്നത്.

ചില അഭിഭാഷകരും ജഡ്ജിമാരും തമ്മിൽ അതീവ രഹസ്യമായി അവിശുദ്ധ കൂട്ടുകെട്ടുണ്ടെന്ന ആരോപണം പുതിയതല്ല. ജഡ്ജിമാരിൽ പകുതി പേർ അഴിമതിക്കാരാണെന്നു മുൻ കേന്ദ്ര നിയമമന്ത്രി ശാന്തി ഭൂഷൺ ആരോപിച്ചിരുന്നു. അഴിമതിക്കാരായ ഒൻപതു മുൻ ജഡ്ജിമാരുടെ വിവരങ്ങൾ തരാമെന്ന് അറ്റോർണി ജനറലായിരുന്ന കെ.കെ. വേണുഗോപാൽ സുപ്രീം കോടതിയിൽ വെളിപ്പെടുത്തിയിരുന്നു. വേണുഗോപാലിനെക്കൊണ്ട് കൂടുതൽ

പറയിക്കാൻ കോടതി അനുവദിച്ചില്ല. ജഡ്ജിമാർക്കെതിരേ സ്ത്രീപീഡന പരാതികളും ഒതുക്കിത്തീർത്തതു നാം കണ്ടതാണ്.

ജഡ്ജിമാരുടെ അഴിമതി സംബന്ധിച്ചു ലഭിച്ച 1,622 പരാതികൾ സുപ്രീംകോടതി ചീഫ് ജസ്റ്റീസിന് അയച്ചെന്ന് കേന്ദ്ര നിയമമന്ത്രി കിരൺ റി ജിജു രണ്ടു വർഷംമുമ്പ് പാർലമെന്റിൽ പറഞ്ഞിരുന്നു. ഈ പരാതികളിൽ നടപടിയൊന്നും ഉണ്ടായില്ല.

## വീഴരുത്, ചാണകക്കുഴിയിൽ

ജനാധിപത്യത്തെ സംരക്ഷിക്കാനും ജനാധിപത്യത്തിലേയും സാമൂഹ്യ വ്യവസ്ഥയിലേയും തിന്മകൾക്കെതിരേ നീതിയുക്തം നടപടിയെടുക്കാനുമുള്ള ജുഡീഷ്യറിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ആവശ്യമാണ്. ജനാധിപത്യവും സാമൂഹ്യ സുരക്ഷിതത്വവും നീതിയും പുലരണമെങ്കിൽ ജനാധിപത്യത്തിലെ സുപ്രധാന സ്തംഭമായ ജുഡീഷ്യറിക്കു സ്വതന്ത്രമായി വിചാരണ ചെയ്യാനും വിധിക്കാനും ആകണം. ജഡ്ജിമാരെ നിയമിക്കാനും സ്ഥലം മാറ്റാനും സ്ഥാനക്കയറ്റം നൽകാനുള്ള അധികാരം പ്രധാനമന്ത്രിയുടെ ഓഫീസിനോ ഭരിക്കുന്ന പാർട്ടിയുടെ പ്രസിഡന്റിനോ നൽകിയാൽ ജുഡീഷ്യറി ചാണകക്കുഴിയിൽ വീണതുപോലെയാകും. വീഴാതെ പരിപാലിക്കാൻ ഓരോ പൗരനും ജാഗ്രത പുലർത്തണം. കോടതികൾക്കു മുകളിൽ കാവിക്കൊടിയല്ല, ദേശീയപതാകതന്നെ പാറട്ടെ.



**ഇന്ത്യൻ സംഗീതരംഗത്തിന് അത്യാഹ്ലാദം സമ്മാനിച്ചുകൊണ്ടാണ് പുതുവർഷം എത്തിയത്. ആർആർആർ എന്ന ചിത്രത്തിലെ നാട്ടു നാട്ടു എന്ന പാട്ട് സംഗീത സംവിധായകൻ എം.എം. കീരവാണിക്ക് ഗോൾഡൻ ഗ്ലോബ് അവാർഡ് നേടിക്കൊടുത്തു. ഓസ്കർ നോമിനേഷനും ക്രിട്ടിക്സ് ചോയ്സ് അവാർഡും പിന്നാലെ. പാട്ടിനെക്കുറിച്ച് ഗായകനും കീരവാണിയുടെ മകനുമായ കാല ഭൈരവയുടെ വാക്കുകൾ കേൾക്കാം...**



# അനന്യതയിൽ അലിയുന്ന സംഗീതം




**തേജശ്രീ**

ഇന്ത്യ ഒരു ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ കളിക്കുമ്പോൾ അത് എങ്ങനെ ടെലിവിഷനിൽ കാണുമോ അതേപോലെയാണ് ഞങ്ങൾ ഗോൾഡൻ ഗ്ലോബ് അവാർഡ് നിശ കണ്ടത്. ഇന്ത്യയ്ക്ക് ജയിക്കാൻ ഒരേയൊരു പന്ത് ശേഷിക്കുമ്പോൾ ഉണ്ടാകുന്ന ഉദ്വേഗം. ജയിക്കുമ്പോൾ ഉണ്ടാകുന്ന ആവേശാതിരേകം... കാലഭൈരവയ്ക്ക് ആ നേട്ടത്തെക്കുറിച്ചു പറയുന്ന വിശേഷണങ്ങൾ ചുരുക്കാനാവുന്നില്ല. അത്രയ്ക്കുണ്ട് ആ ത്രിൽ.

ഗോൾഡൻ ഗ്ലോബ് അവാർഡ് നേടിയ നാട്ടു നാട്ടു എന്ന പാട്ട് രാഹുൽ സിപ്ലിഗുഞ്ചിനൊപ്പം പാടിയത് കാല ഭൈരവയാണ്- സംഗീതസംവിധായകൻ എം.എം. കീരവാണിയുടെ മകൻ. പാട്ട് ഓസ്കർ നോമിനേഷൻ നേടുമ്പോഴും സമാനമായ ആവേശത്തിലാണ് ഭൈരവ.

## പാട്ടുണ്ടായത് രണ്ടു വർഷംകൊണ്ട്

അധികംപേർക്കും അറിയാത്ത ഒരു കാര്യമുണ്ട് നാട്ടു നാട്ടു എന്ന പാട്ടിനു പിന്നിൽ. രണ്ടു വർഷത്തിലേറെ നടത്തിയ കഠിന പരിശ്രമംകൊണ്ടാണ് ആ ഈണമുണ്ടായത്. കാല ഭൈരവ പറയുന്നു: ശരിയാണ്, രണ്ടര വർഷമെടുത്തു നാട്ടു നാട്ടു എന്ന പാട്ടുണ്ടാക്കാൻ. ആർആർആർ സിനിമയിൽ മറ്റൊരു പാട്ടുണ്ട്- കോമുരം ഭീമുഡോ എന്ന ആ പാട്ടും നീണ്ട നാളത്തെ ജോലിയുടെ ഫലമാണ്. എന്തുകൊണ്ട് പാട്ടുകൾക്ക് ഇത്രയും സമയം വേണ്ടിവന്നു എന്നു ചോദിച്ചാൽ കൃത്യമായ ഉത്തരമുണ്ട്. ഇനിയും നന്നാവാൻ ഉണ്ട് എന്ന തോന്നൽ തന്നെയാണ് പ്രധാന കാരണം. ഒരു പാട്ടിനുതന്നെ നിരവധി ഈണങ്ങൾ ഒരുക്കാറുണ്ട്. ഈ പാട്ടിൽ ജോലി തുടർന്നുകൊണ്ടിരിക്കേ പാട്ട് ഇനിയും നന്നാക്കാനുള്ള ആശയങ്ങൾ വന്നുകൊണ്ടേയിരുന്നു. പാട്ടു പകരുന്ന ഭാവങ്ങൾ നന്നാക്കാൻ, ക്വാളിറ്റി കൂട്ടാൻ, കൂടുതൽ ആവേശകരമാക്കാൻ, പെട്ടെന്ന് മനസിൽ കയറിക്കൂടുന്നതാക്കാൻ... അങ്ങനെയങ്ങനെ...

ആശയങ്ങൾ വരുന്നതിനൊപ്പം ജോലിയെടുക്കാനുള്ള സാഹചര്യവുമുണ്ടായിരുന്നു. പാട്ടിന്റെ രംഗം ഷൂട്ട് ചെയ്തശേഷം എഡിറ്റിംഗിനിടെ വീഡിയോ കണ്ടപ്പോഴും ഓഡിയോയിൽ എങ്ങനെ ഇനിയും മികവു കൂട്ടാം എന്നായിരുന്നു ചിന്ത. ദൃശ്യങ്ങൾക്കൊപ്പം എത്ര ഭംഗിയായി ശബ്ദം കേൾക്കുന്നുവെന്നതും പ്രധാനമാണല്ലോ. ഇങ്ങനെയെല്ലാം പാട്ടിനു കൂടുതൽ സമയമെടുത്തു.

എല്ലാ വശങ്ങളിൽനിന്നും കൂടുതൽ മികവു കലർത്തി. ഈണം, പ്രോഗ്രാമിംഗ്, ഉപകരണ അറേഞ്ച്മെന്റ്, ഗായകരുടെ ആലാപനം- നിരന്തരം പുതുക്കലും മെച്ചപ്പെടുത്തലും വന്നു. പാട്ടിന്റെ വഴിയിൽ ഉടനീളം അതുണ്ടായിരുന്നു.




## സ്വാധീനിച്ചത് ഹിന്ദി പാട്ടുകൾ

കാല ഭൈരവ ഹിന്ദി പാട്ടുകൾ കേട്ടാണ് വളർന്നത്. 2002 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ തന്റെ സ്കൂൾകാലത്ത് ദിവസേന ഏതാണ്ടു രണ്ടു മണിക്കൂർ യാത്രയുണ്ട്. ആ കാലമത്രയും ബോളിവുഡ് സിനിമാപ്പാട്ടുകൾ കേൾക്കുമായിരുന്നെന്ന് ഭൈരവ പറയുന്നു. പ്രീതം, ശങ്കർ എഹ്സാൻ ലോയ് ത്രയം, അമിത് ത്രിവേദി എന്നിവരുടെ പാട്ടുകളോട് കൂടുതൽ പ്രിയമുണ്ട്. പ്ലേ ലിസ്റ്റിൽ നിറഞ്ഞുനിന്നത് ഇവരുണ്ടാക്കിയ പാട്ടുകളാണ്. ബാഹുബലി- ദ ബിഗിനിംഗിൽ നീതി മോഹനൊപ്പം ഘോയാ ഹേ എന്നു തുടങ്ങുന്ന പാട്ടു പാടിയത് കാല ഭൈരവയാണ്.



**ഒറിജിനലാവുക, തിരിച്ചറിയപ്പെടുക**

സ്വന്തം സൃഷ്ടികളുടെ പേരിൽ തിരിച്ചറിയപ്പെടുകയാവണം ഏതൊരു കലാകാരന്റെയും ലക്ഷ്യമെന്ന അഭിപ്രായമാണ് കാലഭൈരവയ്ക്ക്. സ്വയവും സ്വന്തം കലയോടും ഏതൊരു കലാകാരനും ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം അനന്യത കാത്തുസൂക്ഷിക്കുക, ഒറിജിനൽ ആയിരിക്കുക എന്നതാണ്. വിജയം നേടാനോ, സാമ്പത്തിക നേട്ടമുണ്ടാക്കാനോ എന്തിനെയെങ്കിലും അനുകരിക്കുന്നതിൽ ഒരു കാര്യവുമില്ല. മിമിക്രി ചെയ്തിട്ടു നേടാൻ ഒന്നുമില്ല. നിങ്ങളെ നിങ്ങൾതന്നെയായി അറിയപ്പെടുന്നതാണ് ഏറ്റവും നല്ലത്. ആ അനുഭവത്തിനെ മറ്റൊന്നുമായും താരതമ്യം ചെയ്യാൻ സാധിക്കുകയുമില്ല- ഭൈരവ പറയുന്നു.




**പിറക്കുമോ പുതുചരിത്രം...**

അടുത്തമാസം 12ന് ഓസ്കർ അവാർഡുകൾ പ്രഖ്യാപിക്കുമ്പോൾ നാട്ടു നാട്ടു വീണ്ടും ചരിത്രം സൃഷ്ടിക്കുമോ എന്ന് ഉറ്റുനോക്കുകയാണ് പാട്ടിന്റെയും ചിത്രത്തിന്റെയും അണിയറക്കാരും സംഗീത പ്രേമികളും. ഗോൾഡൻ ഗ്ലോബ് പുരസ്കാര നേട്ടത്തിനു നെറുകയിൽ നിൽക്കുമ്പോഴാണ് പാട്ടിനെത്തേടി ഓസ്കർ നോമിനേഷൻ എത്തിയത്. ഞങ്ങൾ ചരിത്രം കുറിച്ചിരിക്കുന്നു എന്ന വിശേഷണത്തോടെയാണ് ആർആർആർ ടീം ഈ വാർത്ത സോഷ്യൽ മീഡിയയിൽ അവതരിപ്പിച്ചത്. ഒറിജിനൽ സോംഗ് വിഭാഗത്തിലാണ് നാമനിർദേശം.

ആരെയും ചുവടുവയ്പ്പിക്കുന്ന ആവേശം പകരുന്നതാണ് നാട്ടു നാട്ടുവിന്റെ ഈണം. വിവിധ ഭാഷകളിൽ പാട്ടു പുറത്തിറങ്ങി. യുട്യൂബിൽ ഇതുവരെ 144 മില്യണിലേറെ തവണ ഈ പാട്ട് പ്ലേ ചെയ്തിട്ടുണ്ട്. മറ്റു ചാനലുകളിലായി അതിന്റെ എത്രയോ ഇരട്ടിയും. ഗൂസ്ബംബ്സ് എന്നാണ് പാട്ടുകേൾക്കുന്നവരിൽ ഭൂരിഭാഗത്തിന്റെയും പ്രതികരണം. രോമാഞ്ചം എന്നുതന്നെ!

കവിത

# ഓർക്കുന്നേയില്ല.



ഓർമയിൽ ഇപ്പോഴുമുണ്ട്
90 കളിലെ ബോംബെ
ഗേറ്റ് ഓഫ് ഇന്ത്യ
വി ടി സ്റ്റേഷൻ
കൊലാബ- വുഡ്ഹൌസ് റോഡിൽ
പാട്ടപെറുക്കുന്ന
മാജി
നരിമൻ പോയന്റ്ലെ ബോസ് ആന്റിയും
അതിനടുത്തുള്ള പാർക്കും
പാർക്കിലെ
ഇരുട്ടിൽ നിന്ന് കയറിവരുന്ന പ്രവീണിന്റെ
ശുക്ലമണമുള്ള
ക്ളീൻഷേവ് മുഖവും,
ചുവന്ന ചുണ്ടുകളും

എലഫെന്റ് ദ്വീപ് കാണാൻ പോയി വരുന്ന
അറബികളിൽ നിന്ന് പെറുക്കിയെടുത്ത 'കൈഫഹാലക്ക് '
താജ് ഹോട്ടലിന്റെ പിന്നിലെ ചെരിഞ്ഞ കൽതൂണിന്റെ രൂപം,
കൊത്ത്പണികൾ

പ്രാവിൻ കൂട്ടത്തിൽ നിന്നെടുത്ത പഴയ ഫോട്ടോ
കസ്റ്റമറുടെ ബെഡ്റൂമിൽ
നിന്നടിച്ചു മാറ്റി
സോനം സമ്മാനിച്ച
ബ്റൂട്ടിന്റെ പച്ചക്കുപ്പി,
അവളുടെ ടാൽക്കം പൗഡർചിരി

നിർത്താതെ പെയ്ത് പട്ടിണി കിടത്തിയ മഴയും
ബോസ് ആന്റിയുടെ വീട്ടിലെ ടെലിവിഷനിൽ കണ്ട
പുളച്ചിലിലെ മേനിയഴകും
അവരുടെ കണ്ണിൽ കുറുകിയ കാമപ്പിറാവും

പനിച്ചു വിറച്ച രാത്രി
ചേർത്തു കെട്ടിപ്പിടിച്ച
കാജോളിന്റെ കരവലയത്തിന്റെ ചൂട്
മോത്തി ബയ്യയുടെ വാക്കുകൾക്കുള്ള
പാൻ പരാഗ് ഗുഡ്കയുടെ ഛർദിലുമണം

പൂക്കാരി ഡോണയും
അവളുടെ പൂക്കൊട്ടയിൽ വണ്ടി കയറ്റിയ
വെളുത്ത് തടിച്ച സേട്ടുവിന്റെ അഹന്തമൂത്ത മോന്തയും
അന്യായം ചോദിച്ചതിന്
കിട്ടിയ അടിയുടെ വേദന
ചോര പുരണ്ട ഹോക്കി സ്റ്റിക്ക്

മറന്നിട്ടില്ല ഒന്നും
പക്ഷെ, ഓർക്കുന്നേയില്ല
എന്റെ കൂടെ അന്നുണ്ടായിരുന്നവരുടെ
മതമേതായിരുന്നു വെന്ന്.



ബഷീർ മുളിവയൽ

കവിത



# കഥയുടെ മുത്തശ്ശി വഴികളിൽ ഒരു വിത്ത്



സോണിവർഗീസ് വാരനാട്

ആർദ്രമായൊരു ചിറകിൽ പറ്റിപ്പിടിച്ച്
ദിക്കറിയാതൊഴുകുന്ന കാറ്റിനോട് ലയിച്ചു ചേരവെ
അനാഥനായ വിത്ത് തന്റെ മുൻതലമുറകളുടെ
തിരുശേഷിപ്പുകളിലേക്ക് കണ്ണോടിച്ചു.

ഇഴമുറിയാതെ തുന്നിയ മഴവിരിപ്പുകളിൽ
ഉന്മാദം പൂണ്ടുയിർത്ത പെരുങ്കളിയാട്ടങ്ങൾ.
പുഴയുടെ നിമ്നോന്നതങ്ങൾ ചുരത്തിയ മദഗന്ധങ്ങളിൽ
നനഞ്ഞുണർന്ന വേരുകളുടെ രതിമന്ത്രങ്ങൾ.
ശ്യാമയാമംബരം ചുറ്റിയെത്തുന്ന
ഗ്രാമകന്യ തൻ മണിയറഗീതങ്ങൾ.
ഉയിരിന്റെ തുടിപ്പിലൊക്കെയും
നിറഞ്ഞ പുതുമണ്ണിൻ
നിശ്വാസവേഗങ്ങൾ.

ഭൂതകാലത്തിൻ തിരമാലകളാർക്കുന്നുവെങ്കിലും
വർത്തമാനത്തിൻ മണൽപ്പുറം മായാത്ത
നഖചിത്രങ്ങളിൽ പിടഞ്ഞു കൊണ്ടേയിരുന്നു.
കഥയുടെ മുത്തശ്ശിവഴികളിൽ വിത്തിന്റെ
കണ്ണുകൾ ആരെയോ തേടിക്കൊണ്ടിരുന്നു.

ഒരു മൂർച്ചയിൽ ചന്ദനഗന്ധിയുടെ മാറ് പിളർന്നതും,
ഒരു മിന്നലിൽ പാലയുടെ ഗർഭമലസിയതും,
ഒരു പിടച്ചിലിൽ  ഹരിതകിടാത്തന്റെ ശിരസ്സറ്റതും,
ഒരു വിഷധൂമധാരയിൽ ഒരു പാട് ശവമഞ്ചങ്ങൾ നിരന്നതും,
കഥയുടെ രസനയിൽ അമ്ലം പുരട്ടുന്നു.

അറിയാതെ മുത്തശ്ശി കിതച്ചു പോകുമ്പോൾ
കഥകൾക്ക് ഊടില്ലാതെയാകുന്നു,പാവുമില്ലാതെയാകുന്നു
ഇനിയെവിടെ പൊട്ടിമുളയ്ക്കണമെന്നറിയാതെ
വിത്തിന്റെ യാത്രകൾ തുടർന്നു കൊണ്ടേയിരുന്നു...

# പാണ്ടിപ്പള്ളി നേർച്ച



യൂസഫ് നടുവണ്ണൂർ

പാണ്ടിപ്പള്ളി നേർച്ചപ്പറമ്പിന്
ബിരിഞ്ചിച്ചോറ് വിളമ്പുന്ന
വാട്ടിയ വാഴയില മണമാണ്
കുത്ത് റാത്തീബിന്റെ താളമാണ്
വയനക്കാ*രുടെ മൊഞ്ചാണ് !

നരമ്പനകുളം കുളിച്ചൊരുങ്ങി
വെയിൽപ്പുടവ ഞൊറിഞ്ഞു
കണ്ണാടിക്കണ്ണിണയിൽ
കരിമഷിയെഴുതി
നീരുറവക്കൈയ്യിൽ കുപ്പിവളയിട്ടു
കുളുർനെറ്റിയിൽ ചന്ദനം തൊട്ടു
കരിക്കിടിക്കുളത്തെ കൂട്ടു വിളിച്ചു

കൊടോളിത്താഴ പുഞ്ചവയൽ കടന്ന്
കുനിയിൽ തെങ്ങിൻതോപ്പു താണ്ടി
പുതുക്കുടിത്താഴ കടവു കടന്നാൽ
നേർച്ചപ്പറമ്പിന്നിരമ്പം കേൾക്കാം

കാക്കപ്പൂവിനോട് കൈ വീശി
വെള്ളയുടുപ്പിലെ ചെളികഴുകും
കൊറ്റിപ്പെണ്ണിനോടു നേരം ചോദിച്ച്
കളപറിയ്ക്കും കുളക്കോഴിയോട്
വൈകിയെന്ന് പരിഭവം പറഞ്ഞ്
നിഴൽനീളം നോക്കി വേഗം നടന്നു

നിനയ്ക്കാത്ത നേരത്ത്
കടവത്തൊരു കാർമേഘമിരുണ്ടു
നരമ്പന കുളത്തിന്റെ മുഖം കറുത്തു
കരിക്കിടി കൈ പിടിച്ചമർത്തി
നടന്നു പോകും ഇടവഴിയോരത്തും
തൊഴുതു മടങ്ങും സന്ധ്യാ നേരത്തും

രാമമ്പുഴ തുറിച്ചു നോക്കി നിൽക്കാറുണ്ട്
തൊട്ടു നോക്കാൻ കൈ നീട്ടാറുണ്ട്
കണ്ണു കൊണ്ടുഴിയുന്നതറിയാറുണ്ട് !

നേർച്ചക്കാണേൽ
ഞാനുമുണ്ടെന്നു കനത്ത്
ആണധികാരം കൂടെ നടന്നു
കടുത്ത കണ്ണാൽ വേണ്ടെന്നുരച്ചു !

കടവിറങ്ങി നടക്കുമ്പോൾ
കരിവള വാങ്ങിതിരിഞ്ഞു
നോക്കുമ്പോൾ
യന്ത്രൂഞ്ഞാലിൽ
തല കറങ്ങിത്തിരിയുമ്പോൾ
മരണക്കിണർ നെഞ്ചിടിപ്പേറ്റുമ്പോൾ
നീയില്ലാതെ ഞാനില്ലെന്നെല്ലാം
ഓളംതല്ലി,യവൻ പിന്നാലെ നടന്നു

നേർച്ചപ്പറമ്പിലെ നേരുകൾ കണ്ട്
പാണ്ട്യുസ്താദ് മന്ത്രിച്ചൂതിയ
വെള്ളനൂലു കൈ നീട്ടി വാങ്ങി
ഇരുട്ടുടുത്ത രാത്രി നേർച്ച കാണാൻ
നിലാ വിളക്കുമായി വന്നു
തിരക്കിൻചാലിലൂടെ തിരിച്ചു നടന്നു

ആരാരും നീരീക്കാതെയാണ്
പുതുക്കുടിത്താഴ കടവിലാണ്
ചോരച്ചകണ്ണുമായ് പാഞ്ഞെത്തി
രാമമ്പുഴ തോണി മറിച്ചിട്ടത്
വെങ്ങളം കയത്തിൽ
ചവിട്ടിത്താഴ്ത്തിയാണ്
അവനവളോടുള്ള പ്രണയം തീർത്തത്

** വയനക്കാർ – ഉത്സവപ്പറമ്പിലെ ചെറു കച്ചവടക്കാർ (പ്രാദേശിക പ്രയോഗം)*



# ഇവിടെയില്ലല്ലോ!



രാജൻ സി എച്ച്

വീട്ടിൽ അച്ഛനില്ലാത്തപ്പോൾ
അച്ഛനെത്തേടി
വരുന്നവരോടൊക്കെ
അമ്മ പറയുമായിരുന്നു:
ഇവിടെയില്ലല്ലോ!

അച്ഛനില്ലാതായ ശേഷം
അമ്മ ആ വാക്കുകളുച്ചരിക്കുന്നതായി
കേട്ടിട്ടേയില്ല.

അവസാനം
ഓർമ്മയറ്റ് ആശുപത്രിക്കിടക്കയിൽ
കിടക്കുമ്പോളൊരിക്കൽ
നഴ്സ് ഓടി വന്നു പറഞ്ഞു:
അമ്മ അന്വേഷിക്കുന്നുണ്ടെന്നു തോന്നുന്നു.
എന്താണ് പറഞ്ഞതെന്നു
ചോദിച്ചപ്പോൾ
നഴ്സ് പറഞ്ഞു:
ഇവിടെയില്ലല്ലോ,യെന്നു
കേട്ടതായിത്തോന്നി.

ഓടിയകത്തെത്തുമ്പോഴേക്കും
അമ്മ ഇവിടെയില്ലാതായിക്കഴിഞ്ഞിരുന്നു.

അമ്മയെയന്വേഷിച്ചെത്തിയവരോടൊക്കെ
അത്രയേ പറയാനുണ്ടായിരുന്നുള്ളൂ:
ഇവിടെയില്ലല്ലോ!

കവിത



# ഉടയാടകൾ ഉരിയ്ക്കുമ്പോൾ



മനീഷ

മഞ്ഞച്ച വെയിൽ
ആർക്കും വേണ്ടാത്ത
വിളറിയ ചെടികളെ
പൊതിഞ്ഞു നിന്നു.
കനമില്ലാ കാറ്റ്,
ചേർത്തുപിടിക്കുന്ന
ശബ്ദങ്ങളെ
കാതിൽ ഉരസി.
ആകാശത്തോളം
വളർന്ന തെങ്ങിന്റെ
വളഞ്ഞ ഉടലിൽ
മഞ്ഞയും ചോപ്പും
ഉടുപ്പിട്ട
മരംകൊത്തി
ശില്പങ്ങൾ കൊത്തി.
തെങ്ങിൻ തലപ്പിൽ
തൂക്കണാം കിളി
കൂടുകൾ ആടി..
താഴെ ചതുപ്പിൽ
തലേന്ന് പെയ്ത
മഴ ഒരുക്കിയ
കുളത്തിൽ
മൈനകൾ
കുളിച്ചു കേറി
ആരോ കുടഞ്ഞിട്ട
മഷി ചിത്രം പോലെ
നീല പൊന്മാൻ
മീൻക്കൊത്തി
പറന്നു..
താപസിയുടെ
മുഖമുള്ള
തവിട്ടു നിറ കൊക്ക്
മാവിൻ തണലിൽ
തലകുമ്പിട്ടു
നിന്നു..
ചിലച്ചു കുതിച്ചു
മരത്തിൽ നിന്നും
മരത്തിലേക്ക്
അണ്ണാൻ കൂട്ടം.
എന്തിനോ വേണ്ടി
പായുന്ന മനുഷ്യരെ പോലെ..
അതൊരു
തുരുത്തായിരുന്നു.
മരങ്ങളുടെ,
മഞ്ഞ വെയിലിന്റെ
കിളികളുടെ,
അനാഥ ഹൃദയങ്ങളുടെ
സാമ്രാജ്യം..
വരുന്നവർക്കൊക്കെ
ഇടം നൽകുന്ന
വിശാലമനസ്ക്കരുടെ
ഭൂമിക..

യന്ത്രങ്ങളുടെ
മൂളൽ..
മാറ്റുകൂട്ടുന്ന
ആയുധങ്ങളുടെ
ശീൽക്കാരം
ആരോ വിളിക്കുന്നുണ്ട്
കാറ്റ് മൂളി..
എങ്ങോട്ടെന്നില്ലാതെ
കിളികൾ പറന്നു.
കുടിയൊഴിക്കപ്പെട്ട
മനുഷ്യരുടെ
മുഖമപ്പോൾ
അണ്ണാൻ കൂട്ടത്തിന്..

ഓരോ വെട്ടിലും
തൊലി ഉരിയുന്ന
മരങ്ങൾ കൂമ്പി.
കിളി കൊട്ടാരങ്ങൾ,
ശില്പങ്ങൾ മെനഞ്ഞ
മരയുടലുകൾ,
തേങ്ങി..
ആരോ വിളിക്കുന്നപോലെ

യന്ത്ര ശീൽക്കാരം
നിന്നു.
ഉടയാടയഴിഞ്ഞ
പെണ്ണ് പോൽ
മണ്ണ്
വെയിലിൽ
പൊരിഞ്ഞു.

പറമ്പിനറ്റത്ത്
ഏകയായ
പാല മാത്രം
ആരോ വിളിക്കുന്ന
പോലെ
തേങ്ങി..
വിശ്വാസം
കുത്തിവെക്കുന്ന
ഭയം
മനുഷ്യനിൽ
നിന്നും
കാത്തതാണ്
തന്റെ ഉയിരിനെ
എന്നറിയാതെ.

# ഞാനും മാറുന്നുണ്ട്



കാലമിങ്ങനെ കുതിച്ചു പായുമ്പോൾ
ഒപ്പമോടാതെ
ഞാനെന്തിനിങ്ങനെ
പോയ കാലം വഴിയിലുപേക്ഷിച്ചുപോയ
ജീർണതയിലേക്ക്
നോക്കി
സ്വയം എരിഞ്ഞടങ്ങണം....

ഞാനും മാറുന്നുണ്ട്
ഇനിയും വരികൾക്കു വേണ്ടി കാത്തു വച്ചൊരു കവിത
പൂർത്തിയാക്കാതെ തന്നെ
കീറിത്തുണ്ടമാക്കണം

ആരോ
ബാക്കി വച്ചു പോയ
ഇന്നലെയുടെ മുറിവുകളെല്ലാം
ഹൃദയത്തിന്റെ ഇരുട്ടറയ്ക്കുള്ളിൽ
വച്ച്
ഉണക്കിയെടുക്കണം

എന്നെങ്കിലുമൊരിക്കൽ
വഴി തെറ്റിയെങ്കിലും വരുമെന്നു കരുതിയൊരു ചന്ദ്രനിലാവിനെ
മേഘങ്ങൾക്കപ്പുറത്തേക്കു തന്നെ
തിരികെ അയക്കണം

പലവട്ടം നനച്ചു നന്നാക്കിയിട്ടും
ഒരു പൂമ്പൊടിപോലും
മണപ്പിക്കാത്ത ചെടികളെയെല്ലാം
വെട്ടിമാറ്റണം

ഇടയ്ക്കിടെ വന്ന് കുത്തിനോവിക്കാറുള്ള ഓർമത്തുണ്ട്
ഇനി തിരികെ എത്താത്തിടത്തേക്ക് വലിച്ചെറിയണം...

എങ്കിലും
ഒരപേക്ഷയുണ്ട്,
ഇതുവരെ എന്നെ വേദനിപ്പിച്ച
അകൽച്ചയുടെ മറകൾക്കിടയിലൂടെ
ഒരാശംസയുടെ തുണ്ട് നീട്ടി
ഇനിയും തിരികെ വിളിച്ചേക്കരുത്

വീണ്ടും
അടച്ചിട്ട ജനൽ തുറന്ന്
അനന്തതയിലേക്ക് നോക്കി നോക്കി
നിന്നു പോവും ഞാ ൻ....
ഒരു പക്ഷേ
വലിച്ചെറിഞ്ഞതെല്ലാം
തിരഞ്ഞു തിരഞ്ഞു നടന്നു എന്നുംവരും.....
പിന്നെ ഞാനെന്ന ഞാൻ
എങ്ങനെ മാറാനാണ്......?



ഹാജറ. കെ. എം



# രണ്ട് ചിത്രങ്ങൾ



കപിൽദേവ്

## ഉക്രൈൻ

കുരുന്ന് വിരൽ തുമ്പ് മുറിഞ്ഞു കിടപ്പുണ്ട്.
ആരുടേതാവാം
അമ്മ
തേടുന്നുണ്ടാവാം മുഖം ..........

## സയിദ് അൽ സഹദ.*

വെളുത്ത ചോക്കിൽ കഷ്ണം ചുവന്ന്
തെറിച്ചെന്റെ
ചുവരിൽ
ചെകുത്താന്റെ ചിത്രങ്ങൾ വരച്ചിട്ടു .

*** അഫ്ഗാനിൽ ഭീകരർ ബോംബിട്ട് തകർത്ത സ്കൂൾ .**

# എനിക്ക് വേണ്ടത്



അടയാത്ത ഉൾക്കണ്ണി -
ന്റെ ചോര ചീറ്റാത്ത
നേരാവണം.
നേരിന്റെ മെത്തയി-
ലൊന്നാവണം.

പറക്കും ചിറകിന്റെ
മേലെ പറക്കുവാൻ
കൂട്ടമായ് റാഞ്ചുന്ന
പരുന്താവണം!
ആഴങ്ങളറിയാതെ
മീതെ പുളയുന്ന
ചിതമ്പലുകളടരാത്ത
മീനാവണം!

കേട്ടറിവിന്റെ
പക്ഷം പറയാത്ത
നേരുള്ള പെണ്ണിന്റെ
നേരാവണം!

മൗനക്കനലിന്റെ
എരിതീയിലെരിയുന്ന
ഇറോം ഷർമിളയാ -
ണെന്റെ നായിക!



കയ്യുമ്മു കോട്ടപ്പടി



രാത്രിയിൽ
ഒരു തെരുവ് മാത്രം
ഒറ്റപ്പെട്ടുപോകുന്ന
ഒരു നഗരത്തിൽ
നിങ്ങൾ താമസിച്ചിട്ടുണ്ടോ...
ഇരുട്ട് മോന്തി
തെരുവ് വിളക്കുകൾ കത്താത്ത
ചേരികളിലേക്ക് ഇഴഞ്ഞുപോകുന്ന
ഇടവഴികളിലൂടെ നിങ്ങൾ
നടന്നിട്ടുണ്ടോ....
വെച്ചുപോകുന്ന കാലടികൾ
ശാപവാക്കുകൾ
തെറിവചനങ്ങൾ
അടക്കിപിടിച്ച ചിരികൾ
പെട്ടന്ന് നിശബ്ദമാകുന്ന
ഒരു കുഞ്ഞിന്റെ കരച്ചിൽ
നിങ്ങൾ കേട്ടിട്ടുണ്ടോ.....

അപരിചിതരെ കണ്ടാൽപോലും
വാലാട്ടി ഉൾവലിയുന്ന
ഒരു നായയുടെ പാരതന്ത്ര്യം
ശബ്ദമുണ്ടാക്കാതെ
അടയുകയും തുറക്കുകയും ചെയുന്ന
വാതിലുകൾ ഉള്ള മുറി
നിങ്ങൾ കണ്ടിട്ടുണ്ടോ...

ഉടലുരഞ്ഞ ഉഷ്ണത്തിലെ
വിയർപ്പിന്റെയും
മദ്യത്തിന്റെയും
ബീഡിപുകയുടെയും
ഗന്ധം കൂടികുഴഞ്ഞ
കാറ്റിനെ നിങ്ങൾ
ശ്വസിച്ചിട്ടുണ്ടോ...

ഇരുളിൽ ഒറ്റപ്പെട്ടുപോകുന്ന
ഇത്തരം തെരുവുകൾ
പകൽ താമസിച്ചാണ്
ഉണർന്നത് എന്നു
നിങ്ങൾക്കറിയുമോ...
ചിലപ്പോൾ പകൽ
മുഴുവനും ഉറങ്ങിയെന്നുമിരിക്കും.

# ഇരുളിലൊരു തെരുവ് അനാഥമാകുന്നു



ടി.എം.പ്രിൻസ്

കഥ

# ബൊസ്റ്റഡ്



ഷേർലി മണലിൽ

ടാപ്പിംഗ് കഴിഞ്ഞ് റബ്ബർപാൽ നേർപ്പിച്ച് ഫോർമിക് ആസിഡ് ആവശ്യത്തിന് കൂട്ടിയിളക്കി ഡിഷിലൊഴിച്ച് ഉറകൂടാൻവച്ച് തലേന്ന് അടിച്ച ഷീറ്റുകൾ പുകപ്പുരയിലെ അഴയിൽ ഒന്നുകൂടി തിരിച്ചിട്ട് ഇറങ്ങിയപ്പോഴേയ്ക്കും വെയിലിന് ചൂടുപിടിച്ചിരുന്നു. തലയിൽ കെട്ടിയ  തോർത്തെടുത്ത് മുഖവും കഴുത്തും അമർത്തിത്തുടച്ച് തോട്ടപ്പയർ തഴച്ചുപടർന്ന തോട്ടത്തിന്റെ അതിരിലെ കയ്യാലപ്പുറത്ത് ഇത്തിരി നേരം ഇരിക്കാമെന്നുവച്ചു ജോസപ്പൻ. ഇത് പതിവാണ്. ഇവിടിരുന്നാൽ താഴെ ഇരവിഴുങ്ങിയ പാമ്പിനെപ്പോലെ മയങ്ങിക്കിടക്കുന്ന ടാറിട്ടറോഡും വല്ലപ്പോഴും മാത്രം ഇഴഞ്ഞുകയറി വരുന്ന വണ്ടികളും കാണാം.

ഈ കയ്യാലക്കെട്ടിനെ തൊട്ടുരുമ്മി വളവു തിരിയുന്നിടം വലതുവശത്ത് തയ്യൽക്കാരി ശോശാമ്മച്ചേടത്തിയുടെ വീടിന്റെ അടുക്കളപ്പുറത്തെ അഴയിൽ അലക്കിയ തുണികൾ വിരിക്കുന്നു ജൂലിയ. കഴിഞ്ഞ കർക്കിടത്തിലാണ് അവളുടെ അപ്പൻ വർഗീസച്ചായൻ വെള്ളമടിച്ച് ഇടവഴിയിൽ ഉരുണ്ടുവീണ് കല്ലിൽ തലയിടിച്ച് മരിച്ചത്. അല്പപ്രാണിയായിരുന്നു.പ്ലസ് ടു കഴിഞ്ഞ് അമ്മയുടെ കൂടെ തയ്യൽ ജോലിയിൽ ഏർപ്പെട്ടിരിക്കയാണവൾ.രണ്ടു കറവപ്പശുക്കളുമായി അത്യാവശ്യം തയ്യലുമൊക്കെയായി വലിയ അല്ലലൊന്നുമില്ലാതെ കഴിഞ്ഞുകൂടുന്നുണ്ട്. വൈകുന്നേരം പുല്ലുചെത്താൻ അമ്മയുടെ കൂടെ പോകുന്ന അവൾ ഇടങ്കണ്ണിട്ട് തന്നെ നോക്കുന്നത് അവൻ കാണാറുണ്ട്. ഒച്ചകളുറങ്ങിക്കിടക്കുന്ന വീടിന്റെ ഊഷരത കളിൽ തളർന്നു മയങ്ങുമ്പോൾ വീശുന്നകുളിർക്കാറ്റാണ് അവനെ സംബന്ധിച്ച് ആ ഒളിനോട്ടം.

എന്തെങ്കിലും കഴിക്കാമെന്നു കരുതി വീട്ടിലെത്തിയപ്പോഴുണ്ട് കോര വല്യപ്പച്ചൻ  വീടിനു പിന്നാമ്പുറത്ത് ഒരുക്കിയിട്ടിരുന്ന കുഴിയിൽ ഏത്തവാഴക്കന്നുകൾ ഇറക്കിവയ്ക്കുന്നു. മുരടനക്കം കേട്ട് ഒന്നു തിരിഞ്ഞുനോക്കി പണി തുടർന്നു. അധി





കമാരോടും മിണ്ടുന്നതു കണ്ടിട്ടില്ല. എന്തെങ്കിലും ചോദിച്ചാൽ കഷ്ടിച്ച് മറുപടി പറഞ്ഞാലായി.

അടുക്കളയിലേയ്ക്കു നടക്കും വഴി അമ്മയുടെ മുറിയിലേയ്ക്കൊന്നെത്തിനോക്കി. രാവിലെതന്നെ കുളികഴിഞ്ഞിട്ടുണ്ട്. അവിടവിടെ വെള്ളി തെളിഞ്ഞു തുടങ്ങിയ നീണ്ടമുടിയിഴകൾ പുറത്തു ചിതറിക്കിടക്കുന്നു. അമ്മ ചിരിയ്ക്കുന്നതു കണ്ടിട്ടില്ല. വല്ലപ്പോഴും മുഖമുയർത്തി ഒന്നു നോക്കും. കൺതടങ്ങളിൽ എന്തൊക്കെയോ സങ്കടങ്ങൾ ഉറഞ്ഞുകൂടി കരിനീലച്ചു കിടക്കുന്നു. മുഖത്തുനോക്കാൻ അമ്മ ഭയപ്പെടുന്നതുപോലെ ജോസപ്പനു തോന്നിയിട്ടുണ്ട്. വെയിലാറുംനേരത്ത് സാറാമ്മച്ചി അമ്മയെ വിളിച്ചു കൊണ്ടുവന്ന് കിഴക്കേപ്പുറത്തെ മുറ്റത്തരികിലിട്ട വലിയ കല്ലിലിരുത്തും .മുടി ചിക്കിക്കൊടുക്കും. ഇരുട്ടു വീഴുംമുൻപ് മുറിയിലെത്തിക്കും. വല്ലാതെ നിറംമങ്ങി അടർന്നു തുടങ്ങിയ ഭിത്തിയിൽ വിരൽകൊണ്ട് അദൃശ്യ ചിത്രങ്ങൾവരയ്ക്കുന്ന അമ്മയെ ചങ്കുപൊടിയുന്ന സങ്കടത്തോടെ എത്രയോ തവണ ജോസപ്പൻ നോക്കിനിന്നിട്ടുണ്ട്. ചില നേരം മേൽക്കൂരയിലേക്ക് ഇമവെട്ടാതെ നോക്കിക്കിടക്കും. കൺകോണുകളിൽ നിന്ന് രണ്ടരുവികൾ പിൻകഴുത്തിനെ നനച്ചിറങ്ങി തലയിണയിൽ ലയിയ്ക്കും. വല്ലപ്പോഴും എളേമ്മമാർ വരുമ്പോൾ മാത്രമാണ് സാറാമ്മച്ചിയുടെ ശബ്ദം പോലും തിരിച്ചറിയുന്നത്.

തിരിച്ചറിവായ കാലംമുതൽ ജോസപ്പൻ ഈ കൊച്ചുവീടിന്റെ നിശ്ശബ്ദതയെ തൊട്ടറിയുന്നുണ്ട്. ആത്മബന്ധങ്ങളുടെ വളരെ ദുർബലമായ കണ്ണികളാൽ കോർത്തു വയ്ക്കപ്പെട്ടവർ അതിനുള്ളിൽ അനാഥത്വം പോലൊരു തീവ്രവേദന അനുഭവിയ്ക്കുന്നുണ്ടെന്നു തോന്നും.എല്ലാവരും ഉണ്ടായിട്ടും ആരുമില്ലാത്തവരെന്ന വൈരുദ്ധ്യം. ഏതോ അരുതായ്മകൾ ഈ കൊച്ചു വീടിനെ പ്രകമ്പനം കൊള്ളിയ്ക്കുന്ന പോലെ.

കളിയ്ക്കിടെയുണ്ടായ വാക്കുതർക്കം മൂത്തപ്പോൾ തന്തയില്ലാത്തവനേ എന്നു വിളിച്ച അജയനെ പിടിച്ചുനിർത്തി ചെകിട്ടത്തു രണ്ടെണ്ണം പൊട്ടിച്ച് പന്ത്രണ്ടാംക്ലാസ്സിൽ നിന്ന് ഇറങ്ങിപ്പോന്നതാണ്. പിന്നീട് ദാമോദരൻമുതലാളിയുടെ റബർ തോട്ടവും പുകപ്പുരയുമൊക്കെയായി ലോകം. ടാപ്പിംഗ് കഴിഞ്ഞുള്ള സമയം കിട്ടിയ ജോലികളെല്ലാം ചെയ്തു. കഴിയുന്നത്ര വീടിന്റെ ഇരുട്ടിൽ നിന്ന് അകന്നു നിൽക്കാൻ ശ്രമിച്ചു.

ദിവസങ്ങൾ കഴിയുന്തോറും അമ്മയെ ചതിച്ചവനെ കണ്ടുപിടിക്കണമെന്ന ചിന്ത കൂടിവന്നു. അയാൾ ആരായിരുന്നാലും തന്റെ അപ്പനാണെന്ന തോന്നൽ ഉണ്ടാവാതിരിയ്ക്കാൻ ആർദ്രതകളുടെ എല്ലാ ഉറവുകളും

അവൻ തുടക്കത്തിൽ തന്നെ അടച്ചു കളഞ്ഞു.

റബർതോട്ടത്തിലെ കരിയിലകൾക്കുമേൽ പോക്കുവെയിൽ പതുങ്ങിക്കിടന്നു. അടിവാരത്തു നിന്ന് കാർത്തിക ട്രാവൽസ് ഇഴഞ്ഞും വലിഞ്ഞും കയറി വരുന്നു. വെളുപ്പിന് നാലരയ്ക്ക് കോട്ടയം പോയിവരുന്ന വഴിയാണ്. ഒന്നരക്കിലോമീറ്ററപ്പുറം പാറക്കടവിൽ അവൾക്കും ജോലിക്കാർക്കും ഇനി വിശ്രമമാണ്.

വെയിൽ മങ്ങിത്തുടങ്ങി. ഇവിടെ കാത്തിരിക്കാൻ അജയൻ പറഞ്ഞിട്ടുണ്ട്. അന്നു വഴക്കിട്ടുപിരിഞ്ഞെങ്കിലും ഇന്ന് ജോസപ്പനു മിണ്ടാനുംപറയാനും അവനേയുള്ളു. സൗഹൃദത്തിന്റെ ഇത്തിരി മധുരം അവനിൽ ഇപ്പോഴും കിനിയുന്നുണ്ടെന്ന് ജോസപ്പൻ തിരിച്ചറിഞ്ഞിരുന്നു. അല്ലെങ്കിലും ഒറ്റപ്പെടലിന്റെ അങ്ങേത്തലയ്ക്കൽ നിന്ന് വിരൽനീട്ടുന്നവനെ മറ്റാരേക്കാളും വിശ്വസിക്കാമെന്ന് അവൻ എപ്പോഴോ മനസ്സിലാക്കിയിരുന്നു.

അജയൻ വന്നപ്പോഴേയ്ക്കും ഇരുട്ടിത്തുടങ്ങിയിരുന്നു. ആകാശം നക്ഷത്രങ്ങളൊന്നുമില്ലാതെ മൂടിക്കിടന്നു. തണുത്ത കാറ്റിനൊപ്പം ഉണങ്ങിയഇലകൾ അവരുടെ തലയ്ക്കു മീതെ പറന്നു പോയി. ഒരു മഴയ്ക്ക് കോളുണ്ട്. പടിഞ്ഞാറൻ ആകാശച്ചെരുവിൽ മിന്നൽവേരുകൾ പുളഞ്ഞിറങ്ങുന്നു.

”എന്താടാ നിനക്കെന്തേലും പറയാനുണ്ടോ? എന്തിനാ ഇവിടെ കാത്തിരിയ്ക്കാൻ പറഞ്ഞത്? ‘ മൂന്നു ബാറ്ററിലൈറ്റ് അവൻ അജയന്റെ മുഖത്തേയ്ക്കു തെളിച്ചു.

‘ഒന്നുമില്ലെടാ... പിന്നെ... ഓ ഒന്നുമില്ല. അവനെന്തോ ഒളിയ്ക്കുന്നതു പോലെ ജോസപ്പനു തോന്നി.

മഴ ചാറാൻ തുടങ്ങിയപ്പോൾ അജയൻ എഴുന്നേറ്റു. ”വാ പോകാം.‘

വഴിപിരിയുന്നിടത്തുവച്ച് ഒരു നിമിഷം മൂകനായി നിന്ന് അജയൻ ചോദിച്ചു

‘ നിന്റെയപ്പനെക്കണ്ടാൽ നീ എന്തു ചെയ്യും?‘

സത്യത്തിൽ എന്താണയാളെ ചെയ്യേണ്ടതെന്ന് ജോസപ്പന് തീർച്ചയുണ്ടായിരുന്നില്ല.

മൂകനായി നടന്നകലുന്ന ജോസപ്പനെ നോക്കി അജയൻ തെല്ലിട നിന്നു. ഇന്നലെ രാത്രി അവന്റെ അച്ഛച്ഛൻ രാഘവൻ വെളിപ്പെടുത്തിയ ആ സത്യം ഉൾക്കൊള്ളാൻ അവനു കഴിഞ്ഞിരുന്നില്ല.

മഴനനഞ്ഞ് ജോസപ്പൻ ഇറയത്തേയ്ക്ക് ഓടിക്കയറുമ്പോൾ അരണ്ട വെളിച്ചത്തിൽ നിന്ന് വല്യപ്പച്ചൻ തലകുനിച്ച് എഴുന്നേറ്റുപോയി.

അത്താഴം കഴിച്ചുകൊണ്ടിരിക്കെ ജോസപ്പൻ ചോദിച്ചു

‘അമ്മച്ചീ എന്റെ അപ്പനാരാണ്?‘

ശക്തമായൊരു കാറ്റിനൊപ്പം കറണ്ടു പോയി. ആ ഇരുട്ടത്ത് സാറാമ്മച്ചി ശ്വാസം അടക്കിപ്പിടിച്ചു.കഴിഞ്ഞ ഇരുപത് വർഷങ്ങളായി ഈ ചോദ്യത്തെ അവർ ഭയപ്പെടുന്നു. ജീവിതങ്ങൾക്കുമേലെ കൊടുങ്കാറ്റു വീശാൻ തുടങ്ങിയിരിയ്ക്കുന്നു. ഉറക്കം കെടുത്തുന്ന ദു:സ്വപ്നങ്ങളൊക്കെ സംഭവിക്കാൻ പോകുന്നപോലൊരു തോന്നൽ.എല്ലാ മൗനങ്ങളെയും തച്ചുടച്ച് ഈ ചോദ്യം സർവനാശം വിതയ്ക്കും.

ഇരുട്ടിൽ തപ്പി തീപ്പെട്ടിയെടുത്ത് വിളക്കു കത്തിച്ച് ജോസപ്പൻ തിരിഞ്ഞു നോക്കി. സാറാമ്മച്ചി എപ്പോഴോ അടുക്കള വിട്ടുപോയിരുന്നു.

പാതിരാ കഴിഞ്ഞനേരം ആ വീട്ടിൽ നിന്ന് അപ്പോഴും തോർന്നിട്ടില്ലാത്ത മഴയിലേയ്ക്ക് ഒരു മെല്ലിച്ചരൂപം ഇറങ്ങി നടന്നു.

പിറ്റേന്ന് ഉച്ചയോടെ പറമ്പിന്റെ കിഴക്കേ അതിരിലെ ആഞ്ഞിലിച്ചോട്ടിൽ കോരയുടെ ശരീരം ഉറുമ്പരിച്ചുകിടന്നു. കരുവാളിച്ച ചുണ്ടുകൾക്കിടയിലൂടെ അവ തലങ്ങും വിലങ്ങും നടന്നു, പറയാതെപോയ വാക്കുകൾ തിരഞ്ഞുപിടിക്കാനെന്നവണ്ണം .

കാത്തുവയ്ക്കാൻ പ്രത്യേകിച്ചാരുമില്ലാത്ത ആ ശരീരം പച്ചമണ്ണിനു വിട്ടുകൊടുത്ത് തിരിഞ്ഞു നടക്കുമ്പോൾ സാറാമ്മച്ചി വിളിച്ചു, വിദൂരതയിൽ നിന്നെന്നപോലെ..... ’ജോസപ്പാ ’.

തിമിർത്തു പെയ്യാൻ തുടങ്ങിയ മഴവേരുകളെ രണ്ടായ്മുറിച്ച് അവരുടെ ചൂണ്ടുവിരൽ ആ പച്ചമൺകൂനയിലേയ്ക്കു നീണ്ടു.

ശക്തമായൊരു മിന്നലിൽ ജോസപ്പൻ ചലനമറ്റു നിന്നു .ഉച്ചി മുതൽ ഒഴുകിയിറങ്ങുന്ന ആത്മനിന്ദയുടെ, നിസ്സഹായതയുടെ ചൂടിൽ അവൻ പൊള്ളിക്കുടുത്തു.

അജയന്റെ ചോദ്യം ശക്തമായ കാറ്റിനൊപ്പം ആയിരം കഷണങ്ങളായി ചിതറിത്തെറിച്ച് അവന്റെ ഹൃദയ ഭിത്തികളിൽ ആഞ്ഞു പതിച്ചുകൊണ്ടിരുന്നു.

‘നിന്റെ അപ്പനെക്കണ്ടാൽ നീയെന്തു ചെയ്യും?‘

●

# ജന്മാന്തരീയം





ജോർജ് വിൽസൺ

**മോ**നെ, അസ്റപ്പെ, അന്റെ കെട്ട്യോള് തൂങ്ങിച്ചത്തൂടാ...

അഷറഫിന് അധികം വായിക്കുവാനായില്ല. പ്രകാശം പെട്ടെന്നണഞ്ഞുപോയി, കണ്ണുകളിൽ ഇരുട്ടുകയറി അന്ധകാരം സർവ്വത്ര വ്യാപിച്ചു. ഒന്നും കാണുവാനും കേൾക്കുവാനും കഴിയാതെ പൊടിക്കാറ്റിലകപ്പെട്ട യാത്രക്കാരനെപ്പോലെ ദിക്കറിയാതെ തല കറങ്ങിക്കൊണ്ടിരുന്നു. വളരെയേറെ കാലങ്ങൾക്കുശേഷം കാണുകയായിരുന്ന ഉമ്മയുടെ കയ്യക്ഷരങ്ങൾ . പൂത്തുലഞ്ഞ ഉത്സാഹമെല്ലാം വാർത്ത വായിച്ചുതുടങ്ങി യതോടെ പെട്ടെന്ന് വാർന്നുപോയി. നെഞ്ച് കല്ലായിക്കഴിഞ്ഞിട്ടും, കല്ലായിപ്പുഴയോരത്ത് പച്ചമരത്തിൽ ഈർച്ചവാൾ ആഴത്തിലിറക്കുന്നതിന്റെ വേദന താങ്ങാനാവുന്നില്ല . .

പരാതി പറയുവാൻ അഷറഫിന്റെ അധരങ്ങൾ അനങ്ങാറെയില്ല, അവ അത്രമേൽ തണുത്തുറഞ്ഞു പോയിരിക്കുന്നു.

വിവാഹത്തിനുശേഷം ഉമ്മയങ്ങിനെ എഴുതാറുണ്ടായിരുന്നില്ല. ആ ദൗത്യം സൈനബ ഏറ്റെടുത്തിരിക്കയായിരുന്നു. പക്ഷെ വളരെയേറെക്കാലമായി സൈനബയുടെ ഖൽബിന്റെ പദന്യാസം അറിയാറേയില്ല. അവളോടെന്നല്ല ആരോടും പരാതിയില്ല. പരാതികളും പഴികളും ഏറ്റുവാങ്ങാറുള്ള ആൽമരങ്ങൾ മരുഭൂമിയിൽ സുലഭമാണെന്ന വസ്തുത ഒരുപക്ഷെ അങ്ങവിടെ ആർക്കും അറിവില്ലായിരിക്കാം.

സഹവാസികൾ പകലിന്റെ അധ്വാനഭാരത്താൽ തളർന്നുറങ്ങുകയാണ്. ആർക്കും ഒന്നും ആലോചിക്കു വാനുള്ള സാവകാശമൊ, അവകാശമായില്ല. സമയത്തിന് കിടക്കണമെന്നതും എഴുന്നേൽക്കണമെന്നതും നിർബ്ബന്ധമാണ്, നിബ്ബന്ധനയാണ്. പക്ഷെ ഉറങ്ങേണ്ടത് വ്യക്തിപരമായ ഒരു കർത്തവ്യമാണ്. സൗകര്യം പോലെ ചെയ്യാനുള്ള പൂർണ്ണസ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. സാധാരണ കിടന്നതറിയാതെ നിദ്രയുടെ നിലയില്ലാ നിരക്കയങ്ങളിലേക്ക് മുങ്ങാം കുഴിയിടുകയാണ് പലരുടേയും പതിവ്. തിളയ്ക്കുന്ന സൂര്യ കിരണനിന്ന് എത്രനേരം അധ്വാനിക്കാനാവും? അധികാരികൾക്ക് സമയപരിധിയില്ലാതെ ജോലി തീർക്കണമെന്നത് ചട്ടമാണ്. വൈദ്യുതിമരങ്ങളുടെ തണലിലെങ്കിലും അൽപം മാറിനിന്ന് വിശ്രമിക്കുവാൻ കൊതിച്ച എത്രയോ ഇടവേളകൾ . . കടുത്ത നിയമങ്ങളും, കനത്ത ശിക്ഷയും ... ഇനിയും കിടക്കുന്നു. കാരാഗൃഹവാസത്തിന്റെ ശേഷിപ്പുകൾ കുറെയേറെ . .

ഇരുട്ടിൽ ഇരുമ്പും സിമൻറും നിറഞ്ഞ ആകാശത്തിൽ പതിഞ്ഞുകിടന്ന ഗൗളി നിദ്രയുടെ മൂടുപടത്തിൽ വ്യഥകളെ പൂഴ്ത്തുവാനാകാതെ വേവലാതിപൂണ്ടുകിടന്ന അഷറഫിനെ നോക്കി ദുസ്സൂചകമായി ചിലച്ചു. കരയാനായെങ്കിൽ ജനിമൃതികളുടെ നക്ഷത്രങ്ങൾ നാണയത്തിന്റെ ഇരുവശങ്ങളിലുമായാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പക്ഷെ നാണയം കയ്യിലില്ലാത്തവൻ എന്തിനെക്കുറിച്ചോർത്താണ് വിലപിക്കേണ്ടത്

പാവം ന്റെ പുന്നാരമോൻ ഫഹദ്.... അവനിനി ആരുണ്ട്? സ്വന്തം കുഞ്ഞിനെയിങ്ങിനെ ഉപേക്ഷിച്ചിട്ടു പോകാൻ സൈനബക്കെങ്ങിനെ മനസ്സുവന്നു എത്രയാലോചിച്ചിട്ടും ഉത്തരം ലഭിക്കാത്ത ചോദ്യങ്ങൾ മനസ്സിന്റെ സമതലങ്ങളിലേക്കിറങ്ങിവന്ന ദ്രുതതാളത്തിൽ മുക്കം ചാത്തനെപ്പോലെ നൃത്തം ചവിട്ടുകയാണ്. ചോദ്യങ്ങൾക്കെല്ലാം എന്നെങ്കിലും ആർക്കെങ്കിലും ഉത്തരം കിട്ടിയതായി ചരിത്രമുണ്ടോ? പക്ഷെ വിശ്വസിക്കാവുന്ന ഒന്നുമാത്രം അവശേഷിച്ചിരിക്കുന്നു. ചരിത്രം, കുഞ്ഞിനെ പ്രസവിക്കുന്നതോടെ സ്

ത്രീ ഒരമ്മയാകുന്നു. മാതൃത്വം സ്ത്രീത്വത്തിനേക്കാൾ മഹത്തരമെന്ന ചരിത്രസത്യം എന്തൊ സൈനബയുടെ തലയിൽ കയറിയിട്ടില്ലായിരിക്കാം . . .പാവം.

താൻ യാതൊരു തെറ്റും ചെയ്തിട്ടില്ലെന്ന് അഷ്റഫിന് നന്നായിട്ടറിയാം, അത് എവിടെ വേണമെങ്കിലും ഉച്ചത്തിലോതുക്കാൻ ഒരുക്കവുമാണ്. പക്ഷെ ശ്രോതാക്കളില്ലെങ്കിലൊ .

ഇന്ത സദിക് ......... ഇന്ത സാഫിർ....

അതുമാത്രമായിരുന്നു ചോദ്യം. അതെയെന്ന ഉത്തരം മാത്രമെ പറയാവൂ എന്ന നിർദ്ദേശവും.

ഇങ്ങളോട് നിക്കൊരു അപേക്ഷയെയുള്ളൂ, ഷാനാവാസിക്കാനെപ്പോലെ മയക്കുമരുന്നിന്റെ പുലിവാലില് പടച്ചോനെക്കരുതി ഇങ്ങളു പെടരുത് . . ഞമ്മക്ക് ഹറാമാണ്. . . തമ്മിത്തല്ലിച്ചാവണത് കണ്ടു നിക്കാൻ ന്നെക്കോണ്ട് കയ്യൂലാ....

ആദ്യരാത്രിയിൽ പുന്നാരം പറയുന്നതിനു പകരം പുതുപെണ്ണ് മണവറയിൽ വെച്ച് പുയ്യാപ്ളേനെ കൊണ്ട് ശപഥം ചെയ്യിപ്പിച്ചു.

സൈനബയുടെ സഹോദരൻ ഷാനവാസ് ഏതൊ മയക്കുമരുന്ന് സംഘത്തിൽപ്പെട്ട് അങ്ങാടിയിൽ വെച്ചുണ്ടായ കത്തികുത്തിലാണ് മരണപ്പെട്ടത്. നാട്ടിലെല്ലാവരേയും ഞെട്ടിപ്പിച്ച ആ വലിയ ദുരന്തം എങ്ങിനെ അവസാനിച്ചുവെന്ന് ആർക്കുമറിയാത്ത രഹസ്യമായി ഇന്നും അവശേഷിക്കുന്നു.

മുറിയിലെ പങ്ക കിരുകിരാരവത്തോടെ കറങ്ങിയിട്ടൊന്നും വലിയ പ്രയോജനമില്ല. നനച്ച തുണിയിൽ കിടന്നാണ് സാധാരണ എല്ലാവരും ഉറങ്ങുവാൻ ശ്രമിക്കുക. തുണിയിലെ നനവ് വിടുന്നതിനുമുമ്പ് നിദ്രയെ

പുൽകിയവർ ഭാഗ്യവാന്മാർ, അവർക്ക് അന്നത്തെ ഉറക്കം ദുവയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. തറ പഴുക്കുമ്പോൾ വിയർപ്പ് ശരീരത്തിലും വസ്ത്രങ്ങളിലും ചാലിട്ടൊഴുകുന്നതറിയാതെ ഉറക്കത്തിന്റെ ഊർവ്വരതകളിലേക്ക് അറിയാതെ ഊളയിട്ട് ഇറങ്ങിപ്പോകുന്നവർ.

ശരീരത്തിന്റെ ഊഷ്മാവും, ബാഹ്യമായ ഉഷ്ണവും അഷ്റഫിനെ സംബന്ധിച്ചിടത്തോളം ഒന്നുപോലെ യായിരിക്കുന്നു. ദിശതെറ്റിയ കപ്പിത്താന് ആഴിയുടെ ആഴങ്ങളെല്ലാം ഒന്നുപോലെയെന്നമാതിരി.

അവന്റെ കെട്ട്യോള് തൂങ്ങിച്ചത്തൂടാാാാ....

അക്ഷരങ്ങൾ ആവർത്തിച്ചാവർത്തിച്ച് ശ്രവണപുടങ്ങളെ പ്രകമ്പനം കൊള്ളിക്കുക, രക്തം കിനിയാതെ ഹൃദയത്തെ കീറിമുറിച്ചുകൊണ്ടിരിക്കുക, ഒരുപക്ഷെ ജന്മാന്തരങ്ങൾ തുടർന്നേക്കാവുന്ന ഒരു പ്രതിസന്ധി.

അതെന്ന് സംഭവിച്ചുവെന്നൊ, എങ്ങിനെയായിരുന്നുവെന്നോ ഒന്നും അറിയിച്ചിട്ടില്ല.

പണത്തിന് മുറ തെറ്റാതെ എഴുതുമായിരുന്ന ബാപ്പക്കൊ സഹോദരങ്ങൾക്കൊ, അത്യാവശ്യങ്ങൾ അറിയിച്ചിരുന്ന സഹോദരിമാർക്കുപോലും അതിനുള്ള സന്മനസ്സ് ഉണ്ടായില്ലെന്ന വസ്തുത തെല്ലൊന്നുമല്ല അഷ്റഫിനെ അമ്പരപ്പിച്ചത്. വീട്ടിൽ നിന്നും കുറെദൂരെ കോളെജിൽ പോയി പഠിച്ച ഇളയമകന് യോജിച്ച ഉദ്യോഗം ലഭിച്ചതിൽ വീട്ടിലുള്ളവർ ഒന്നടങ്കം സന്തോഷിച്ചതായിരുന്നു. അതുകൊണ്ടുതന്നെയായിരുന്നു തറവാട്ടുകാരിൽ മുൻപന്തിയിലായിരുന്ന മൊയ്ദീൻ ഹാജി, പൂർവ്വികമായി ലഭിച്ച കനത്ത മടിശ്ശീല തുറന്ന് തന്റെ പുന്നാരമോൾ സൈനബക്കുള്ള പുയ്യാപ്ളയെ അഷ്റഫിൽ കണ്ടെത്തിയതും,

പക്ഷെ, നസീബ് ..... അതിനാരെയാണ് കുറ്റം പറയേണ്ടത്?

ദിവസം മുഴുവൻ കൃത്രിമമായ കുളിരിൽ കഴിഞ്ഞിരുന്ന ഒരു ഭൂതകാലം അഷറഫിനുമുണ്ടായിരുന്നു. ഇപ്പോൾ ശൈത്യത്തിന്റെ സ്മൃതികൾപ്പോലും അലട്ടാറില്ല. കുളിര് കനവുകളിൽപ്പോലും കടന്നു വരാറില്ലെന്നത് അത്ഭുതപ്പെടുത്തുന്ന ഒരു സങ്കടമായി മനസ്സിന്റെ മേച്ചിൽപ്പുറങ്ങളിൽ തുടികൊട്ടുന്നു.

അനുവദനീയമായ സന്ദർശനനാളുകളിൽ കുറെക്കാലം സുനിൽ വരുമായിരുന്നു. അതും മുടങ്ങിയിട്ട് എത്ര കാലമായെന്ന് ഓർമ്മയിലില്ല. അവനാണ് അഷറഫിന് പിണഞ്ഞ ദുരന്തം ആരേയും അറിയിക്കാതെ കുറെക്കാലമെങ്കിലും കാത്തുസൂക്ഷിച്ചിരുന്നത്. എല്ലാകാലവും എല്ലാവരേയും കബളിപ്പിക്കാനാവില്ലെന്ന സത്യം എത്ര അന്വർത്ഥമാണെന്ന് കാലം തെളിയിച്ചിരിക്കുന്നു.

ഒരു പ്രവാസിപത്രറിപ്പോർട്ടർ തടവറകളുടെ വന്മതിലുകൾ തുരന്ന് കടന്നുവന്നപ്പോൾ എത്ര ആശ്വാസത്തോടെയാണെന്നൊ അയാളെ സ്വീകരിച്ചത്. പക്ഷെ ... തടവുകാരുടെ പ്രശ്നങ്ങളേയോ, കാരാഗൃഹവാസത്തിന്റെ പ്രയാസങ്ങളെയൊക്കറിച്ച് കേൾക്കുവാനുള്ള മനസ്സാന്നിദ്ധ്യം പോലുമില്ലാതെ വിചാരണ പുസ്തകങ്ങളിൽ എഴുതിവെച്ചിരുന്ന ആരോപണങ്ങൾ അപ്പാടെ പത്രങ്ങളിലൂടെ ഏറ്റുപാടി അയാൾ കയ്യടി നേടി.

മോനെ, അന്റെ കെട്ട്യോള് തൂങ്ങിച്ചത്തൂടാാാ....

കുഞ്ഞുങ്ങൾ അനാഥരാകുന്നു, കുടുംബങ്ങൾ ചീട്ടുകൊട്ടാരം കണക്ക് തകർന്നുവീഴുന്നു. ബന്ധങ്ങളുടെ കടൽപ്പാലം ആടിയിളകിക്കൊണ്ടിരിക്കുന്നു.... ആരെയാണ് സുഹൃത്തെ കുറ്റം പറയേണ്ടത്? പേന കഠാരയാക്കുന്ന എഴുത്തുകാരനെയോ? സത്യത്തിനുനേരെ എന്നും പല്ലിളിച്ചു കാണിക്കുന്ന സമൂഹത്തെയോ? അതെ, ജനങ്ങളിൽ വർ

ഗ്ഗബോധം മാത്രം കുത്തിനിറക്കുന്ന നേതാക്കന്മാരെയാ?

ആരേയും ഒന്നും അറിയിച്ചിട്ടു കാര്യമില്ല. ബന്ധുക്കൾ ഖബറിൽ നിന്നും ഏഴുചവിട്ടടി നീങ്ങിയാൽ കണക്കു ചോദിക്കുവാനെത്തുന്ന മുൻങ്കർ നഖീർ മലക്കുമാരോട് സത്യം തുറന്നു പറയാം . . . അവരെങ്കിലും വിശ്വസിച്ചാൽ കിയാമത്തിന്റെ നാളിലെങ്കിലും സത്യസന്ധമായ ഒരു വിധിയുണ്ടാകുമെന്ന് പ്രത്യാശിക്കാം.

അവധിയിലേക്ക് വാങ്ങിക്കൂട്ടിയ സാധനങ്ങൾ അധികമായപ്പോൾ

മറ്റൊരു പെട്ടി വാങ്ങുകയാവും ഉചിതമെന്ന് കൂട്ടുകാരാണ് നിർദ്ദേശിച്ചത്. ഫഹദിന്റെ പിഞ്ചോമനമുഖമൊന്ന് കാണുവാനുള്ള തിടുക്കം, അവനെത്ര കളിക്കോപ്പുകൾ വാങ്ങിക്കൂട്ടിയിട്ടും മതിയാകുമായിരുന്നില്ല. സൈനബയെ താലോലിച്ച് പൂതിതീരാത്ത പൗരഷ സ്വപ്നങ്ങളുടെ തേരിൽ സഞ്ചരിക്കുമ്പോഴായിരുന്നു ആരോ ചെയ്ത സുകൃതംമാതിരി ഒരു കാർ മുമ്പിൽ വന്നു നിന്നത്.



ബലദിലേക്കല്ലെ, ഇങ്ങട്ട് കയറിക്കോളിൻ –

സ്നേഹപൂർവ്വമുള്ള ക്ഷണം നിരസിക്കാനായില്ല.

ന്വീക്ക് അഞ്ചുറുപ്പ്യാ തന്നാമതീട്ടാ...

തിരക്കുപിടിച്ച നഗരത്തിലൂടെ ശ്രദ്ധയോടെ വണ്ടിയോടിക്കുന്നതിനിടയിൽ അയാൾ സൗഹൃദം പുതുക്കിയിട്ടു പറഞ്ഞു വിലകുറഞ്ഞ ഹലജം യാത്രയെക്കുറിച്ച് അഷറഫ് എപ്പഴെ മറന്നു കഴിഞ്ഞിരുന്നു. സ്വന്തം നാട്ടുകാർ എത്ര ഉദാരമതികാളാണെന്ന് നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്തു.

ആരെങ്കിലും ചോയിച്ചാൽ ഇങ്ങള് സദീക്കാണാന്നൊ സാഫിറാണെന്നൊ മാത്രം പറഞ്ഞാമതിട്ട്വാ ... സ്വന്തം വണ്ടീണേയ്...

അതെ അതുമാത്രം പറഞ്ഞുള്ളു പോലീസുകാർ വഴിയിൽ വാഹനം തടഞ്ഞു നിർത്തി പരിശോധിച്ച് സീറ്റിനടിയിൽ നിന്ന് കഞ്ചാവ് കണ്ടെടുത്തപ്പോഴും. പക്ഷെ അവർക്ക് അതുമതിയായിരുന്നു. തടവ യിലാക്കുവാൻ. എല്ലാ ചോദ്യങ്ങൾക്കും കോടതിയിൽ അതെയെന്നുമാത്രം ഉത്തരം നൽകി സത്യം വിളിച്ചറിയിക്കുവാൻ വെമ്പൽ കൊണ്ട് നിദ്രവിഹീനനായിക്കഴിഞ്ഞ ദിനരാത്രങ്ങൾ.....

അഷറഫിന്റെ ദുരിതങ്ങൾ അവിടെ അവസാനിക്കുകയല്ല, ആരംഭിക്കുകയായിരുന്നു.

പത്തമ്പതുവയസ്സ് പ്രായമുള്ള അയാളും സത്യത്തിൽ ഒരു സ്ഥിരം മരുന്നു കച്ചവടക്കാരനൊന്നും ആയിരുന്നില്ല. പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിച്ചയക്കുവാൻ കഴിയാതിരുന്ന മൂന്ന് പെൺമക്കളിൽ മൂത്തവൾക്ക് ഒരു നല്ല ആലോചന ഒത്തുവന്നു. പക്ഷെ സ്ത്രീധനത്തിനുള്ള പണം കയ്യിലില്ലായിരുന്നു. . . . പെട്ടെന്നുള്ള ധനശേഖരണത്തിന്റെ ബദ്ധപ്പാടിൽ മരുന്നു വാഹകന്റെ കറുത്ത കുപ്പായം അവധിദിവസങ്ങളിൽ അയാൾ സ്വയം എടുത്തണിയുകയായിരുന്നു . . .

പലവട്ടം മനസ്സിലോർത്ത വിഷയമായിരുന്നു. താൻ അയാളുടെ ചങ്ങാതിയല്ലെന്നു പറഞ്ഞാൽ ചിലപ്പോൾ വെറുതെ വിടുമായിരിക്കും. പക്ഷെ എന്തുകൊണ്ട് അയാൾ അതുമാത്രം പറയുന്നില്ല.

ഇല്യാ, മോനെ . . . ഈ കച്ചോടത്തില് പെട്ടോറെല്ലാം ഓല്ക്ക് ഒരുപോല്യാ...

ഭയപ്പെടുത്തുന്ന ആ സത്യം ഒരുനാൾ അയാൾ വെളിപ്പെടുത്തി.

അത് അഷ്‌റഫിനെ അറിയിക്കുവാൻ മാത്രം ജീവിച്ചിരിന്നതുപോലെ വിൽപനക്കാരൻ ശിക്ഷയുടെ കാലാവധി പൂർത്തിയാക്കാതെ ഹൃദയാഘാതം മൂലം മരണപ്പെട്ടു. കഞ്ചാവു കച്ചവടത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അഷറഫിന്റെ ശിരസ്സിൽ നിയമാനുസൃതം ചുരത്തപ്പെട്ടു. അതിനൊത്ത കനത്ത ശിക്ഷയും.

നസീബിന്റെ തടവറയിൽ കഴിയാൻ തുടങ്ങിയിട്ട് നാളുകളെത്ര കഴിഞ്ഞുവെന്നൊ, ഇനിയെത്രയുണ്ടെന്നൊ അഷറഫിനറിയില്ല ...... ഒന്നും അറിയില്ല. ഒന്നും....

# മാളികപ്പുറം

പേളി ജോസ്



'മാളികപ്പുറം' എന്ന സിനിമ ഒരു ഭക്തിരസ ചിത്രം മാത്രമായി പകുതിയിലേറെ സമയവും കടന്നുപോകുന്നു. ശബരിമലയും സന്നിധാനവും അവിടേക്കുള്ള യാത്രക്കിടയിലെ സങ്കേതങ്ങളെയും ഒക്കെ വളരെ നന്നായി ചിത്രീകരിച്ച് ഒരു അയ്യപ്പചിത്രമായി ഭക്തരെ സന്തോഷിപ്പിച്ച് നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് സസ്പെൻസ് വരുന്നത്. കല്ലു എന്ന ഒരു എട്ട് വയസുകാരിയുടെ മനസിലെ വിശ്വാസങ്ങൾക്കൊപ്പം സഞ്ചരിക്കുന്ന സിനിമയുടെ അവസാനസമയ ട്വിസ്റ്റ് നല്ലൊരു സാമൂഹിക ചിത്രം കൂടെ ആക്കി മാറ്റി അതിനെ. അയ്യപ്പനെ കാണാനുള്ള ഒരു പെൺകുഞ്ഞിന്റെ ആഗ്രഹ സാക്ഷാത്കാര യാത്രയെ ദൃശ്യവൽക്കരിക്കുമ്പോഴുള്ള ഭക്തിയുടെ സാധ്യതകൾ സ്വാഭാവികമാണ്. എന്നാൽ എല്ലാ പ്രേക്ഷകർക്കും ആസ്വദിക്കാൻ പറ്റിയ വിധത്തിൽ ചിത്രത്തെ മാറ്റിയതാണ് ചിത്രത്തിന്റെ പോസറ്റീവ് പോയന്റും സംവിധായകന്റെ വിവേകവും.

കേരളപോലീസിന് കയ്യടി നല്കുന്ന ചിത്രം നല്ല ഒരു മെസേജ് കൂടെ നല്കുന്നുണ്ട്. ഒരു 'മാളികപ്പുറ'മാകാൻ ആഗ്രഹിക്കുന്ന ഒരു കുട്ടിയുടെ മനസിലൂടെയാണ് ചിത്രം നമുക്ക് മുന്നിൽ ഓരോ സീനുകളിലൂടെയും പോകുന്നത്.

അയ്യപ്പൻ എന്ന പേരിൽ നായകനായെത്തുന്ന ഉണ്ണി മുകുന്ദൻ വേഷത്തിന് തികച്ചും ചേരുന്ന കഥാപാത്രമായി മാറി. അദ്ദേഹത്തെ സാക്ഷാൽ അയ്യപ്പനാക്കാനുള്ള ഒരു നീക്കം പ്രേക്ഷകർ സംശയിക്കുമ്പോഴാണ് ചിത്രത്തിന്റെ റിയലിസ്റ്റിക് ആയ മുഖം പുറത്തുവരുന്നത്. സൈജുകുറുപ്പ് എന്ന നടനാണ് തിളങ്ങിയ മറ്റൊരു നടൻ. കല്ലു എന്ന കുട്ടി (ദേവനന്ദ) നിഷ്കളങ്കത ഒട്ടും ചോർന്നുപോകാതെ വളരെ ഗംഭീരമായി അഭിനയിച്ചു. മലയാള സിനിമയ്ക്ക് ഒരു വാഗ്




ദാനമാണ് ഈ കുഞ്ഞു താരം. അവളുടെ കൂട്ടുകാരനായ പീയുഷ് ആയി വേഷമിട്ട ശ്രീപഥ് എന്ന ബാലതാരവും നന്നായി തിളങ്ങി. രമേഷ് പിഷാരടി സൈജുകുറുപ്പിന്റെ സുഹൃത്തായും ഒരു കുടുംബനാഥനായും വേഷമിടുന്നു. മനോജ് കെ. ജയൻ, രഞ്ജി പണിക്കർ, സമ്പത്ത് റാം, ടി.ജി. രവി, ശ്രീജിത്ത് രവി എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന താരങ്ങൾ. എല്ലാവരും കഥാപാത്രങ്ങളോട് നല്ലതുപോലെ നീതി പുലർത്തി. പല സീനുകളും പ്രേക്ഷകരെ ഇമോഷണലാക്കാൻ ഉതകുന്നവയായിരുന്നു. ഭക്തിയും, ശോകവും, വീരവും രൗദ്രവും ഹാസ്യവും എല്ലാം നന്നായി സമന്വയിപ്പിച്ചിട്ടുണ്ട് ചിത്രത്തിൽ. 'തത്വമസി'- 'അത് നീ തന്നെ' എന്ന മഹാവാക്യത്തിലേക്ക് കഥയെ എത്തിക്കുന്നതും മനോഹരമായിട്ടുണ്ട്. നവാഗതനായ വിഷ്ണു ശശി ശങ്കറിന്റെ സംവിധാനത്തിലുള്ള ഈ ചിത്രം വ്യത്യസ്ത താൽപര്യങ്ങളുള്ള പ്രേക്ഷകരുടെ മനസുകളിൽ ഇടം നേടുന്ന വിധത്തിൽ ഒരുക്കിയ സാമാന്യം നല്ല ചിത്രമാണ്.

# ‘കാപ്’

ഒരു സ്പെഷൽ ബ്രാഞ്ച് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഒരു IT എൻജിനീയറുടെ വീട്ടിലേക്ക് ജോലിയുടെ ഭാഗമായി എത്തുന്നതോടെയാണ് സിനിമ ആരംഭിക്കുന്നത്. അയാളുടെ ഭാര്യ ബിനു ത്രിവിക്രമൻ കാപാ (KAPPA Kerala Anti Social Activities Prevention Act) ലിസ്റ്റിൽ എങ്ങിനെയോ പെട്ടുപോയിട്ടുണ്ട് എന്നറിവ് അയാളെ സമ്മർദ്ദത്തിലാക്കുന്നു. ശുദ്ധമനസ്കനായ അയാൾ ഒരു ക്രിമിനൽ ഗുണ്ടാ സംഘത്തിന്റെ പരസ്പരമുള്ള പക തീർക്കലിനിടയിൽ ചെന്നു പെടുന്നു. ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള വെട്ടും കുത്തും കൊലയുമാണ് സിനിമ മുഴുവൻ. വലിയ സസ്പെൻസൊന്നുമില്ലാതെ ഡയറക്ടായി സംഭവങ്ങളെ അവതരിപ്പിക്കുന്നുണ്ട്. കഥയിലോ അവതരണത്തിലൊ ഒരു പ്രത്യേകതയും ചൂണ്ടിക്കാണിക്കാനില്ല എന്നിരിക്കിലും ഗുണ്ടാ നേതാവായി അഭിനയിച്ച പൃഥിരാജിന്റെ കൊട്ട മധു എന്ന കാരക്ടർ അഭിനയത്തിന്റെ കാര്യത്തിൽ വളരെ മികച്ചു നില്ക്കുന്നു. ഒപ്പത്തിനൊപ്പം നിൽക്കുന്നു ആസിഫ് അലിയുടെ ആനന്ദ് എന്ന കഥാപാത്രവും. പകയും കാപട്യവും നിറഞ്ഞ ജേർണലിസ്റ്റായി ദിലീഷ് പോത്തനും അത്യധികം തിളങ്ങി. കൊട്ട മധുവിന്റെ ഭാര്യ പ്രമീളയായി വേഷമിട്ട അപർണ്ണ ബാലമുരളിയും അന്ന ബെൻ എന്ന നടിയും കിട്ടിയ സ്ക്രീൻ സ്പേസ് നന്നായി ഉപയോഗിച്ചു.




ജി ആർ ഇന്ദുഗോപന്റെ കഥക്ക് ഒരു സവിശേഷതയും അവകാശപ്പെടാനില്ല. ഇടക്കൊക്കെ കല്ലു കടിക്കുന്നുണ്ടുതാനും. ഷാജി കൈലാസ് എന്ന മികച്ച സംവിധായകന്റെ കയ്യൊപ്പ് അവിടവിടെ വല്ലപ്പോഴും മാത്രം. കുടിപ്പകയും ഗുണ്ടാസംഘങ്ങളും വിതച്ചത് കൊയ്തു കഴിയുമ്പോൾ അവരുടെ പിൻഗാമികളായ പെണ്ണുങ്ങളും ഈ കുടിപ്പക ഏറ്റെടുക്കുന്നതോടെ സിനിമ അവസാനിക്കുന്നു.

മൊത്തം ഒരു നല്ല സിനിമ എന്ന് പറയാൻ തോന്നാത്ത എന്നാൽ വളരെ മോശം എന്നും പറയാൻ കഴിയാത്ത ഒരു സിനിമ. കണ്ടിറങ്ങിയപ്പോൾ എന്തിനാണ് അധോലോക ക്രിമിനൽ ഗുണ്ടകളെയും അവരുടെ വീരപരാക്രമങ്ങളേയും അഭ്രപാളികളിലൂടെ ജനങ്ങളിലെത്തിക്കാൻ ഒരു സിനിമ നിർമ്മിക്കുന്നത് എന്ന് ചോദിക്കാൻ തോന്നിപ്പോയി.

ഗിരീഷ് കുമാർ. വി

# സിഹാനൂക് വില്ല



**സീം**റീപ്പിലെ യാത്രകൾ അവസാനിച്ചതിനാൽ കംബോഡിയായിലെ സിഹാനൂക് പ്രോവിൻസിന്റെ തലസ്ഥാനമായ സിഹാനൂക്ക് വില്ല എന്ന കടലോര നഗരത്തിലേക്കാണ് ഇനി പോകുന്നത്. കംബോഡിയ-അങ്കോർ എയറിന്റെ കൊച്ചു വിമാനത്തിലാണ് യാത്ര.സിഹാനൂക്കിലേക്കുള്ള വിനോദ സഞ്ചാരികൾ മാത്രമേ ഈ ഫ്ളൈറ്റിൽ ഉണ്ടായിരുന്നുള്ളൂ. വളരെ ചെറിയ ഒരു കെട്ടിടമാണ് സിഹാനൂക്കിലെ ഡൊമസ്റ്റിക് ടെർമിനൽ. സീംറീപ്പിൽ നിന്നും ഒന്നേ കാൽമണിക്കൂർ പറന്നു ഞങ്ങളുടെ വിമാനം സിഹാനൂക് വിമാനത്താവളത്തിൽ ഇറങ്ങി. നമ്മുടെ നാട്ടിലെ വലിയൊരു ബസ് ടെർമിനലിന്റെ അത്ര വിസ്തൃതിമാത്രമേയുള്ളൂ സിഹാനൂക് എയർപോർട്ടിന്.

ഒരു ലക്ഷത്തിൽതാഴെമാത്രം ജനസംഖ്യയുള്ള 30 സ്കിർ മൈൽ വിസ്തീർണ്ണമുള്ള ഉപദ്വീപ്ആണ് സിഹാനൂക്. Kempong song എന്നാണിതിന്റെ യഥാർത്ഥനാമം. ഏറ്റവും കൂടുതൽ കാലം രാജാവായും പ്രധാനമന്ത്രിയുമായും കംബോഡിയയിൽ ഭരണത്തിലിരുന്ന നോരോദം സിഹാനൂക് രാജകുമാരന്റെ ഓർമക്കായിട്ടാണ് ഈ പ്രദേശത്തെ സിഹാനൂക് വില്ല എന്ന് വിളിക്കുന്നത്. രാജഭരണത്തോട് കമ്പോഡിയൻജനതയ്ക്ക് എന്നും പ്രത്യേകമമത ഉണ്ടായിരുന്നുവെന്നാണ് രാഷ്ട്രീയചരിത്രം വ്യക്തമാക്കുന്നത്.

1941-ൽ ഫ്രാൻസിന്റെ കോളനി ആയിരുന്നപ്പോൾ ഫ്രഞ്ചുകാരാണ് സിഹാനൂക്കിനെ കംബോഡിയൻ രാജാവായി അവരോധിച്ചത്. സിഹാനൂക് തങ്ങൾക്കു വിധേയനായി പ്രവർത്തിക്കുമെന്ന് കരുതിയാണ് അദ്ദേഹത്തിന്റെ പിതാവിനെ മറികടന്ന് രാജാവാക്കിയത്. എന്നാൽ, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി അദ്ദേഹം അന്താരാഷ്ട്രതലത്തിൽ സംഘടിതമായ രീതിയിൽ പ്രചാരണം നടത്തുകയും 1953-ൽ രക്തച്ചൊരിച്ചിലില്ലാതെ അതു നേടിയെടുക്കുകയും ചെയ്തു. രണ്ടു വർഷത്തിനുശേഷം പിതാവിനുവേണ്ടി രാജപദം ഒഴിഞ്ഞു. 1960-ൽ പിതാവിന്റെ മരണശേഷമാണ് വീണ്ടും രാജാവായത്.

1955ൽ സിഹാനൂക്കിന് രാജ്യം വിട്ടുപോകേണ്ടിവന്നു. രാജ്യം ശീതയുദ്ധത്തിന്റെ ചുഴിലിയലകപ്പെട്ടതിനെത്തുടർന്ന് 1970-ൽ യു.എസ്. പിന്തുണയോടെ നടന്ന പട്ടാള അ



ട്ടിമറിയിൽ സിഹാനൂക് സ്ഥാനഭ്രഷ്ടനായി. ചൈനയിലേക്ക് പലായനം ചെയ്തു. ആയിടക്ക് തീവ്രകമ്മ്യൂണിസ്റ്റുകളുടെ ഗ്രൂപ്പുമായ് അദ്ദേഹം ബന്ധപ്പെടുകയും ഭരണംതിരിച്ചു പിടിക്കാനായി അവരുമായി ധാരണയിലാവുകയും ചെയ്തിരുന്നു. തീവ്ര കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഖമർറൂഷ് എന്ന് ആദ്യമായിവിളിച്ചത് സിഹാനൂക് ആയിരുന്നു. ഖമർറൂഷ് ഭരണംപിടിച്ചപ്പോൾ സിഹാനൂക്കിനെ വീണ്ടും വാഴിച്ചെങ്കിലും കമ്മ്യൂണിസ്റ്റുകളുടെ വംശഹത്യ ആരംഭിച്ചപ്പോൾ അദ്ദേഹം അവരോട് വിയോജിക്കുകയും അവർ അദ്ദേഹത്തെ വീട്ടുതടങ്കലിലാക്കുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ അഞ്ചുമക്കളെ ഖമർറൂഷ് കൊലപ്പെടുത്തുകയുണ്ടായി.1979-ൽ 'ഖമർ റൂഷി'നെ പുറത്താക്കി വിയറ്റ്നാമീസ് സൈന്യം കംബോഡിയയുടെ ഭരണം പിടിച്ചു. വീണ്ടും ചൈനയിലേക്കു പോയ സിഹാനൂക് 13 വർഷം അവിടെ ജീവിച്ചു. 1991-ൽ വിയറ്റ്നാമീസ്സേന പിൻവാങ്ങിയശേഷം രാജ്യത്തു മടങ്ങിയെത്തുകയും രാജാവായി 1993-ൽ വീണ്ടും സ്ഥാനമേൽക്കുകയും ചെയ്തു. മകനും ഇപ്പോഴത്തെ രാജാവുമായ നൊരോദം സിഹാമണിക്കുവേണ്ടി 2004-ൽ രാജപദവിയൊഴിഞ്ഞു.

സിഹാനൂക്കിന്റെ ചരിത്രം ഗൈഡ് ചെൻലാ ആവേശത്തോടെയാണ് വിവരിച്ചുതന്നത്. ഒപ്പം ഇന്നത്തെ കംബോഡിയയിൽ ചൈനയുടെ ആധിപത്യം വർധിച്ചുവരുന്നതിൽ തങ്ങൾ അസന്തുഷ്ടരാണെന്ന് ചെൻലാ സൂചിപ്പിക്കുകയുണ്ടായി.പലതവണ നിർബന്ധിച്ചപ്പോളാണ് അദ്ദേഹം ഈ വിഷയത്തിൽ മനസ്സ്തുറന്നു സംസാരിച്ചത്.സൗത്ത് ഈസ്റ്റിൽ ഇന്ന് ചൈനയ്ക്കു വ്യക്തമായ സൈനിക താല്പര്യങ്ങളുണ്ട്. അത് സംരക്ഷിക്കുന്നതിനായി കമ്പോഡിയക്ക് എല്ലാ സഹായങ്ങളും വാരിക്കോരി നൽകുകയാണ്. ഇവിടുത്തെ വിദേശനിക്ഷേപത്തിന്റെ 70% ചൈനയുടേതാണ്. റോഡുകളും തുറമുഖം,വിമാനത്താവളം,വൻകെട്ടിടങ്ങൾ എന്നിവഎല്ലാം ചൈനയാണ് നിർമ്മിക്കുന്നത്. വൻതോതിൽ ഭൂമി വാങ്ങിക്കൂട്ടി ചൈനഇവിടെ ബിസിനെസ്സ്സാമ്രാജ്യം പടുത്തയർത്തിയിരിക്കുകയാണ്.ആഭ്യന്തര തെഴിൽമേഖലകളിൽ ചൈനീസ് പൗരന്മാർ ആധിപത്യം കൈയടക്കിയിരിക്കുകയാണ്. ഇതിൽ കമ്പോഡിയക്കാർക്കു പ്രധിഷേധമുണ്ടെങ്കിലും നിസ്സഹായരാണെന്നു ചെൻലാ വിഷമത്തിനോടെ പറഞ്ഞു. ചൈനീസ് ടൂറിസ്റ്റുകൾ ചൈനീസ് കടകളിൽനിന്നുംമാത്രം സാധനങ്ങൾവാങ്ങുന്നതിനാൽ കംബോഡിയാക്കാരുടെ കച്ചവടമെല്ലാം പൊളിയുകയുമാണ്. അധിനിവേശത്തിന്റെ പുതിയരീതികൾ ചൈന ഇവിടെ നടപ്പാക്കുകയാണ്. കസീനോകളെല്ലാം തന്നെ ചൈനീസ് ഉടമസ്ഥതയിലാണ്. പക്ഷെ അവിടെയൊന്നും കമ്പോഡിയന്സിന് പ്രവേശനമില്ല എന്ന് എഴുതിയത്കണ്ടപ്പോൾ ഞെട്ടിപ്പോയി. സ്വന്തം രാജ്യത്ത് അകറ്റി നിർത്തിയിരിക്കുകയാണ് കമ്പോഡിയന്സിനെ. കൊളോണിയലിസത്തിന്റെ പുതിയമുഖം തന്നെ. മറ്റൊരു മക്കാവു സൃഷ്ടിക്കുകയാണ് ചൈനയുടെ ലക്ഷ്യം

സുന്ദരമായ ബീച്ചുകളാണ് സന്ദർശിക്കാനുള്ളത്. ചെൻലാ യുടെഇന്ഗ്ലീഷ് ഉച്ചാരണം ഇത്തിരി കടുപ്പംതന്നെ. എങ്കിലും കമ്പോഡിയായുടെ കഥകൾ കേട്ട് സമയം പോയതറിഞ്ഞില്ല. ഹോട്ടലിൽ ചെക്കിൻ ചെയ്ത

ശേഷം ബീച്ചുകളിലേക്കിറങ്ങണം.


സിഹാനൂകിലെ ഞങ്ങൾതാമസിച്ച ഹോട്ടലിന്റെ മുന്നിൽ തന്നെയുള്ള ബീച്ചാണ് സിറൻഡിപിറ്റി ബീച്ച്.രാത്രിയിൽ കടലോരകാഴ്ചകൾ കാണാനിറങ്ങിയ ഞങ്ങൾ കണ്ടത് സ്കൈ ലാന്റെ ണു കൾ ഉയർത്തിപറപ്പിക്കുന്ന അതിമനോഹരമായ കാഴ്ചയാണ്. ജ്വലിക്കുന്ന ദീപങ്ങൾ ഘടിപ്പിച്ച കടലാസ് റാന്തലുകൾ ആകാശത്തേക്ക് ഉയർന്നു പൊങ്ങി പറക്കുമ്പോൾ കൊച്ചുനക്ഷത്രങ്ങൾ കണ്ണ്ചിമുന്നതിനു സമാനമായ മനോഹരദൃശ്യമാണ്.ഏകദേശം രണ്ടു മൂന്നു മീറ്റർ നീളമുള്ള ചുവന്നകടലാസ് പൈപ് പോലെ ഒട്ടിച്ചു ചേർത്ത് മുകളിൽ അടച്ചു,ഒരുഭാഗം തുറന്നരൂപത്തിൽവെക്കുന്നു.അവിടെ കനംകുറഞ്ഞകമ്പികൾ ചേർത്ത് കെട്ടി അതിൽ തിരിയിട്ടു കത്തിക്കുന്നു.തിരി കത്തുന്നതിനനുസരിച്ചു കടലാസ് കൂടിനകത്തെ വായു ചൂടായി ബലൂൺ പോലെ മുകളിലേക്കുയരും.കൂട്ടമായി അനേകം ഇത്തരം റാന്തലുകൾ ആകാശത്തേക്കുയരുന്ന കാഴ്ച അതി മനോഹരമാണ്.



2000 വർഷങ്ങൾക്കുമുമ്പ് ചൈനയിലാണ് ഈ രീതിആരംഭിച്ചത് എന്ന് പറയപ്പെടുന്നു.ബുദ്ധസന്യാസിമാർ തുടങ്ങിവെച്ച ഈ സമ്പ്രദായം പിന്നീട് വ്യാപകമാവുകയും ചൈനയിൽനിന്ന് കംബോഡിയയിൽ എത്തുകയുമാണുണ്ടായത്. ഇന്ന് സ്കൈ ലാന്റേൺ വില്പന വലിയൊരു കമ്പോളം കൂടി സൃഷ്ടിച്ചിട്ടുണ്ട്. മൂന്നു അമേരിക്കൻ ഡോളറാണ് ഒരു സാധാരണ സ്കൈ ലാന്റേണിന്റെ വില.

ഇത് വലിയ ഉത്സവമായി വർഷത്തിൽ ഒരിക്കൽ നടത്താറുണ്ടത്രെ.ലക്ഷക്കണക്കിന് ദീപങ്ങൾആകാശത്തേക്കുയരുന്ന ദൃശ്യത്തിന് സാക്ഷിയാവാൻ ജനങ്ങളെല്ലാം കടൽത്തീരത്തു എത്തിച്ചേരും.എന്നാൽ ഇത്തരം തീകത്തുന്ന ബലൂണുകൾ താഴെവീണു അഗ്നിബാധയുണ്ടാക്കാനുള്ള സാധ്യതയും വിരളമല്ല.

ചുവന്നനിറത്തിലുള്ള കടലാസുകൊണ്ടാണ് ഈ ദീപറാന്തലുകൾ നിർമ്മിക്കുന്നത്.ചുവപ്പു നിറം ശാന്തിയും സമാധാനവും സമൃദ്ധിയും കൊണ്ടുവരുമെന്ന് ചൈനക്കാർവിശ്വസിക്കുന്നു.ഇന്ന് കൂടുതലായി ഇത്തരം റാന്തലുകൾ അയക്കുന്നത് കമിതാക്കളാണ് എന്നഅറിവ് കൗതുകമായി.പ്രണയ സാഫല്യത്തിനായി യുവതി യുവാക്കൾ ഒരുമിച്ചു സ്കൈ ലാന്റനുകൾ പറത്തിവിടുന്നത് ധാരാളമായി കാണാമായിരുന്നു.പ്രേമിക്കുന്ന ജോഡികളുടെ പേരുകളും അവരുടെ ജീവിതാഭിലാഷവും എഴുതിയ ദീപങ്ങളാണ് അവർ ആകാശത്തേക്ക് ഉയർത്തിവിടുന്നത്.ദീപങ്ങൾ കണ്ണ്ചിമ്മാതെ ഉയർന്നുയർന്നു പോകുന്നത് നോക്കി കാമുകീകാമുകന്മാർ പ്രതീക്ഷയോടെ താഴെ പ്രാർത്ഥനയോടെ കൈകൂപ്പിനിൽക്കും.പ്രണയസാക്ഷാൽക്കാരത്തിനായി ശുഭ പ്രതീക്ഷയോടെ.



# 'രോഹിത്, നീയിന്നും മുറിവ്'



ചാക്കോ ഡി അന്തിക്കാട്

രോഹിത്,
നീ ഇന്നും
ഉണങ്ങാത്ത മുറിവ്!

പാതിരാ ഉറക്കത്തിൽ
'അമ്മേ'
എന്നലറി
ഞെട്ടിത്തെറിക്കുന്ന
കുഞ്ഞു മനസ്സുകൾ
വിവിധ ക്യാംമ്പസ്സുകളിൽ
പെരുകും കാലം!

രോഹിത്,
നീ ഇന്നും
വറ്റിയ കരുണയുടെ
നദിക്കരയിൽ
പൊട്ടിക്കരയാൻ
വെമ്പുന്ന ഉറവ!

മുയലിറച്ചി
ചുട്ടുതിന്ന
നീറുന്ന വെണ്ണീറിൽ
പൂണ്ടുപോയ
കാലുകൾ
വലിച്ചെടുക്കാൻ
ശ്രമിക്കുന്ന
കാവൽ നായയുടെ
ഹൃദയംപൊട്ടും
കുര കേട്ട്,

ജെയിംസ് ബോണ്ട്
സിനിമയിലെ
വില്ലന്റെ കൈയ്യിലൊതുങ്ങും,
കഴുത്തിൽ
സ്വർണ്ണനൂലുള്ള
പൂച്ചയെ തഴുകി,
പൂച്ചയ്ക്കുറങ്ങാൻ
വീണ വായിക്കുന്ന
ഏമാന്മാർ,
ശീതീകരിച്ച മുറിയിലെ
സായിപ്പിന്റെ കോട്ടിട്ട
ഒപ്പുതൊഴിലാളികളാവുമ്പോൾ,
രോഹിത്,
നിന്റെ കഴുത്തിലെ കുരുക്ക്,
പല ക്യാംമ്പസ്സുകളിലും

വട്ടംവീശി
കറങ്ങുന്നതറിയുന്നു ഞാൻ!

ഇപ്പോൾ
കെ. ആർ. നാരായണന്റെ പേരിലുള്ള
ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ
നീ വീണ്ടും ക്രൂശിക്കപ്പെടുകയാണോ?...

ആരാണ് അവിടുത്തെ
വിശുദ്ധ യൂദാസ്?

വീഞ്ഞിൽ
വിരലുകൾ മുക്കി,
കൈ കഴുകുന്ന
വിശുദ്ധ പീലാത്തോസ്?

വാൾ ഉറയിലിട്ട് നടക്കുന്ന
വിശുദ്ധ പീറ്റർ ഏമാൻ?

അനാവശ്യ
സംശയങ്ങൾ
ഇളക്കി വിടുന്ന
വിശുദ്ധ തോമാ സേവകൻ?

ചക്രവ്യൂഹം
കണ്ട് അന്ധാളിക്കാത്ത
അഭിമന്യുമാർ എവിടെ?

എവിടെ,
സ്വയം സമർപ്പിക്കാൻ
ഒരുങ്ങി നിൽക്കുന്ന
കർണ്ണന്മാർ?

ചൂണ്ടു വിരലിനോട്,
'മറ്റുള്ളവരുടെ
പെരുവിരലിനു ഉടൻ
സംരക്ഷണം കൊടുക്കൂ...'–
എന്ന് ആഹ്വാനം
ചെയ്യുന്ന
ഏകലവ്യന്മാർ
ഇരുട്ടിന്റെ
മറ നീക്കി
വരുമായിരിക്കും?

അവർ ആരായാലും
വന്നാലും,
ഇല്ലെങ്കിലും,
രോഹിത്,
നീ ക്യാംമ്പസ്സ്
ചരിത്രത്തിലെ
ഉണങ്ങാത്ത മുറിവ്!



കാലം അതിനൊരു
ലേപനം
നിർദ്ദേശിക്കും:

'സമ്പൂർണ സാക്ഷര വിപ്ലവം!'

രക്തസാക്ഷികളുടെ
ചോരയിൽ
കുതിർന്ന
ആ ലേപനത്തിന്
ഇതിലും
മഹത്തായ
പേര് വേറെയുണ്ടാകുമോ?

രോഹിത്,
നിന്റെ
കരയാത്ത കരച്ചിലിൻ
മുഴക്കം,
ഒപ്പമുണ്ട്...അല്ല,
ഒരു കാതം മുന്നിലുണ്ട്...

നിന്റെ മുറിവിലെ
ചോര ഒരിക്കൽ
ഉണങ്ങുമായിരിക്കും?

അപ്പോൾ,
വേർപാടിന്റെ
ശവകുടീരങ്ങളാകാതിരിക്കട്ടെ...
പ്രിയ ക്യാംമ്പസ്സുകൾ!

നുണകളുടെ,
അവഗണനകളുടെ,
കളരികളും!

---

**ജനുവരി 17: രോഹിത് വെമുല ഓർമ്മ ദിനം.**

കവിത

# ജീവിതത്താളുകളിലെ ചുവപ്പടയാളങ്ങൾ



ഷബ്നഅബൂബക്കർ

ചെഞ്ചായം പൂശിയ ഒത്തിരി
ഭാവങ്ങളുടെ വൈകാരികമായ
പകർന്നാട്ടങ്ങളുണ്ട്
ഓരോ ജീവിതത്തിലും...

കൊഞ്ചി ചിരിച്ചോടി നടന്നവളുടെ
നീട്ടിപ്പിടിച്ച കുഞ്ഞിളം
കൈകുമ്പിളിൽ നിറയെ
കളങ്കമില്ലാത്ത സ്നേഹത്തിന്റെ
മഞ്ചാടി ചുവപ്പ്..

കൈകോർത്തു കലപില കൂട്ടി
കടന്നുപോയ പാടവരമ്പിൽ
എളിമയുടെ ചേറിൻ ചുവപ്പ്...

കഥകൾ പറഞ്ഞും തല്ലുകൂടിയും
കളിച്ചും ചിരിച്ചും പങ്കുവെച്ച
മിഠായി മധുരങ്ങൾക്കിന്നും
സൗഹൃദത്തിന്റെ
തേൻനിലാവിൻ ചുവപ്പ്...

വേർതിരിവിന്റെ വയറ്റുനോവിനെന്നും
അശുദ്ധിയാൽ ഒറ്റയാക്കപ്പെട്ടതിന്റെ
മടുപ്പിക്കുന്ന കട്ട ചുവപ്പ്...

മെയ്യും മനസ്സും ഒപ്പത്തിനൊപ്പം
കുതിച്ചോടുമ്പോൾ കടമിഴിനോട്ടം
കൊണ്ട് കിതപ്പുയർത്തി ഹൃദയം കവർന്നവളു
ടെ
കവിൾ ചുഴിയിൽ പ്രണയത്തിന്റെ
വാക ചുവപ്പ്...

വിപ്ലവം മുറുകെ പിടിച്ച
മുഷ്ടിയുടെ കരുത്തിൽ
കൊടിയുടെ നിറത്തെ ചൊല്ലി
തമ്മിൽ തല്ലി ചത്തവന്റെയും
കൊന്നവന്റെയും ദേഹം മുഴുവൻ
കെട്ടടങ്ങാത്ത പകയുടെ
കനൽ ചുവപ്പ്...



മനസ്സിനെ ഉഴുതുമറിച്ച് വിരഹത്തിന്റെ
വിത്തു പാകിയ വിരസതയിൽ
പൂത്തു വിടർന്നതൊക്കെയും
ഭ്രാന്ത് മണക്കുന്ന ചെമ്പരത്തി ചുവപ്പ്...

കെട്ടിമുറുക്കിയ പൊൻതാലിയുടെ
ആലിംഗനത്തിനും ചുംബനങ്ങൾക്കും
മാറിമാറിയുന്ന ഓരോ ഭാവങ്ങൾക്കും
കരുതലിന്റെയും പങ്കുവെക്കലിന്റെയും
പനിനീർ ചുവപ്പ്...

നിരാശയുടെ ഒറ്റവരിക്കും
ആനന്ദത്തിന്റെ മറുവരികൾക്കും
കാത്തിരിപ്പിന്റെ നീളൻ ചുവപ്പ്...

അസ്ഥി നുറുങ്ങുന്ന നോവിലും
ഉയർന്നു കേട്ട ഇളം കരച്ചിലിനൊപ്പം
പുഞ്ചിരി പൊഴിക്കുമ്പോൾ
ഒഴുകിപടർന്നതൊക്കെയും
സംതൃപ്തിയുടെ കടും ചുവപ്പ്...

പ്രവാസം കട്ടെടുത്ത
യൗവ്വനത്തിന്റെ നട്ടുച്ച പനിയിൽ
കുത്തി നിറച്ച സിറിഞ്ചുകളിലൊക്കെയും
സമ്മർദ്ദത്തിന്റെയും പ്രമേഹത്തിന്റെയും
മടിപിടിച്ച ഹൃദയ ചുവപ്പ്...

ചേർത്തു നിർത്തുന്നൊരു കരമെങ്കിലും
തന്റെ ജീവാംശങ്ങളിൽ കണ്ടെടുക്കാനാവാതെ
നിരാശ ബാധിച്ച ജീവിതസായാഹ്നത്തിൽ
ഉമ്മറപടിയിൽ ചാരിയിരുന്നു ചവച്ചരച്ചു നീട്ടി
തുപ്പിയതിനൊക്കെയും സങ്കടത്തിന്റെയും
പ്രതിഷേധത്തിന്റെയും മുറുക്കാൻ ചുവപ്പ്...

വെട്ടിപിടിച്ചതും തട്ടിപ്പറിച്ചതും
തൊട്ടുനോക്കാനാവാത്തവിധം
ഇട്ടെറിഞ്ഞോടേണ്ടി വന്നവന്റെ
തണുത്തുറഞ്ഞ നെഞ്ചിലമർന്നത്
നിസ്സഹായതയുടെ ചെങ്കല്ലിൻ ചുവപ്പ്...

പ്രാർത്ഥനയുടെ മൂന്ന് പിടി
മണ്ണെറിഞ്ഞു തിരിച്ചു നടക്കുന്ന
ഓരോ മനസ്സിലും ശൂന്യതയുടെ
ഇരുട്ടിനെ ഓർമ്മപെടുത്തുമാ
പുതു മണ്ണിൻ ചുവപ്പ്.



# പ്രണയമേ..



സരസ്വതി. കെ. എം



കരളിൽ പൊടിച്ച്
കടമ്പിൽ പൂത്ത്
കദളിവാഴക്കൈയിൽ
വിരുന്നുവിളിക്കുകയായിരുന്നു
പ്രണയം
തിരകളിലലഞ്ഞ്
തീരത്താകെ പടർന്ന്
കണ്ണിൽ കണ്ണിൽ നുരഞ്ഞ്
കാൽപാദങ്ങളിലലിഞ്ഞ്
കാൽവിരലാലൊരു
കളമായങ്ങനെ നാണിച്ച്....
വാകമരച്ചോട്ടിലുതിർന്ന്
പാതയിലാകെചോന്ന്
വിറയാർന്ന വിരലുകളിൽ
പുസ്തകത്താളിലൂർന്നുയിരാർന്നു,
ഇരുഹൃദയങ്ങളൊന്നായൊരു
പൊൻനൂലിൽ കൊരുത്ത് പറന്ന്പറന്ന്
പലതും പലവഴി പിരിയുകയും
നൊമ്പരച്ചാലുകളായ് നിറയുകയും
ചിലത് മുള്ളുകളിൽ കുരുങ്ങി മുറിയുകയും
ചിലതെങ്കിലും ചില്ലകൾക്കിടയിൽ
കുടുങ്ങാതെ നൂലിഴപൊട്ടാതെ
ഒന്നുചേർന്നൊരാകാശം
പുൽകി, പൂവായ്
പ്രണയമായ് പുനർജനിച്ച് വീണ്ടും....
ഹൃദയത്തിൽനിന്നും ഹൃദയത്തിലേക്കുള്ള
ഊടുവഴിയിൽ
വലത്തോട്ടോ ഇടത്തോട്ടോ
പണമാണോ പ്രണയമാണോ
പതിരാണോ പലതാണോ
എന്ന് തിരിച്ചറിയാതെ
അനുരാഗരേണുപ്രവാഹത്തിന്
വഴിതെറ്റിയപ്പോഴാണ്
മൃദുലമായിരുന്നവ ഉരഞ്ഞുരഞ്ഞ്
മൂർച്ചകൂടിയത്
മൂളിപ്പാട്ടുകൾ മുരൾച്ചകളായ്
പൂന്തേനിൽ വിഷമൂറിയത്
പുല്ലാങ്കുഴൽ ഹുങ്കാരമായി
മരണത്തിന്റെ ഗുഹാമുഖത്ത്
പോർവിളിയായത്
സ്വയമെരിയാനും
അപരനെയരിയാനുമുള്ള
ആയുധമായത്....
തന്ത്രിപൊട്ടിയ വീണയിൽ
താളംതെറ്റിയ ശ്രുതിയുമായി
ഇടറിമുറിഞ്ഞ പാട്ടിലനാഥമായി
ഇടവഴിയിലെവിടെയോ കളഞ്ഞുപോയ
ഹൃദയംതേടി,
വീണ്ടുമലയുകയാണ്
പ്രണയം.....
അനശ്വരപ്രയാണം, പ്രണയം....!

# നവകേരളം

ഞരമ്പിൽ തിളയ്ക്കുന്ന
ചോരയ്ക്കിപ്പോൾ
അഭിമാന കഥകൾ
പറയാനുണ്ടാവാറില്ല.

പച്ചപ്പ് മാഞ്ഞ്
ചുവന്നുതുടുത്തതിൽപ്പിന്നെ
പൂക്കളിപ്പോൾ
ചിരിപൊഴിയ്ക്കാറില്ല.

ഞെട്ടറ്റ ബന്ധങ്ങളുടെ
വേരുകളിപ്പോൾ
മണ്ണിലാഴ്ന്നിറങ്ങാൻ
വെമ്പൽകൊള്ളാറില്ല.

അവിശ്വാസത്തിന്റെ
മുദ്രക്കടലാസിലൊപ്പിട്ട
പ്രണയങ്ങളിപ്പോൾ
പൂത്തുവിടരാറില്ല.

സാക്ഷരകേളിയിലും
സാക്ഷയിട്ട ചിന്തകൾ
നിരക്ഷരത വിട്ട്
ഉണർന്നെണീറ്റിട്ടില്ല.

കുടിച്ചുകുഴങ്ങിയ
കാലത്തിന്റെ
കാലുകളിപ്പോൾ
ഭൂമിയിലുറയ്ക്കാറില്ല.

ലഹരിയുന്മാദത്തിൽ
ഉത്തുംഗയൗവനം
സ്വപ്നലോകത്തുനിന്ന്
താഴെയിറങ്ങാറില്ല.

കൊടിനിറപ്പേരിലെ
കൊലവിളികളിന്ന്
ദുരിതപ്പെയ്ത്തിലെ
ഒരുമപ്പെരുമയോർക്കാറില്ല.

ആശ്ചര്യമകന്ന
വാർത്തകളിപ്പോൾ
ചുവപ്പുചാലിച്ചല്ലാതെ
കൺമിഴിയ്ക്കാറില്ല.

പുതുകാലത്തെയീനാട്
സ്വന്തമെന്നുരയാൻ
ദൈവമൊരിക്കലും
കൊതിക്കുന്നുണ്ടാവില്ല.



ശഫീഖ് അബ്ദുല്ല



# പെലച്ചിമടയിലെ പെണ്ണ്

കവിത

പെലച്ചിമടയിലെ
കാളിയുടെ മുലയിൽ
തൂങ്ങിയാണ്
നമ്പൂരിക്കുട്ടി വളർന്നത്.

പൂണൂലും കുടുമയുമായപ്പോൾ
കാളി തീണ്ടാപ്പാടകലെയായി.
നമ്പൂരിക്കുട്ടിയോടൊപ്പം
കാളിയുടെ മകളും വളർന്നു.
മുഴുത്തു.
പൂത്തു.
വിടർന്നു.

നമ്പൂര്യച്ചൻ
പൂണൂലും കുടുമയും
കുളക്കരയിലെ
കൈത്തോലപ്പൊത്തിലൊളിപ്പിച്ച്
പെലച്ചിമടയിലെത്തി.
കമാന്ന് മിണ്ടാൻ പറ്റാതെ


കാമപ്പുരയിൽ
നമ്പൂര്യച്ചനും
കാളിടെ മോളും
തിമർത്താടി.

കൊല്ലൊന്ന് കഴിഞ്ഞപ്പോൾ
കാളിടെ മോള് പെറ്റു.
പിതൃത്വമേൽക്കാതെ
പൂണൂലിൽ തെരുപ്പിടിച്ച്
തീണ്ടാടപ്പാടകലേക്ക്
ആട്ടിയോടിച്ചു.

അവളോ ...
നമ്പൂരിരക്തം
തീണ്ടപ്പെടാത്തിരിക്കാൻ
നമ്പൂരി കോലായിലേക്ക്
കുഞ്ഞിനെ വലിച്ചെറിഞ്ഞ്
പെലച്ചിമടയിലേക്ക്
ഉശിരോടെ നടന്നു.



രേഖ സി.ജി



# ഡോക്ടർ എം എൻ വിനയകുമാറിന്റെ
# ഹിഡിംബി



ദർശന

**ആ**ഖ്യാനപരമായ വ്യത്യസ്തത കൊണ്ട് ശ്രദ്ധേയമായ നോവലാണ് ഹിഡിംബി. ആമുഖത്തിൽ ശ്രീ ബാലചന്ദ്രൻ വടക്കേടത്ത് പറഞ്ഞതുപോലെ നോവലിസ്റ്റ് പ്രകൃതിയിലേക്കും പരിസ്ഥിതിബോധത്തിലേക്കും സാമൂഹ്യജീവിതത്തിലേക്കും നോക്കുകയാണ്. എന്നുവച്ചാൽ ഇതിഹാസത്തിലെ ഹിഡിംബി കാലത്തിന് അനുസൃതമായി പുനർനിർമ്മിക്കപ്പെടുകയാണ് എന്ന് കാണാം. പുതിയ കാലത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ഒരിതിഹാസത്തിലെ കഥാപാത്രത്തെ പുനർ സൃഷ്ടിക്കുകയാണ് കഥാകാരൻ ഇവിടെ ചെയ്യുന്നത് . യോജിച്ചും വിയോജിച്ചും തന്റേതായ ഒരു ശൈലിയിലൂടെ കഥയെ മുന്നോട്ടു നയിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിട്ടുമുണ്ട് . ഈ കഥ ഒരു പ്രതിരോധമാണ്.




ഹിഡിംബിയെ എല്ലാവർക്കും അറിയാം. എന്നാൽ വേണ്ടതരത്തിൽ വായിക്കപ്പെട്ടിട്ടില്ലാത്ത ഒരു കഥാപാത്രമാണ്, പ്രധാന സ്ത്രീകഥാപാത്രങ്ങളാൽ മറയപ്പെട്ടു പോയ ഒരു കഥാപാത്രം. ഏതോ ഒരു ഘട്ടത്തിൽ വന്നു പോയി പിന്നീട് അവസാനത്തിൽ അസാന്നിദ്ധ്യത കൊണ്ട് സാന്നിദ്ധ്യമായി മാറുകയാണ് ഈ കഥാപാത്രം ഇതിഹാസത്തിൽ.

ഇവിടെ നോവലിസ്റ്റ് ഹിഡിംബിയെ കുറത്തിയുടെ അസ്തിത്വം ഉള്ളവളായാണ് വരച്ചിട്ടിരിക്കുന്നത്.

മനുഷ്യനും പ്രകൃതിയും തമ്മിൽ വേർപിരിയാൻ തുടങ്ങുകയും പ്രകൃതിയിൽ നിന്ന് പിരിഞ്ഞ മനുഷ്യൻ ഒരിടത്തും പ്രകൃതിയോട് ഇണങ്ങുന്ന വന്യജീവികൾ മറ്റൊരു വശത്തുമായി നിൽക്കുമ്പോൾ ഉണ്ടാകുന്ന ഒരു ആശയ വ്യത്യസ്തത അല്ലെങ്കിൽ ആശയ സംഘട്ടനമാണ് ഈ നോവലിനെ മുന്നോട്ട് നയിക്കുന്നത് . മനുഷ്യൻ അധികാരിയാകുമ്പോഴത്രെ പ്രകൃതിയിൽനിന്ന് അകന്നു പോകുന്നത് . നോവലിൽ പലയിടത്തും വനവാസികൾ നാട്ടിൽ നിന്നും വരുന്നവരെ മനുഷ്യർ എന്ന് പറയുന്നതായിട്ടാണ് നോവലിസ്റ്റ് രേഖപ്പെടുത്തുന്നത്. കാടിനോട് ചേർന്ന് ജീവിക്കുന്നവർ അവർ കാടിന്റെ സ്വത്വം തന്നെയാണ് കാട്ടിലലിഞ്ഞ് ചേർന്നവരാണ്. അതുകൊണ്ടാണ് അവർക്ക് മൃഗങ്ങളുമായി വ്യത്യാസമില്ലാത്തത്. അവരോട് താദാത്മ്യം പ്രാപിക്കുന്നത് . അവർ സ്വയം വനജീവികളായി കണക്കാക്കുന്നത്. എന്നാൽ നാട്ടിൽ നിന്നും വരുന്നവർ കാടു വിട്ടു പോയവരാണ് കാട്ടിൽ നിന്നും അകന്നു പോയവരാണ് . അവർ പുതിയ സംസ്കാരം കുറിച്ചവരാണ്. അവരെയാണ് മനുഷ്യർ എന്ന് അടയാളപ്പെടുത്തുന്നത്. ഒപ്പം തന്നെ ദുരയും ആർത്തിയും തുടരെത്തുടരെ മുളച്ചുപൊന്തുന്നതും പ്രകൃതിദുരന്തങ്ങൾക്ക് ഇടയാകുന്നു എന്നാണ് നോവലിസ്റ്റ് ഈ നോവലിലൂടെ പറഞ്ഞുവെക്കുന്നത്. നാം അത് ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർഥ്യം .

എന്തായാലും ഞാൻ കഥാകാരനൊപ്പം പോകാനാണ് ആഗ്രഹിക്കുന്നത് . ഈ കഥ ആരംഭിക്കുന്നത് ചന്ദ്രേര എന്ന പെരുമ്പാമ്പിന്റെ കോന്തിയുമായുള്ള ബന്ധത്തെ വിശകലനം ചെയ്തു കൊണ്ടാണ്. ഒരു പെരുമ്പാമ്പ് ഒരു വനവാസിയോട് അടുപ്പം സ്ഥാപിക്കുക. അങ്ങനെ അടുപ്പം സ്ഥാപിക്കണമെങ്കിൽ അതിന് മതിയായ കാരണങ്ങൾ ഉണ്ടായിരിക്കും . ആ കാരണങ്ങളെ നോവലിസ്റ്റ് വളരെ കൃത്യമായി ഇവിടെ അടയാളപ്പെടുത്തുന്നുണ്ട്. കോന്തിയുടെ വാസസ്ഥാനമായ പേരാലാണ് വനത്തിലെ ജീവികളുടെ അഭയസ്ഥാനം . ആ പേരാലിൽ ആയിരക്കണക്കിന് കിളികൾ ഉണ്ട് . അവിടെയിരുന്നാൽ അവൾക്ക് കാട് എന്ന അവളുടെ പ്രപഞ്ചത്തെ അറിയാം. കാടിന്റെ , കാട്ടിലെ ജീവികളുടെ സങ്കടങ്ങൾ അറിയാം .എല്ലാം കാണുകയും കേൾക്കുകയും ചെയ്യാം. ചന്ദ്രേരയുടെ കോന്തീ എന്ന വിളി അവൾ മാത്രമേ കേൾക്കുന്നുള്ളൂ അല്ലെങ്കിൽ അവൾക്ക് മാത്രമേ കേൾക്കാനാകുന്നുള്ളൂ

കാരണം ആ കാടുമായി ആ കാട്ടിലെ വന്യജീവികളുമായി അവൾ അത്രയേറെ അടുപ്പം സ്ഥാപിച്ചിരിക്കുന്നതായി കാണാം. കോന്തിയുടെ പേരാലിൽ കിളികളുടെ കലമ്പൽ ഏത് കാലത്തും തിങ്ങി നിൽക്കും. അതിൽ കാറ്റു പതിക്കുമ്പോൾ ഇലകളെല്ലാം ചേർന്ന് ചിരിക്കുമത്രെ. പേരാലിന് മൗനം ഇല്ല ഏകാന്തതയും ഇല്ല എന്നാണ് ഗ്രന്ഥകാരൻ പറയുന്നത്. ഇവിടെ ഒരു സംശയം തോന്നുന്നത് പേരാലിനേക്കാൾ കാറ്റിനോട് കൂടുതൽ കലമ്പുന്നത് അരയാൽ അല്ലേയെന്നാണ്. . പേരാലിന്റെ ഇലകൾ ഇതുപോലെ ഇളകുമോ ?

കോന്തിയെ അവതരിപ്പിച്ചതുപോലെ തന്നെ ശ്രദ്ധേയമാണ് ഏകലവ്യന്റെ അവതരണവും. ഏകലവ്യനെ നായാടി ആയിട്ടാണ് അവതരിപ്പിക്കുന്നത് . നായാടിയെ അവതരിപ്പിക്കുമ്പോൾ എത്ര ശ്രദ്ധയോടെയാണ് തള്ളവിരലിന്റെ ശൂന്യതയെക്കുറിച്ച് പറയുന്നത്. ആ ശൂന്യത ഇല്ലായിരുന്നെങ്കിൽ വനാതിർത്തിക്കകത്ത് ആരും കടക്കുമായിരുന്നില്ല. ഭൂതകാലത്തിന്റെ ഞരമ്പിൽ തൊടുമ്പോൾ പൊള്ളുന്നുവത്രേ. അന്നേരം മനസ്സിൽ വൃക്ഷക്കൊമ്പുകൾ ആടിയുലയും കറുത്ത പാടകൾ പാറി വീണു കരച്ചിലിന്റെ വായ്പൊത്തും. നികൃഷ്ടതകളിൽ ആറാടുന്ന മനുഷ്യൻ കാട്ടിലിറങ്ങി വെളിച്ചം മോഷ്ടിക്കുന്നു എന്ന് പറയുന്നത് യാഥാർത്ഥ്യമാണ്.

പുരാണ കഥാപാത്രങ്ങളെ അതേപടി ആവിഷ്കരിക്കുകയല്ല കാലത്തിനനുസൃതമായി അവരെ പുനസൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് കാണാം .

തന്റേതായ വിശദീകരണങ്ങളിലൂടെ ഓരോ കഥാപാത്രത്തെയും വളരെ സൂക്ഷ്മമായി അദ്ദേഹം സൃഷ്ടിക്കുകയും കാലത്തിന് അനുസൃതമായി അവയെ പുതുക്കുകയും ചെയ്തിട്ടുണ്ട്.

ഏകലവ്യനെ നാട്ടിൽ നിന്നും വന്ന അവന്റെ സമപ്രായക്കാരായ കുറച്ചുപേർ ഒരു മരത്തിൽ പിടിച്ച് കെട്ടിയിടുകയും പെരുവിരൽ മുറിച്ചു മാറ്റുകയും പെരുവിരൽ അവർ കൊണ്ടുപോവുകയും നായാടിക്കുട്ടിയെ കോന്നിയുടെ അമ്മയായ ചോല മുത്തിയും കോന്തിയും ചേർന്ന് ചികിത്സകളിലൂടെ രക്ഷപ്പെടുത്തുകയാണ് ഉണ്ടായത് എന്ന നിലയിലേക്കുള്ള കഥയുടെ ഒരു പുനരാഖ്യാനം പുതുമയുള്ളതാണ്.

കുന്തിയും പഞ്ചപാണ്ഡവന്മാരും കാട്ടിൽ പോവുകയും പിന്നീട് അവരെപ്പറ്റി യാതൊരു വർത്തമാനവും കേൾക്കാതെ വരികയും ആളുകൾ മുറുമുറുപ്പ് തുടങ്ങുന്നതും അവർ അരക്കില്ലത്തിൽ നിന്നും രക്ഷപ്പെടുന്നതും ആ രക്ഷപ്പെടലിന് കോന്തിയുടെ ജീവിതവുമായുള്ള ബന്ധവും വളരെ സൂക്ഷ്മമായാണ് നോവലിസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനുശേഷം കഥ ചടുലമായി നീങ്ങുന്നുണ്ട്.

കാട് എന്നത് ജീവന്റെ ഭാഗമായി കരുതുന്ന വനവാസികളും കാട്ടിലെ മൃഗങ്ങളും തമ്മിലുള്ള ചങ്ങാത്തവും ഇഴ പിരിയാത്ത ബന്ധങ്ങളും സഹവാസവും വളരെ നന്നായി വിവരിച്ചിട്ടുണ്ട് . ആഖ്യാതാവ് ഓരോ കഥാപാത്രങ്ങളെയും അടയാളപ്പെടുത്തുന്ന രീതി ഇതുവരെ പരിചയച്ചതിൽ നിന്ന് വളരെ വ്യത്യസ്തമാണ് . കോന്തനെന്ന ഹിടിമ്പനെ ക്രൂരനും ദുഷ്ടനുമായ ഒരു രാക്ഷസൻ ആയിട്ടാണ് ഇതിഹാസത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. എങ്കിൽ ഇവിടെ കാട്ടിലെ വിഷമുള്ള പഴങ്ങളും അഴുക്കുനിറഞ്ഞ ചോലകളും അറിയാതെ അപകടത്തിൽ പെടരുത് എന്ന ധാരണയോടെ നക്ഷത്രങ്ങൾ വഴികാട്ടി വന്നവരെ രക്ഷിക്കാനുള്ള കോന്തന്റെ ചിന്തകളെ അത് പറഞ്ഞു മനസ്സിലാക്കാനുള്ള അവന്റെ വാക്കുകളില്ലായ്മയെ തെറ്റിദ്ധരിച്ച് കോന്തൻ കൊല്ലപ്പെടുന്ന ഒരു ദൃശ്യമാണ് ഈ കഥയിൽ വരച്ചിടപ്പെടുന്നത്. പുറംലോകം കാണാതെ കൊടുംകാടിനുള്ളിൽ കഴിയുകയും പ്രകൃതിയോട് സംവദിക്കുകയും ചെയ്യുന്ന ഒരുവന് ഭാഷ ആവശ്യമില്ല എന്ന് വ്യക്തമാക്കുകയാണ് ഇവിടെ. അതുകൊണ്ടുതന്നെയാണ് അവന്റെ മുറിവാക്കുകൾ എന്തെന്ന് മനസ്സിലാക്കാൻ കാടിന് അപരിചിതരായ ആളുകൾക്ക് സാധിക്കാതെ വരുന്നതും. ഇത്തരത്തിലുള്ള നിരവധി സന്ദർഭങ്ങൾ ഈ നോവലിൽ വായിക്കാനാകും . കപടരും ചതിയരുമായ നാട്ടുവാസികളെക്കാൾ വനവാസികൾ എത്ര നിഷ്കളങ്കരാണ് എന്നുകൂടി ബോധ്യപ്പെടുത്താൻ നോവലിസ്റ്റ് ശ്രദ്ധിക്കുന്നുണ്ട്.

കോന്തനെ കൊന്നതിന് ഒരു ന്യായീകരണം കുന്തി പറയുന്നത് നോക്കൂ. ഇന്ന് ഭക്ഷണം തടഞ്ഞവൻ നാളെ അധികാരവും തടയും എന്നാണ്.

മനുഷ്യരെന്നാൽ വെറുതെ കൊല്ലുന്നവരാണെന്ന് വനവാസികൾ എങ്ങനെ ചിന്തിക്കാതിരിക്കും?

.

നോവലിസ്റ്റ് മനുഷ്യരെ കുറിച്ച് അടിവരയിട്ട് പറയുന്ന ഒരു കാര്യം അവർക്ക് ഭയം മാത്രമേയുള്ളൂ എന്നാണ്. അവരുടെ പ്രവൃത്തിയിൽ മറ്റുള്ളവർ പ്രതികാരം വീട്ടാൻ വരുമോ എന്ന ഭയം. ആ ഭയത്തിന്റെ മൂർദ്ധന്യത്തിലാണ് അതുമായി ബന്ധപ്പെട്ടവരെയെല്ലാം കൊന്നൊടുക്കാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറയാതെ പറയുകയാണ് ഈ നോവലിൽ. എന്തുകൊണ്ടാണ് പാണ്ഡവർ കാടിനെ ബഹളത്തിൽ അമർത്തിയത് എന്ന് വന്യമൃഗങ്ങളെ പേടിപ്പിച്ച് ഓടിച്ചത് എന്ന് നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. കാടിന്റെ മൗനം കൈപ്പുനീർ തളംകെട്ടി നിൽക്കുന്ന ഓർമ്മകളിലേക്ക് അവരെ കൊണ്ടുപോകുമത്രേ. ആ മൗനം തച്ചുടക്കുന്നതിന് വേണ്ടി ചെയ്യുന്നു എന്നാണ് ഇത്തരം പ്രവർത്തികൾക്ക് നൽകുന്ന ന്യായീകരണം. .

പാണ്ഡവരുടെ വനവാസം അവരെ ഭൂതങ്ങളാക്കി മാറ്റിയത്രെ. ബുദ്ധിമന്ദിച്ചവർ, പകയുള്ളവർ, ആനയോടും പാമ്പിനോടും വരെ ഏറ്റുമുട്ടുന്നവർ. വൃക്ഷങ്ങളോട് പോലും കരുണയില്ലാത്തവർ. കാട് ഇപ്രകാരമാണ് അവരെ വിലയിരുത്തിയത്.

കോന്തിയുമായുള്ള വിവാഹത്തിന് വേണ്ടിയുള്ള മുന്നൊരുക്കങ്ങളും വിവാഹഘോഷയാത്രയും പക്ഷേ എന്തൊക്കെയോ ഒരു ആസ്വാരസ്യമാണ് വായനക്കാരനിൽ

സൃഷ്ടിക്കുന്നത്. കാടിനുള്ളിൽ അടയാഭരണങ്ങൾ അണിഞ്ഞ് അലങ്കാര വിഭൂഷിതരായാണ് വിവാഹത്തിൽ പങ്കെടുക്കുന്നവർ എത്തിയത്. കൊട്ടാരത്തിലെ പോലെ അത്രയ്ക്ക് ചേതോഹരമായ ഒരു ആഘോഷച്ചടങ്ങല്ല അത് എങ്കിലും ഒരു കാട്ടിൽ ആ കാടുമായി ഒട്ടും ചേരാത്ത തരത്തിലുള്ള ഒരു വിവാഹ ഘോഷയാത്ര. അതിന്റെ വർണ്ണനകൾ വായനക്കാരനിൽ അസ്വസ്ഥതകൾ ജനിപ്പിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഭീമസേനന്റെ നിർബന്ധപ്രകാരം ഹിഡിംബിയുമായുള്ള അവന്റെ വിവാഹത്തെപ്പറ്റി ആലോചിക്കുമ്പോൾ കുന്തി ചിന്തിക്കുന്നത് അതൊരു താൽക്കാലികമായ ബന്ധം മാത്രമാണെന്നാണ്. ഒപ്പം തന്നെ അധികാരം കയ്യിൽ കിട്ടുമ്പോൾ ചേർത്ത് നിർത്തേണ്ടവരുടെയും മുറിച്ചു കളയേണ്ടവരുടെയും എണ്ണവും ഗുണവും എല്ലാം ക്ഷത്രിയന് അറിയാം എന്ന വിശ്വാസവും. ഭാവിയിൽ യുദ്ധം അനിവാര്യമാണെന്നും ബന്ധുഗുണം കുറഞ്ഞ തങ്ങൾക്ക് ഇതിലൂടെ പ്രബലമായ ഒരു സൈന്യം ഉണ്ടാക്കിയെടുക്കാനാകുമെന്ന ഗൂഢലക്ഷ്യവും കുന്തിയുടെ ഈ സമ്മതത്തിനു പിറകിലുണ്ട് .

കോന്തിയുമായി ഇണങ്ങുന്നവർ എത്ര പെട്ടെന്നാണ് കാടുമായി താദാത്മ്യം പ്രാപിക്കുന്നതെന്ന് നോക്കൂ. ഒരുവേള കാട്ടിൽ തന്റെ ശിഷ്ടകാലം കോന്തിയോടൊപ്പം സ്വച്ഛമായി ജീവിച്ചു തീർക്കാൻ പോലും ഭീമൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ കോന്തിയെ ഉപേക്ഷിച്ച് നാട്ടിലേക്ക് പോയി തിരികെ വരുന്ന ഭീമൻ തികച്ചും വ്യത്യസ്തനാണ്.

തുടർന്ന് വരുന്ന യുദ്ധവും ഘടോൽക്കചനു അച്ഛനോടുള്ള ആഭിമുഖ്യവും യുദ്ധത്തിൽ സഹായിക്കാൻ പോകുന്നതും തുടർന്നുള്ള ദാരുണമായ അന്ത്യവും വായനയുടെ ചടുലത വർദ്ധിപ്പിക്കുന്നു. മൃതദേഹത്തെ പോലും അപമാനിക്കുന്ന ക്രൂരത ഈ വർത്തമാനകാലത്തും ഉണ്ടെന്ന് ഓർമ്മപ്പെടുത്തുന്നതാണ് ഘടോൽകചന്റെ മരണം. കോന്തിയും നായാടിയും വേരറ്റ വൃക്ഷങ്ങളായി മാറുകയാണ് . അവർ പറയുന്നത് ഞങ്ങൾ തോറ്റാൽ ഭൂമി തോറ്റു എന്നാണ്. ഘടോൽക്കച ന്റെ മരണമെന്ന തോൽവി ഒരു ആവാസവ്യവസ്ഥയുടെ ദയനീയമായ പതനത്തെയാണ് അടയാളപ്പെടുത്തുന്നത് .

തനിച്ചായി പോകുന്ന കോന്തി മരണത്തിലൂടെ ശിലയായി മാറുകയാണ് .ഭൂമിയുമായി അത്രയേറെ താദാത്മ്യം പ്രാപിച്ചവൾ ശിലയായി മാറുകയല്ലാതെ മറ്റെന്താണ് ഉണ്ടാവുക?

ഈ നോവലിന്റെ വായന എന്നെ സംബന്ധിച്ച് ഒരു വെല്ലുവിളിയായിരുന്നു. പല പ്രാവശ്യം എടുത്തു നോക്കിയിട്ടും വായനയിലേക്ക് പ്രവേശിക്കുവാനാവാതെ അടച്ചു വെക്കപ്പെട്ട ഒരു പുസ്തകം. അതെന്തുകൊണ്ട് എന്ന് എനിക്കും അറിയില്ല. എന്നാൽ നാലോ അഞ്ചോ അധ്യായങ്ങൾ കഴിഞ്ഞപ്പോൾ മാത്രമാണ് വായനയുടെ ആവാസവ്യവസ്ഥയിലേക്ക് എനിക്ക് കടന്നു കയറാനായത്. ഒരുപക്ഷേ ഉപയോഗിച്ചിരിക്കുന്ന വാമൊഴി സൃഷ്ടിച്ച ഒരു അസ്വസ്ഥതയായിരിക്കാം അതെന്ന് എനിക്ക് തോന്നുന്നു. പിന്നെ സുദീർഘമായ വിവരണങ്ങളും ചിന്തകളും ഒരല്പം ലഘൂകരിച്ചെങ്കിൽ രണ്ടാമൂഴം പോലെ തന്നെ അതീവ ഹൃദ്യമായ ഒരു രചനയായി ഇത് മാറുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. . മഹാഭാരത കഥയുമായി ബന്ധപ്പെട്ട നോവലുകളുടെയോ പുസ്തകങ്ങളുടെയോ ഒരുതരത്തിലുള്ള അനുകരണവും ഈ കൃതിയിൽ വരുന്നില്ല. മാത്രമല്ല ഭൂമിയോടുള്ള അങ്ങേയറ്റത്തെ സ്നേഹം ഇത്രയേറെ എന്നെ സ്പർശിക്കുന്ന വിധത്തിൽ മറ്റൊരു പുസ്തകത്തിലും ഞാൻ വായിച്ചിട്ടില്ല. ആദ്യന്തം ഒരു നാടകീയത നിലനിർത്താൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ് .

അരക്കില്ലത്തിൽ കൊല്ലപ്പെട്ടവർ ഏതോ ഒരു വഴിപോക്കർ, പിതൃക്കൾ അയച്ചവർ എന്നൊക്കെ അസ്ഥിത്വം ഇല്ലാതെ എഴുതിത്തള്ളപ്പെട്ടവർക്ക് ഈ നോവലിൽ ഒരു അസ്തിത്വം ഉണ്ടാക്കി കൊടുക്കാൻ കഥഗതിക്ക് കോട്ടം തട്ടാതെ തന്നെ വിനയകുമാർ സാറിന് കഴിഞ്ഞു. ഹിടിംബിയുടെ വായന സൃഷ്ടിക്കുന്ന പാരിസ്ഥിതികമായ അവബോധം വളരെ വലുതാണ്. അതിനാൽ തന്നെ ഈ പുസ്തകം ധാരാളം വായിക്കപ്പെടേണ്ടത് ആവശ്യമാണ്. ●



പ്രദീഷ് കുഞ്ചു



# പ്രണയം വിളമ്പുമ്പോൾ

കുറെയേറെ കൊടുത്തു എന്നുള്ള പൊള്ളത്തരത്തിൽ ജീവിച്ചതിനു ശേഷം കിട്ടുന്ന വെളിപാട് ഇത്രമാത്രമാണ്. 'വേണം വേണം' എന്നുള്ളതിൽ കെട്ടിച്ചമച്ച കുരുത്തകേടുകൾ മാത്രമായിരുന്നു നേടിയെന്നതൊക്കെ. 'ഉള്ളതെ കൊടുക്കാൻ കഴിയൂ' എന്നതൊക്കെ എത്രമാത്രം ഋജുവായ ജീവിത സത്യമാണ്. 'സ്നേഹിക്കാൻ ഒരാളുണ്ടായിരുന്നുവെങ്കിൽ നല്കാൻ ഒരു കുന്ന് സ്നേഹം എന്റെ കയ്യിൽ ഞാൻ കരുതുന്നുണ്ട്' എന്നതിലൊക്കെ എന്തുമാത്രം പൊള്ളത്തരങ്ങളുടെ മഹാ സമ്മേളനങ്ങളാണെന്നോ.

എത്രനേരം കാത്തു നിന്നെന്നോ അവളെ കാത്ത്. ഒടുവിലാണറിഞ്ഞത് അവൻ എത്തിയ സമയം തന്നെ അവളിറങ്ങിയിരുന്നു. പിന്നെ വീമ്പു പറച്ചിലായി 'എന്റെ വിലപ്പെട്ട സമയം നിനക്ക് വേണ്ടി'. സത്യത്തിൽ അവനു വേണ്ടി മാത്രമായിരുന്നു അവൻ കാത്തുനിന്നത്. പൊള്ളയായ ഉള്ളം നിറയ്ക്കാൻ കാത്തുവെച്ച ചമയത്തിന്റെ തെറ്റായ മേൽവിലാസം മാതമായിരുന്നു 'നീയെന്നെ സ്നേഹിക്കുന്നതിനെക്കാൾ ഞാൻ നിന്നെ ഒരുപാടൊരുപാട് സ്നേഹിക്കുന്നു' എന്നൊക്കെയുള്ള മേനി പറച്ചിൽ. ദരിദ്രനായിരുന്നു എന്നതിന്റെ തെളിവു പറച്ചിലുകൾ തന്നെയാണ്, ഒന്നും കിട്ടിയില്ലെന്നൊക്കെയുള്ള അടക്കം പറച്ചിൽ. സത്യത്തിൽ നീയൊന്നും കൊടുത്തിട്ടില്ല. കൊടുക്കാതെ എവിടുന്നു കിട്ടാൻ? ഉള്ളിലൊന്നുമില്ലാതെ, എവിടെന്നെടുത്തു വിളമ്പാൻ?

ആദ്യം ഉള്ളുനിറയ്ക്കണം. ജൈവപരമായ ഒരമ്മയാവാതെ കുഞ്ഞുങ്ങളോട് തോന്നുന്ന അമ്മിഞ്ഞ സ്നേഹം പോലെ. പ്രണയിനികളേതുമില്ലാതെയൊരു പ്രണയഗാനം അതിന്റെ ആഴത്തിൽ ആസ്വദിക്കുവാനാവുന്ന പോലെ. വെയലിനെ പഴിക്കാതെ പാടത്ത് ക്രിക്കറ്റ് കളിക്കുന്ന കുട്ടികളെപ്പോലെ. അങ്ങനെയങ്ങനെ. നിശ്ചലാവസ്ഥയിലും നേട്ടങ്ങൾ ഒരുപാടുണ്ടെന്നുള്ള വെളിപാടുകൾ വന്നുപെടുമ്പോൾ, ചിലതൊക്കെ കേറിവരുന്നുണ്ടെന്നും, മനസ്സുകൊണ്ട് നിറഞ്ഞ് ജീവിക്കാൻ അത്രമാത്രം ഒട്ടിച്ചേരലിന്റെയും താങ്ങുവടികളുടെയും ആവശ്യമില്ലെന്നുമുള്ള തോന്നലിൽ എന്തൊരു അന്തസ്സാണ് നുരയുന്നത്.

മനസ്സു നിറയെ പ്രണയം നിറച്ച് പ്രണയിക്കണമെന്ന മോഹമേതുമേയില്ലാതെ ഒരു പ്രണയഗാനം കേൾക്കുന്നുഞാൻ

മനുഷ്യൻ മാത്രമല്ല ഈ ലോകത്തിലേക്കും വെച്ച് ഏറ്റവും 'മനോഹരമായ സൃഷ്ടി' എന്ന് പറഞ്ഞു പഠിക്കണം. അങ്ങനെ ഞാനൊന്ന് വിട്ടു പിടിച്ചത്, കഠിനമല്ലെങ്കിലും ഇച്ചിരി വാശിയൊക്കെയുള്ള കൂട്ടത്തിലാണ് ഈ മനുഷ്യ ജാതി എന്നതുകൊണ്ടു മാത്രം ആണ് .

ആരെന്നറിയേണ്ടാത്ത ഒരാൾ പുറകിൽ നിന്ന് കെട്ടിപ്പിടിച്ചു നിൽക്കുന്നു

ദൈവമേ എന്നെ പ്രണയത്താൽ നിറക്കണമേ ...



# ഒരു ഗ്രാമത്തിന്റെ കഥ

**ശങ്കരൻ കരുമാലി**

**ഓ**ടും നിരപ്പലകയും എന്നും പ്രാധാന്യമുള്ള ആ പഴയ ചത്വരത്തിൽ നിന്നല്ലേ തുടങ്ങേണ്ടത്. വിസ്മൃതിയിലേക്ക് അടർന്നുപോയ ഓടിട്ട നീണ്ട കെട്ടിടത്തിൽ നിന്ന്. മാനവജന്മംപോലെ അതിന്റെ വിനാശവും സംഭവിച്ചിരിക്കുന്നു. ഒരുപാട് കാലം ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ കണ്ടറിഞ്ഞ മുത്തശ്ശി മയ്യത്തായി. വാർദ്ധക്യ സഹജമായ ജീർണത മൂലം വിടവാങ്ങിയെന്നും പറയാം. ആരും ഫ്ളക്സ്ബോർഡുവച്ച് ആദരാഞ്ജലികൾ അർപ്പിച്ചില്ല. അനുശോചനയോഗവുംചേർന്നില്ല. ഏതുയർച്ചക്കും ഒരുപതനം അനിവാര്യമെങ്കിലും കൂടെനടന്നവർക്ക് കണ്ടുനിൽക്കാൻ പ്രയാസം. പകരം പണിത രണ്ടുനില ഷോപ്പിങ്ങ് കോംപ്ളക്സാണ് പുതിയ വ്യാപാര സമുച്ചയമായി തുടർന്ന് നിലനിൽക്കേണ്ടത്. മറ്റെല്ലാം മറവിയുടെ പെട്ടകത്തിലൊതുങ്ങണം. മുമ്പ് നിരപ്പലകയിട്ട കടമുറികളുടെ ശ്രൃംഖല യായിരുന്നു അവിടെ. ഉടമ പെരുമ്പിള്ളി കൊച്ചുഗോവിന്ദൻനായർ.പിന്നീട് അനുജൻ കേശവൻനായർക്ക് ഭാഗംചെയ്തു കൊടുത്തു. ആ സാങ്കേതിക മികവിനെ സ്തുതിക്കാതെ വയ്യ.

കാരണം, തമ്മിൽ ചേരാൻ പാടില്ലാത്ത ഏതോ കുടുംബത്തിലെ പെൺതരിയുമായ ടിയാനുമുടിഞ്ഞപ്രണയം. പുഴക്കരയിലെ പറമ്പിൽ പണികളുണ്ടെന്നു പറഞ്ഞ് കാര്യസ്ഥൻ ചമഞ്ഞിറങ്ങിയിരുന്നത്അവളെക്കാണാനായിരുന്നു. സംഗതി മണത്തറിഞ്ഞ ജ്യേഷ്ഠൻ അവന്റെ കൈകാലുകൾ ബന്ധിച്ച പണികൊടുത്തുവത്രെ. പലചരക്ക് കടയിൽ രാവിലെഏഴുമുതൽ രാത്രിഎട്ടുവരെ ഇരുന്നേ മതിയാവൂ. പുറത്തിറങ്ങാൻ അനുവാദമില്ല. അങ്ങനെ ആ പ്രണയം കാഷ്മേശയുടെ പിന്നിലെ കസേരയിൽ അമർന്നുപോയി.

മുപ് ളിയത്തുള്ള കുറുവത്ത്തറവാട് വിലക്കുവാങ്ങി ഓടും വെട്ടുകല്ലും മര ഉരുപ്പടികളും കാളവണ്ടി യിൽ കടവുവരെയും കോപ്ളിശങ്കുരുവിന്റെ കടത്തുതോണിയിൽ മറുകരയ്ക്കും അവിടന്ന് വീണ്ടും മറ്റൊരു കാളവണ്ടിയിൽ ജംങ്ക്ഷൻവരെയുമുള്ള കെട്ടിടസാമഗ്രികളുടെ സഞ്ചാരം ഇന്നോർക്കുമ്പോൾ ബ്ളാക്ക്ആൻറ് വൈറ്റ് ചലച്ചിത്രം പോലെ ചിന്താബന്ധുരം. ചക്രങ്ങളുരുളുന്നു. കുടമണികൾ കിലുങ്ങുന്നു. കാളവണ്ടി തെളിച്ചു അന്തോണിമാപ്ള ചാട്ടവാർ ആകാശത്തുയർത്തി ശബ്ദമുണ്ടാക്കുന്നു. ആയ് ..ആയ്.. ഓടി നടക്ക് മക്കളെ.. കൊറച്ചു ദൂരേള്ളൂ. ഭാരെറ

ക്കിക്കഴിഞ്ഞാ കുശാലായ തീറ്റതരാം. തവിട്, പിണ്ണാക്ക്..വൈക്കോല്... പുല്ല്. അങ്ങനെയങ്ങനെ...അന്ന് കാളകൾക്കും മനുഷ്യഭാഷ ഹൃദിസ്ഥമായിരുന്നു. നല്ല വാക്ക് പറഞ്ഞു പ്രോത്സാഹനം നൽകിയാൽ ശിക്ഷിക്കാതെ മൃഗങ്ങളെയും പാട്ടിലാക്കാമെന്നറിഞ്ഞസാരഥി. എത്ര കടകളാണുണ്ടായിരുന്നത്.ഓർത്തു നോക്കാം.

പടിഞ്ഞാറ് കൊച്ചാപ്പുവിന്റെ സൈക്കിൾ കട. തെറ്റി.  നന്ദിപുലം വായനശാലയുടെ ട്രയാംഗിൾ രൂപമുള്ള,  ചിതൽ വിട്ടു പോകാത്ത മുറി. വാടകക്കാശു കൊടുക്കാനില്ലാത്ത സ്ഥാപനത്തിന് അതും മേന്മയേറിയതുതന്നെ. അവിടുന്ന് കിഴക്കോട്ട് കുഞ്ഞയ്യപ്പന്റെ ബാർബർകട. അതാണ് റീഡിംഗ്റൂം. പത്രം.സിനിമാ മാസിക. കൂടാതെ ലൈബ്രറിയുടെ കയ്യെഴുത്തു മാസികയും. പലർക്കും എഴുതാനും വരക്കാനും ഇടംനൽകിയ പ്രസിദ്ധീകരണം. അതിന്റെ അന്ത്യം ഒരുനേരമ്പോക്കോടെയായിരുന്നു.. കുഞ്ഞയ്യപ്പൻ ചുവരിലെഴുതി വച്ചിരുന്ന അതേവാചകം ഒരുവിരുതൻ പുറംചട്ടയിൽ പകർത്തി. 'കക്ഷം വടിക്കുന്നതല്ല: ബാർബറേഴ്സ് അസോസിയേഷൻ'. കൂടെ കുഞ്ഞയ്യപ്പന്റെ രേഖാചിത്രവും. പിറ്റേന്ന് കണ്ടത് ഷേവുചെയ്ത സോപ്പുപതയെടുക്കാൻ തുണ്ടമായി നുറുക്കിയ പേജുകളായിരുന്നു. തന്റെ കവിതക്കു മുകളിൽ ഇങ്ങനെയൊരു വിസർജ്യം കണ്ടപ്പോൾ സുന്ദരൻമാഷു പറഞ്ഞു: നമുക്കു മതിയാക്കാം. സ്വന്തം വായനാമുറിയുണ്ടാകുമ്പോൾ തുടരാം. മണിക്കൂർ കണക്കാക്കി സൈക്കിൾ വാടകക്കു കൊടുത്തിരുന്ന കൊച്ചാപ്പുവിന്റെ സേവനം സ്വീകരിക്കാത്ത ബാല്യങ്ങളും യുവത്വവും അന്നുണ്ടായിരുന്നില്ല./ഒരു ബഞ്ചിനപ്പുറമാണ് .അറക്കൽ രാമൻകുട്ടി യുടെ അരി ഹോൾസെയിൽ. നന്ദിപുലം സൊസൈറ്റി നടത്തുന്ന ഏരിയാക്കാടൻ കുട്ടൻ മാനേജരും സെയിൽസ്മാനുമായ റേഷൻ കടയും ചേർന്നുതന്നെ. അദ്ദേഹം ആരോടും നൊ എന്നുപറഞ്ഞതായി ചരിത്രമില്ല. നാട്ടുകാരുടെ അന്നദാതാവെന്ന അപരനാമത്തിന് അർഹൻ. ദാനധർമ്മങ്ങൾ കാരണം വിറ്റുവരവ് സൊസൈറ്റിയിൽ തിരിച്ചടക്കാൻ ഇല്ലാതാവുമ്പോൾ സ്വന്തം ശമ്പളത്തിൽ നിന്നും നൽകുന്ന പരമകാരുണികൻ. വി.പി.പ്രഭാകര മേനോൻറെ തുണിക്കട. ശങ്കുണ്ണിയുടെ തയ്യൽകട.



തയ്യൽകട എന്ന് പറഞ്ഞു കൂടാ. വരാന്തയിൽ ഒരു തയ്യൽമെഷീൻ. വൈകുന്നേരം പണികഴിഞ്ഞാൽ മേനോൻറെ തുണിക്കടയിലേക്ക് നീക്കിയിടും. രാവിലെ പുറത്തേക്കും. കോലായിലായോണ്ട് വാടകവേണ്ട. മൂന്ന് മുതൽ ആറു വയസ്സ് വരെയുള്ള ആൺകുട്ടികൾക്കുള്ള വള്ളിട്രൗസറുകൾ റെഡിമെയ്ഡ് ആയി കിട്ടിയിരുന്ന സ്ഥലം. നീലയിൽ കറുത്തവരയുള്ള തലയിണത്തുണികൾക്കായിരുന്നു ഡിമാന്റ്. മുതിർന്ന പുരുഷന്മാർക്ക് നിക്കർ തൈക്കാനും ആ തുണി തെരഞ്ഞെടുത്തിരുന്നു. പഞ്ഞിനിറക്കുന്ന കിടക്കയുണ്ടാക്കാൻ ഈ തുണിക്കാണ് ആവശ്യക്കാരേറെ. നാട്ടിലെ ഏതുകുട്ടികളുടെ പേരുപറഞ്ഞാലും അവർക്ക് തൈക്കേണ്ട അളവ് ശങ്കുണ്ണിക്ക് ഓർമ്മവരും. വയസ്സ് പറഞ്ഞാമതി.അഥവാ ശങ്കുണ്ണി നിശ്ചയിക്കുന്ന അളവാണ് അളവ്. അടുത്ത മു

റി കാഞ്ഞിലി നീലാണ്ടൻനായരുടെ കാലി ബ്രോക്കർ ഓഫീസ് കം നറുനീണ്ടി സർബത്ത് കട. ഒരു ഫ്ളഷ്ബാക്ക് കൂടിയാവാം.. പഞ്ചസാര അപൂർവമായ കാലത്ത് ചുരുക്കം നാല് റാത്തൽ പഞ്ചസാരയെങ്കിലും നറുനീണ്ടി ചതച്ചിട്ട വെള്ളത്തിൽ തിളപ്പിച്ച് കുറുക്കി ചില്ലു കുപ്പിയിലാക്കിവെച്ചിരിക്കും ഭാര്യ കൊച്ചുകുട്ടിയമ്മ. വെളുപ്പിനു പുറപ്പെടുന്ന ഭർത്താവിനെ ഏൽപ്പിക്കാൻ. ഒരുഗ്ളാസ് വെള്ളത്തിൽ ഒരൗൺസ് ചേർത്താൽ നല്ല മധുരമുള്ള പാനീയം റെഡി. ചിലർ പകുതി ചെറുനാരങ്ങയും പിഴിഞ്ഞുതരാൻ പറയും. ആടുമാടുകളെ കച്ചവടം നടത്തിയ കമ്മീഷനും സർബത്ത് വിറ്റ് കിട്ടിയകാശും എണ്ണിതിട്ടപ്പെടുത്തി വച്ച ഷർട്ടിന്റെ പോക്കറ്റ് കാലിയാവുന്നത് വൈകീട്ട് ഏഴരക്കാണ്.കാരണം രാത്രി ഭക്ഷണം ഏഴുമണിക്ക് കഴിച്ച് ഭാര്യയോട് അല്പം അങ്ങാടി വിശേഷങ്ങൾ പറഞ്ഞാൽ ഷർട്ടൂരി ചുമരിലെ ആണിയിൽ തൂക്കിയിടും. പോക്കറ്റ് പരിശോധനയും കണക്ക് കൈകാര്യവും ഭാര്യയുടെ ചുമതലയിൽ പെടുന്നു. ആ ചെറുജോലിയുടെ വരുമാനംകൊണ്ട് രണ്ടാൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും വളർത്തി. പഠിപ്പിച്ചു. അല്ലലറിഞ്ഞു വളർന്ന അവർ പിന്നീട് കേന്ദ്ര സംസ്ഥാന സർവീസുകളിൽ ഉദ്യോഗംനേടി അച്ഛനമ്മമാർക്ക് തുണയായതും അല്ലലറിയാത്ത പുതുനാമ്പുകൾക്ക് ജന്മംകൊടുത്തതും ചരിത്രം.

പിന്നെയാണ് കെട്ടിട ഉടമയുടെ പലചരക്ക് കട. ചുമരിൽ കാണാം,. ചില്ലിൽ ഫ്രയിം ചെയ്ത് ആണിയിൽ തൂക്കിയ കാളമാർക്ക് നല്ലെണ്ണ എന്ന് എഴുതിയ ഫോട്ടോ. ഗ്രാമത്തിലെആദ്യപരസ്യബോർഡ് ഇതായിരിക്കാം. സാധനമെടുത്തു കൊടുപ്പുകാരൻ കൃഷ്ണൻകുട്ടിനായരാണ് .മുലപ്പൊക്കത്തിൽ ചുട്ടിക്കര തോർത്തു മുണ്ടുടുത്ത് ചാക്കുകൾക്കിടയിലൂടെ നടക്കുന്ന രൂപം മറക്കില്ല. അഞ്ഞൂറ് ഉള്ളി. ഇരുന്നൂററമ്പത് മുളക്. ജീരകം അമ്പത്. കടുകും ഉലുവയും നൂറുവീതം. എന്നാവർത്തിച്ചുകൊണ്ട് ആകെ രൂപ ഇത്ര എന്ന് പറയുന്ന മനക്കണക്ക് അപാരം. സാധനങ്ങൾ അന്ന് പാതിയുണങ്ങിയ തേക്കിലക്കുമ്പിളിലിട്ടാണ്ത്രാസിൽ തൂക്കംനോക്കുക. തേക്കിലയുടെ ഭാരം മുൻതൂക്കമിട്ട് കട്ടിവക്കും. ഉപഭോക്താക്കൾക്ക് യാതൊരു നഷ്ടവും വരുത്തില്ല. വെളിച്ചെണ്ണയാണെങ്കിൽ കൃത്യം അളവിനുശേഷം കുറച്ചു കൂടിഒഴിക്കും. വാങ്ങുന്നവന് സന്തോഷം. അളവിൽ യാതൊരു കൃത്രിമവും കാണിക്കാത്ത പലചരക്കുകടയാണ് കേശവൻ നായരുടേത്.

കടം പറയരുത് എന്ന ബോർഡ് ഇല്ലെങ്കിലും നാട്ടുകാർക്കറിയാം കടം ചോദിച്ചാൽ കിട്ടീന്നുവരില്ല. കീഴ്ജാതിക്കാരാണെങ്കിൽതമ്പ്രാന്ന് വിളി കേൾക്കും മുമ്പ് ഉത്തരവിറങ്ങും, എന്താച്ചാ വാങ്ങീച്ചോ. കയ്യിൽ കാശു കിട്ടുമ്പോ തരാൻമറക്കണ്ട. എനിക്ക് തൃശൂർ ന്ന് വെറുതേ കിട്ടണ മൊതലല്ലാന്ന് ഓർമ്മവേണം നിങ്ങൾക്ക് എന്ന് പറയാനും മറക്കില്ല. കേശവൻനായരുടെ അമ്മ കാർത്ത്യായനിയമ്മയയും മറക്കുന്നത് ഉചിതമല്ല. സാമ്പത്തിക ശാസ്ത്രത്തിൽ സ്വയം നടപ്പാക്കുന്ന പദ്ധതികളുണ്ട്. കുടുംബത്തിലേക്ക് അധികച്ചെലവിനായി പലവ്യഞ്ജനങ്ങൾ വാങ്ങേണ്ടിവന്നാൽ അതിന്റെ വിലയ്ക്ക് സമാനമായി ഒന്നോരണ്ടോകെട്ട് തേക്കിലകളും പാളചീന്തിയ വള്ളികളും കടയിൽ സാമാനങ്ങൾ പൊതിയുന്നതിനായി കൃഷ്ണൻകുട്ടിനായരെ ഏല്പിക്കും. മക്കളുടേതായാലും കച്ചവടം കച്ചവടംതന്നേ. രാത്രിയിൽ കുടുംബാംഗങ്ങൾ അധികനേരം സംസാരിച്ചിരിക്കുന്നതു കണ്ടാൽ വിളക്ക് ഊതിക്കെടുത്താൻ മറക്കില്ല. മണ്ണണ്ണച്ചിലവു കുറക്കാൻ മറ്റെന്താണ് മാർഗം. ശബ്ദം കേക്കാൻ വെളിച്ചംവേണ്ട. കണ്ടു സംസാരിച്ചാലുംപറയുന്നതൊന്നു തന്ന്യല്ലേന്നാണ് സാധൂകരണം.

അടുത്തകാഴ്ച വസ്തു മരംകൊണ്ടുള്ള വലിയഡസ്ക്. അതിലാണ് ഉപ്പുചാക്കുകൾ അട്ടിയിടുക. ഏററവും വിലകുറഞ്ഞ ആ സാധനം ആരും മോഷ്ടിക്കില്ലാന്ന് കേശവൻനായർക്കറിയാം.തെക്കോട്ടുള്ള കോലായിൽ അരിക്കാട്ട് കുമാരൻനായരുടെ മുറുക്കാൻകട. കൈകാൽ സ്വാധീനം കുറഞ്ഞ അദ്ദേഹത്തിനും വാടക ഒഴിവുണ്ട്. പകരം സൗഹൃദത്തിനായി ഒരു പാസ്സിങ്ങ്ഷോ സിഗരറ്റ് എന്നും കടയടച്ചു പോകുമ്പോൾ കേശവൻനായർ കൈപ്പറ്റുമായിരുന്നു. പിന്നെയാണ് അടക്കപ്പന്തൽ. നാട്ടിൽ ധാരാളം കിട്ടുന്ന പങ്ങടക്ക പുഴുങ്ങി കളികൊടുത്ത് ഉണക്കി ഓലമെടഞ്ഞുണ്ടാക്കിയ വട്ടികളിലാക്കി തൃശൂർക്ക് കയറ്റിയയക്കുന്ന സ്ഥാപനം. മൂലക്കല്ലുകൾ താങ്ങിനിർത്തിയ പനമ്പുമറയിട്ട ഒരു

ഷെഡ്. വലിയ കുഴിയടുപ്പുകളിൽ വിശ്രമിക്കുന്ന നാലുകാതൻ ചെമ്പുകൾ. ചട്ടുകങ്ങൾ. അടക്കവിരിച്ച് ഉണക്കാനുള്ള പനമ്പുകൾ മൂലയിൽ അടുക്കിവച്ചിരിക്കുന്നു.. ഒന്നരാടം ദിവസങ്ങളിലേ അടുപ്പെരിയൂ. കാരണം ചെമ്പിൽ നിറയേണ്ടത്ര നുറുക്കടക്ക എന്നും ഉണ്ടായെന്നുവരില്ല. പക്ഷേ പെൺതൊഴിലാളികൾക്ക്സ്ഥിരംപണിയുണ്ട്. വെയിൽ കുറവായ ദിവസങ്ങളിൽ ചേകിലിട്ട് കളിയടക്ക ഉണക്കണം. ജോലിയുടെ ഗുരുലഘുത്വം നോക്കിയാവും തരംതിരിവ്.

ഭാരംകൂടിയവ സ്ത്രീകളെക്കൊണ്ട് എടുപ്പിക്കാറില്ല. ചേകിനു മുകളിലേക്കും അവർക്ക് പ്രവേശനം നിഷിദ്ധം. ഒരിക്കൽ തുള്ളിക്കൊരുകുടം കണക്ക് മഴപെയ്ത പകൽ. കളിയടക്കയുണക്കാൻ ചേകുകത്തിക്കണം. ഓരോ കാരണങ്ങൾ പറഞ്ഞ് പലരും എത്തിയിട്ടില്ല. ഒറ്റക്കൊരാൾക്ക് ചെയ്യാവുന്ന പണിയുമല്ല. പ്രധാന പണിക്കാരനായ കുട്ടിഅയ്യപ്പൻ കേശവൻനായരോട് പറഞ്ഞു. ഒരു തണ്ടാത്തിപ്പെണ്ണിനെ കിട്ടിയാലും മതി സഹായത്തിന്. ചേകിനടുത്തുവരെ സാധനം എത്തിച്ചുതരണം. കോണികയറലും ഉണക്കലും നടത്തിക്കോളാം. എല്ലാവരും ഇങ്ങനെ ഒരുമിച്ചു വരാതിരുന്നാൽ പന്തല് നടത്തിക്കൊണ്ടോവാൻവെഷമാ. ഒരാൾക്ക് ഒഴിവില്ലെങ്കിൽ പകരം മറ്റൊരാളെ അയക്കണം. അതല്ലേ ശരി. പറഞ്ഞിട്ടെന്താ കാര്യം. ചുമതലാബോധംല്ല്യ ആർക്കും. നിനക്കെങ്കിലു ണ്ടായീലോ . ഭാഗ്യം. കേശവൻനായർ ഉപാധിവച്ചു. നീ ആരെയെങ്കിലും വിളിക്ക്. നാലഞ്ചുരൂപ കൂടുതൽ കൊടുക്കാം. മഴ പിന്നെയും തകർത്തു പെയ്തുകൊണ്ടിരുന്നു..ആരെയന്വേഷിക്കണമെന്ന ചിന്തയിൽ പുകഞ്ഞപ്പോഴാണ് മുൻവശത്തെ വെട്ടുവഴിയെ ത്രസിപ്പിച്ചുകൊണ്ട് ചീതപ്പുലയി വരുന്നതു കണ്ടത്. പ്രതീക്ഷിച്ചതു പോലെ അരവിനായരുടെ തട്ടുകടക്കുമുമ്പിലെത്തിയപ്പോൾ തിണ്ണയിൽ നെൽച്ചാക്കിറക്കി വിശ്രമിക്കാനിരുന്നു. മാപ്ളേടെ കമ്പനീല് കുത്തിച്ച് ചേറിവെടിപ്പാക്കി കേശമ്പ്രാന്റെ കടേല് കൊടുക്കാൻ വീട്ടീന്ന് തന്നുവിട്ടതാ. മണ്ഡലക്കാലായോണ്ട് ഉണക്കലരിക്ക് ആവശ്യക്കാരും കൂടും. ഈ മഴേത്ത് എന്താചെയ്യാ. അവൾ മുറുക്കാൻ വാങ്ങി വായിലിട്ടു ചവച്ചു. താനേ പറഞ്ഞു തുടങ്ങി.

ചുമടെടുപ്പിക്കാൻചീതവേണം എല്ലാർക്കും. കൂലിതരാനാ പിശുക്ക്. കുട്ടി അയ്യപ്പന് ബുദ്ധി ഉണർന്നു .ഇതാണവസരം.ചീതനെല്ലുംചാക്കെടുത്ത് അടക്കപ്പന്തലിൽവയ്ക്ക്. മഴകൊള്ളണ്ട. നനഞ്ഞാൽ അരീടെ ഗുണം കുറയും .കൊറച്ച് നേരത്തേക്ക് സഹായത്തിന് ഒരാളെത്തേടാൻ കേശമ്പ്രാൻ പറഞ്ഞു നീങ്ങ്യേള്ളു. അപ്പഴാ ചീതേടെ വരവ്. നന്നായി. തേടിയവള്ളി കാലിൽ എന്ന പഴമൊഴി സത്യം. പത്തു കെട്ട് കല്യടക്ക ചേകിലാക്കി പരത്തി യിടാൻ കൂടണം. തനിച്ച് പറ്റാത്തോണ്ടാ. പണിക്കാരാരും വന്നില്ല്യ. രണ്ടിരട്ടി കൂലീംതരാം. ചീത ചുറ്റുപാടും നോക്കി. അങ്ങാടിയിൽ ആളനക്കം നിലച്ചുപോയോ .ഒരു മഴ പെയ്തപ്പോഴേക്കും. തട്ടികമാറ്റി ഉള്ളിൽകടന്ന അവൾപറഞ്ഞു.

കടേന്ന് കിട്ടിയ മുറുക്കാന്റെ അടക്ക ചൊരുക്കുണ്ടോന്ന് സംശ്യം. കളിയടക്ക നാലണ്ണം വായിലിടാൻ തന്നാ പണി തൊടങ്ങാം. നാലല്ല നാല്പതിനും കുട്ടി അയ്യപ്പൻ തയ്യാർ. അകലെ വച്ചോളൂ. കൂട്ടിത്തൊടണ്ട. മുതിർന്ന ജാതിക്കാരശുദ്ധാവും. അവൾ നീങ്ങിനിന്നു. ചുവന്ന അധരവും കരിവണ്ടിന്റെ നിറവും മദജലം തുളുമ്പുന്ന കണ്ണുകളും മാത്രമായി അയാളുടെ മുമ്പിൽ. ചേകും കളിയടക്കയും എരിയുന്ന കനലും കണ്ടില്ല കുറച്ചു നേരം. സുഗന്ധ മായാലോകം. ഈ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ആരുടെ സൃഷ്ടിയാണാവോ.. ചീതയുടെ ശബ്ദംകേട്ടു. ഓരോകെട്ടും തലയിലേക്ക് ഉയർത്തിത്തന്നാൽ ചേകിൽ കൊണ്ടിടാം. നേരംകളയേണ്ട. മഴതോർന്നാൽ പോകണം. ഓരോകെട്ടും തലയിലേക്കുയർത്തിക്കൊടുക്കുമ്പോഴും ഭാരം തോന്നിയില്ല. കുനിഞ്ഞു നിൽക്കുമ്പോഴത്തെ മാറിടത്തിന്റെ ഉയർച്ചയിലായിരുന്നു മനസ്സ് ആണ്ടിറങ്ങിയത്. എല്ലാം ചേകിനുളളിലെത്തിയപ്പോൾ ഒരഭ്യർത്ഥനകൂടി നടത്തി.

മഴതോരാൻ നേരമെടുക്കും. മുകളിൽ വന്ന് ഒരുമിച്ച് പരത്തിയിടലും കഴിച്ചാൽ മുഴുവൻ ദിവസത്തെ കൂലി വാങ്ങിപ്പോകാം. ചെലനേരത്ത് തൊട്ടുകൂടായ്മ മറക്കുന്നതാ ബുദ്ധി. കാലം ഒരു പൊട്ടിത്തെറിക്ക് കോപ്പുകൂട്ടുകയായിരുന്നു.ചീതപ്പെണ്ണ് മുകളിലേക്ക് കോണികയറി.ഓരോപടികളിലേക്കും കാലുയർത്തുമ്പോൾ നിതംബചലനം നോക്കി താഴെനിന്ന കുട്ടിഅയ്യപ്പന്റെ പെരുവിരൽ മുതലുള്ള സിരകളിൽ തീജ്വാല പടർന്നുകയറി.

ചീത വിളിച്ചു. കയറി വന്നോളൂ. ഒരുമിച്ചാ പണീട്ത്തോന്ന് ദയവുചെയ്ത് ആരോടും പറയല്ലേ. കേശമ്പ്രാനും അറിയരുത്.. ഇല്ല. മൂന്നാമതൊരാളും അറീല്ല്യ. അയ്യപ്പൻ കുട്ടി യും ചേകിനുള്ളിൽ കയറി വാതിലടച്ചു. ചാറിനിന്നിരുന്ന മഴക്ക് വീണ്ടും ശക്തികൂടി. പിറ്റേന്ന് കേട്ടവാർത്ത അയ്യപ്പൻ കുട്ടി നായര് സ്വന്തം ഭാര്യയെ ഉപേക്ഷിച്ചെന്നും കുടികെടപ്പ് ചീതപ്പുലച്ചീടെ കൂടെയാക്കീന്നും. കേശവൻ നായർ അയാളെ അഭിനന്ദിച്ചത്രെ. ചേരേണ്ടത് ചേർക്കാൻ ഒരടക്കപ്പന്തലിനും കഴിയും. ഒഴിവാക്കാൻ ഒരു പലചരക്കുകടയ്ക്കും എന്ന് പറയാതെയും പറഞ്ഞു. സ്വജീവിതം ദൃഷ്ടാന്തം. കാഞ്ഞിലി അരവിനായരുടെ തട്ടുകടക്കും ചിലതു കുറിക്കാനുണ്ട്. മുറുക്കാനും മുട്ട ഓംലേറ്റും സ്പെഷൽ.. അടുത്ത മുറിയിലെ ചാരായക്കടയിൽനിന്നുംചാരായം വാങ്ങുന്നവർക്ക് സ്വൈരമായിരുന്ന് കുടിക്കാൻ തുണിക്കർട്ടനിട്ട് ഒരു ബഞ്ചും അവിടെ സ്ഥാപിച്ചിരുന്നു. ചില സന്ധ്യകളിൽ മദ്ധ്യവയസ്കരായ ചില തരുണികൾ മുറുക്കാൻ വാങ്ങാനെന്ന വ്യാജേന മുറിയിൽ കടന്നിരുന്നതായും അസൂയക്കാർപറഞ്ഞു പരത്തി. അന്ന് സാധനങ്ങൾക്ക് നാലിരട്ടിവിലയാണത്രെ .പുറത്ത് പാട്ടയിൽ കൂമ്പാരം കിടക്കുന്ന മുട്ടത്തൊണ്ടുകൾ കുടിയന്മാരുടെ ഏകദേശം കണക്കുപറയും. കറുത്ത പ്രതലത്തിൽ വെളുത്ത അക്ഷരത്തിൽ ആർക്കും അകലെനിന്നും വായിക്കാവുന്ന ബോർഡാണ് കടയ്ക്കുമു മ്പിൽ. ചാരായം. ലൈസൻസ് നമ്പരും ചേർത്തിട്ടുണ്ട്. ചെറുതാണെങ്കിലും ചാരായവിൽപനയായതോണ്ട് കൂടുതൽ വാടകയും ആ മുറിക്കുതന്നെ. കടമുറികളുടെ വാടക അതാതുദിവസം കിട്ടിയേ മതിയാവൂ കേശവൻ നായർക്ക്.അതുകൊണ്ട് എല്ലാവരും കട അടക്കുംമുമ്പ് വാടക ടിയാൻെറ മേശപ്പുറത്ത് എത്തിച്ചിരിക്കും. അതെല്ലാം എണ്ണിനോക്കി കവറിലാക്കിവക്കും.പിറ്റേന്ന് പലചരക്കുകട തുറക്കാൻ ആദ്യ നിരപ്പലകനീക്കിയാൽ വലിപ്പിൽനിന്നും പണമെടുത്ത് സഹകരണബാങ്കിൽ നിക്ഷേപിച്ചേ ചുമരിൻെറ മൂലയിൽ സ്ഥാപിച്ച സുബ്രഹ്മണ്യനുപോലും വിളക്കുവക്കൂ.

മറ്റു നിരപ്പലകകൾ ഊരിയെടുക്കാൻ ഈച്ചരൻ സഹായിക്കും. പകരം കടയുടെ ഇറയത്തിരുന്ന് കുടകൾ റിപ്പയർ ചെയ്യാനുള്ള അവകാശം ഫ്രീ. മുട്ടുള്ള കുട സ്ത്രീകൾക്കും ചൂരൽകാലുള്ള കുട പുരുഷന്മാർക്കും എന്നാണ് വകഭേദം. കറുത്ത ശീലക്കുട അഭിമാനത്തിന്റെ മുദ്രയും കൂടിയായിരുന്നു. റിപ്പയർ ചെയ്യാൻ പറ്റാത്ത പഴയ കുടകളിൽ നിന്നും ശേഖരിച്ച കമ്പികളും കാലുകളും ശീലകളും കൂടാതെ കുറച്ചു നൂൽക്കമ്പിയും ചെറിയൊരു ചുറ്റികയും ചേർന്ന ടൂൾബോക്സ് മുരുക്കിൻ പലകകൊണ്ട് നിർമ്മിച്ചതത്രെ. അതിൽ കാണും എല്ലാവിധ സ്പെയർപാർട്ടുകളും. വവ്വാൽ പരുവമായ കുടകൾ പത്തോ പതിനഞ്ചോ മിനിറ്റിന്റെ കൈത്തഴക്കത്തിൽ പുതുപുത്തനായിത്തീരുന്ന അവസ്ഥാന്തരം കുട്ടികൾ അത്ഭുതത്തോടെ നോക്കിയിരിക്കും.

പെൺകുട്ടികളുടെ പുതിയകുടയിൽ സൂചിയും നൂലുമുപയോഗിച്ച് പേരെഴുതിക്കൊടുക്കുന്നതിന് കൂലിയും വാങ്ങാറില്ല . ഈച്ചരൻ കുട നന്നാക്കാൻ പഠിച്ചത് ആരും പരിശീലനം കൊടുത്തിട്ടല്ല. കമനീയമായി ഓലക്കുട നിർമ്മിക്കുന്ന ഇച്ഛാശക്തി ശീലക്കുടയിലേക്കും വ്യാപരിച്ചെന്നുമാത്രം. പനയോലകൊണ്ടുള്ള മറക്കുട നിർമ്മാണത്തിലും ഈച്ചരന്റെ കയ്യൊപ്പു പതിഞ്ഞിരുന്നു. പുറത്തിറങ്ങുമ്പോൾ മറ്റുള്ളവർ തങ്ങളുടെ മുഖം കാണാതിരിക്കാനാണ് നമ്പൂതിരി സ്ത്രീകൾ മറക്കുട ഉപയോഗിച്ചിരുന്നത്. പക്ഷെ പുറത്തുള്ള പുരുഷന്മാരെ കാണാനുള്ള അവരുടെ ആഗ്രഹനിവൃത്തിക്കായിആവശ്യക്കാർക്ക് ഓലകളിൽ ഒരു പ്രത്യേകസ്ഥാനത്ത് സൂത്രദ്വാരം തീർക്കാനും ആ പുരോഗമനേച്ഛു രഹസ്യമായി സഹായിച്ചിരുന്നെന്നും ജനസംസാരമുണ്ട്.

ഒരിക്കൽ കേശവൻനായർ ഈ സംശയം ഉന്നയിച്ചപ്പോൾ കേട്ട മറുപടിയും ചരിത്രം. അവരും മനുഷ്യരല്ലേ. ഈ ഭൂമീലെ എല്ലാം എല്ലാർക്കും കാണാനും അനുഭവിക്കാനും ദൈവം തന്നിട്ടുള്ളതാ. അവരും കാണട്ടെ രഹസ്യമായെങ്കിലും പുരുഷസൗന്ദര്യം.

മഴത്തുള്ളികൾ തടയാൻ കണ്ണോട്ടകൾ തുന്നിച്ചേർക്കുന്ന ആൾക്ക് അധോലോകരെ പുറംലോകം കാണിക്കാൻ കിളിവാതിലു തീർക്കാനും നിയോഗണ്ടെന്നു കൂട്ടിക്കോളൂ. പൊതുധാരയിൽനിന്നും വ്യത്യസ്തനായ ഒരാൾ. ഈച്ചരനെന്ന് വാമൊഴി യെങ്കിലും ഈശ്വരൻ എന്നല്ലേ നാമധേയം. ●

# പാഴ്മരം



ഷിജി ജയരാജ്

കൂട്ടിവായിക്കാൻ ചൊല്ലാത്തവരെ
പാഴ്ജന്മമെന്ന് ചൊല്ലാമോ.
പൂക്കില്ല, കായ്ക്കില്ലയെങ്കിലും ,
പാഴ്മരമെന്നു വിളിക്കാമോ.
പൂക്കാലമെന്നിൽ നിറയാത്തതും
വസന്തകാലം പിണങ്ങിയതും .
ശിശിരത്തിലങ്ങനെ പത്രങ്ങളായി
കൊഴിയുന്നതും പാഴ്മരമായതിനാലോ .
പീലി വിടർത്തി ഛത്രപോൽ
തണലേകുവാനായില്ലേ ഞാൻ.
കായ്ഫലമില്ലാത്തതൊന്നും
പാഴായ ജീവിതമായി കരുതല്ലേ?
കരയാനും ചിരിക്കാനും നെടു-
വീർപ്പിനാൽ പൊഴിയാനുമറിയാം.
ആകാശംമുട്ടെ വളർന്നു ഞാൻ
തണലേകി,കൂടേകി, ശുദ്ധമാം
വായുവും നൽകിയെങ്കിലും,
പാഴ്മരം പാഴ്മരം എന്നു തന്നെ
ഉലകിൽ തീർപ്പുകാലം.






### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ കുട്ടികൾക്കായുള്ള പുതിയ പംക്തിക്ക് തുടക്കം കുറിക്കുന്നു. 15 വയസ്സിന് താഴെയുള്ളവരുടെ രചനകളാണ് ഈ പംക്തിയിൽ ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്ര വിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



# പ്രളയം കഥ പറയുമ്പോൾ ...

**കോ**രിച്ചൊരിയുന്ന മഴ ജനൽപ്പാളികളിൽ കൈവിരലുകൾ കോർത്തു വെച്ച് ഭവ്യ നോക്കി നിന്നു. ആ പെരുമഴപ്പെയ്ത്ത് അവളെ ഇന്നലെകളുടെ ഓർമ്മയിലേക്ക് കൂട്ടിക്കൊണ്ടുപോയി.

പതിവുതെറ്റിച്ച് ആ സ്വാതന്ത്ര്യദിനം സ്വാതന്ത്ര്യത്തിന്റെ മധുരം നൽകുന്നതിന് പകരം പ്രളയക്കെടുതിയുടെ, അരക്ഷിതാവസ്ഥയുടെഅസ്വാതന്ത്ര്യത്തിന്റെ നൊമ്പരമാണ് തനിക്ക് സമ്മാനിച്ചത്.

വെള്ളക്കാരുടെ കറുത്ത മനസ്സിന്റെ ക്രൂരതകളിൽ നിന്ന് രാജ്യം രക്ഷ നേടിയ സ്മരണയുടെ ദിനത്തിൽ പ്രളയത്തിന്റെ കറുത്ത നിഴൽ വീഴുകയായിരുന്നു. സ്കൂളിലെ സ്വാതന്ത്ര്യ ദിന പരിപാടിയിൽ സരോജിനി നായിഡുവായി അഭിനയിച്ച് കയ്യടികൾ നേടിയപ്പോൾ മനസ്സിനുണ്ടായ സന്തോഷം വീട്ടിലേക്കുള്ള വഴിയിലെല്ലാം വെള്ളമായി എന്നറിയിച്ച് അച്ഛൻ വിളിച്ചപ്പോൾ ഇല്ലാതെയായി.

ടീച്ചർമാരുടെയും കൂട്ടുകാരുടെയും പ്രശംസകൾ കേട്ട് കൊതിതീരും മുൻപ് വീട്ടിലേക്ക് തിരിച്ചു പോകേണ്ടി വന്ന സങ്കടമായിരുന്നു മനസ്സിൽ. വെള്ളത്തിന്റെ ഒഴുക്ക് ശക്തമായി പുറകിലേക്ക് തള്ളിയിട്ട് തോൽപ്പിക്കാൻ ശ്രമിച്ചെങ്കിലും ബ്രിട്ടീഷുകാരുടെ ആയുധങ്ങൾക്കുമുന്നിൽ പതറാതെ, അഹിംസ ആയുധമാക്കി പോരാടിയ ഭാരതീയരെപ്പോലെ പൊരുതി നടന്ന് ഒരു വിധത്തിൽ വീട്ടിലെത്തി. പക്ഷെ പ്രളയ ജലം അവന്റെ മുന്നിൽ തങ്ങളെ മുട്ടുകുത്തിച്ചു.

അന്ന് ദുരിതാശ്വാസ ക്യാമ്പിൽ ഞങ്ങൾ അഭയം തേടി. തങ്ങളെപ്പോലെ പ്രളയം പൊറുതി മുട്ടിച്ച ഒരുപാടുപേർ...

കൊടും തണുപ്പിനെ ചെറുക്കാൻ അധികൃതർ തന്ന കമ്പിളിപ്പുതപ്പുകൊണ്ട് ദേഹമാസകലം പൊതിഞ്ഞ് നിലത്തു വിരിച്ച പുൽപ്പായയിൽ ഉറങ്ങാൻ കിടക്കുമ്പോഴും വീടിനെന്തെങ്കിലും സംഭവിച്ചിട്ടുണ്ടാവുമോ എന്ന ഉത്കണ്ഠയായിരുന്നു മനസ്സു നിറയെ.

പിറ്റേന്ന് അച്ഛനും അമ്മയും വീട്ടിലേക്ക് തിരിച്ചു ചെന്നപ്പോഴേക്കും വീടാകെ വെള്ളമായിട്ടുണ്ടായിരുന്നു. മേശയുടെ താഴേത്തട്ടിൽ വെച്ചിരുന്ന സ്കൂൾ ബാഗിലെ പുസ്തകങ്ങൾ...

തുറന്നിട്ട ജനലിലൂടെ വികൃതിയോടെ അകത്തേക്ക് വന്ന് കവിളത്തു തൊട്ട മഴത്തുള്ളി അവളെ ചിന്തയിൽ നിന്നുണർത്തി. അത് തുടച്ചുമാറ്റാനായി മുഖം താഴ്ത്തി കൈ മുഖത്തേക്ക് കൊണ്ടു വന്നപ്പോൾ പെയിന്റ് അടർന്നു പോയ ചുമർ അവളുടെ കണ്ണിൽ പതിഞ്ഞു. ആ പ്രളയകാലത്തെ വേദനിപ്പിക്കുന്ന ഓർമ്മകളിൽ ഒന്നുമാത്രം.

അച്ഛന്റെ അധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലം, തങ്ങളുടെ സ്വപ്നഭവനം. എല്ലാം ആ പ്രളയം നശിപ്പിച്ചു കളഞ്ഞു. നനഞ്ഞ പുസ്തകങ്ങൾ കവിൾത്തടങ്ങളും നനച്ചു.

ചില കൂട്ടുകാർക്ക് സഹതാപം, ചിലർക്ക് പരിഹാസം. വെള്ളം കൊണ്ട് പരന്നു പോയ അച്ചടി മഷി കണ്ണിലെ കൺമഷിയും പരത്തിയിട്ടുണ്ട്. ഭവ്യ ദീർഘമായൊന്നു നിശ്വസിച്ചു. അവളുടെ കവിൾത്തടങ്ങൾ നനച്ച ആ പ്രളയത്തിന്റെ ബാക്കിപത്രം പോലെ മഴ പെയ്തിറങ്ങി...

**ഗായത്രി ഗോപകുമാർ**

ക്ലാസ്സ് : 8

ജെ.എം.ജെ. ഇംഗ്ലീഷ് മീഡിയം ഹൈയർ സെക്കൻഡറി സ്ക്കൂൾ അത്താണി.

# കാത്തിരിപ്പ്

പ്രഭാത കിരണം കവിളിൽ തട്ടിയാണ് ഞാൻ ഉണർന്നത്. കണ്ണു തുറന്ന ഉടനെ മുറ്റത്തേക്ക് നോക്കി. സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു . പക്ഷികളുടെ കലപില ശബ്ദം കാതിൽ മുഴങ്ങി. കുളി കഴിഞ്ഞു വന്നപ്പോഴേക്കും അവിടം വെളിച്ചം പരന്നു. ഇന്നലെ കണ്ട പൂമൊട്ടുകൾ എന്നെ നോക്കി ചിരിച്ചു. പ്രകൃതിയുടെ മനോഹാരിത എന്റെ മനസ്സിനെ കീഴടക്കി. 'മോളെ ' തിരിഞ്ഞു നോക്കിയപ്പോൾ ചൂട് കാപ്പിയുമായി നിൽക്കുന്ന അമ്മ. പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ട് ഞാൻ കാപ്പി കുടിച്ചു. പിന്നീട് ഓരോ പ്രഭാതത്തിനും വേണ്ടി യായി എന്റെ കാത്തിരിപ്പ്.അപ്പോൾ എനിക്ക് മനസ്സിലായി ഈ കാത്തിരിപ്പ് തന്നെയല്ലേ ജീവിതം..

**മിൻഹ ഫാത്തിമ**
വാണിമേൽ എം യു പി സ്കൂൾ

## അല്ലിമുല്ല

അല്ലിലല്ലലം പാടി വരുന്നൂ
അല്ലി മുല്ല തൻ കാമ്യ സുഗന്ധം
അല്ല ദൈവമേ ആരൂ കൊടുത്തൂ !
അല്ലി മുല്ലയ്ക്ക് വിണ്ണിൻ പുടവ..

അമ്പിളിക്കുടം വെൺപാലു തൂകി
അല്ലി മുല്ലവളർന്നിട്ടുമാവോ
അഞ്ജനപ്പെണ്ണിൻ വാർമുടി ക്കെട്ടിൽ
ആത്മഗന്ധം പകർന്നിരിക്കാനോ ?

അശ്രു വീണു കുതിർന്നൊരീ മണ്ണിൻ
അൻപിതല്ലയോ ഈ പുഷ്പ വ്രാതം
അനിലനരുമയായ് നിന്നെ തലോടി
ആഗമിക്കും ഇതെത്ര സുഗന്ധം !


അങ്കണത്തിലെ നൈർമല്യമായി
അംഗമാകുന്നിതെൻ അല്ലി മുല്ല
ആർദ്ര ലോലമായുള്ളൊരീ ഭാവം
ആഭ ചൊരിയുന്നിതിന്നെന്റെ യുള്ളിൽ !

അല്ലി തന്നിലൊരു നീഹാര ബിന്ദുവായ്
അല്പ മാറുവാൻ എന്തൊരുല്ലാസം
അല്ലുമല്ലലും കൂടാതെ നിന്റെ
അല്ലി കാണുവാൻ എന്തിഷ്ടമെന്നോ !

അംബരത്തിലെ വെൺ താരകം പോൽ
അങ്കിതത്തിലെ വെൺമങ്കയോ നീ
ആത്മദളമാകുമെന്നല്ലിമുല്ലേ
ആരു തന്നു നിനക്കീ സുഗന്ധം ??

**അപർണ്ണാരാജ്**
പവിത്രം,വേങ്കോട്
പാളയംകുന്ന് പി.ഒ
വർക്കല 695146,തിരുവനന്തപുരം .

## പെൻസിൽ ഡ്രോയിംഗ്



**നജ ഫാത്തിമ എം. കെ**
ക്രസന്റ് എച്ച് എസ് വാണിമേൽ
8 സ്റ്റാന്റേർഡ്

കവിത...

## പെരുമഴക്കാലം

കോരിച്ചൊരിയുന്നൊരു പെരുമഴക്കാലം.
ആദ്യം മഴ കണ്ടാഹ്ളാദിച്ചു ഞാൻ.
പിന്നെ മഴ തന്നു,കണ്ണീർ മാത്രം.
മാറത്തടിച്ച് കരയുന്ന കുരുന്നിൻകൂട്ടം, തല
കുമ്പിട്ടിടറിയ കുടിലുകൾ.
എൻ ഗ്രാമത്തെ നശിപ്പിച്ചാ പെരുമഴക്കാലം.
എൻ പ്രിയരെ വിളിച്ചു കൊണ്ടു-
പോയാ പെരുമഴക്കാലം.
ഭൂമി തൻ ജീവൻ പാതിയെടുത്തൊരു പെരു
മഴക്കാലം.

**ഏയ്ഞ്ചൽ സോണി**
ക്ലാസ് 6
GUPS വെള്ളിയാകുളം
(സബ്ജില്ല കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ച കവിത )

# കിങ്ങിണി പൂച്ച



**ഇ**ടിയും മിന്നലുമുള്ള ഒരു പെരുമഴക്കാലം. പുറത്തേക്കിറങ്ങാൻ കഴിയാതെ അപ്പുവും അനിയത്തിയും വിഷമിച്ചിരിക്കുകയാണ് വീട്ടിൽ. തൊട്ടടുത്തായി അമ്മയും അമ്മൂമ്മയും ഇരിപ്പുണ്ട്. അമ്മൂമ്മ തണുത്തു വിറച്ച് ഒരു കമ്പിളിപ്പുതപ്പ് അന്വേഷിക്കാൻ തുടങ്ങി. അപ്പോഴാണ് തട്ടിൻപുറത്ത് ഒരു ശബ്ദം കേട്ടത്. അപ്പുവും അനിയത്തിയും കൂടി അങ്ങോട്ടേക്കോടി.

'മ്യാവൂ... മ്യാവൂ...'

ഒരു കുട്ടി പൂച്ച മഴയിൽ കുതിർന്ന് നിൽക്കുന്നു.

'മഴ സമയത്ത് നമ്മളറിയാതെ എങ്ങനെയോ തട്ടിൻപുറത്തേക്ക് കയറിയതാണ് പാവം. '

അപ്പു പറഞ്ഞു. സഹതാപം തോന്നി അതിനെ താഴെ കൊണ്ടുവന്ന് തുടച്ചെടുത്തു.

'ആഹാ .... സുന്ദരിയാണല്ലോ...'

അമ്മൂമ്മയുടെ കണ്ടുപിടിത്തം.

അപ്പോൾ അനിയത്തിക്കൊരാഗ്രഹം .

' ഈ പൂച്ചയെ നമുക്ക് വളർത്തിയാലോ'

ആദ്യമൊക്കെ അമ്മ എതിർത്തെങ്കിലും പിന്നീട് അമ്മൂമ്മയുടെ സപ്പോർട്ടോടു കൂടി സമ്മതിപ്പിച്ചു. അതിനൊരു പേരും കണ്ടുപിടിച്ചു.

' കിങ്ങിണീ'

അപ്പു നീട്ടി വിളിച്ചു. പിന്നെയെപ്പോഴും അപ്പുവും അനിയത്തിയും കിങ്ങിണിയുടെ പിറകെ കളിയും ചിരിയുമായി കൂടി.

അങ്ങനെയിരിക്കെ ഒരു ദിവസം വലിയച്ഛനും മകനും വിരുന്നു വന്നു.

അർജ്ജുവെന്ന് വിളിപ്പേരുള്ള അർജ്ജുനൻ ഒരു വികൃതിയാണ്. മറ്റുള്ളവരുടെ സാധനങ്ങൾ അവരറിയാതെ എടുക്കുന്നത് അവന്റെ ഹോബിയാണ്. അവൻ കിങ്ങിണിയെ കണ്ടു.

'ഹായ്, എത്ര നല്ല പൂച്ച ! ഇതെവിടുന്നാ?'

'ഞങ്ങൾക്കിതിനെ കിട്ടിയതാ .. ഇവിടെ വന്നു കയറി '

' ഓഹോ !'

അപ്പുവും അർജുവും പിന്നീട് ഭക്ഷണം കഴിക്കാൻ പോയി. കുറച്ചു കഴിഞ്ഞതിനു ശേഷം വലിയച്ഛനും അർജ്ജുവും തിരികെപ്പോയി.

കിങ്ങിണിയെ കളിപ്പിക്കാനായി അപ്പുവും അനിയത്തിയും പോയപ്പോൾ അവളെ കാണുന്നില്ല.

'എങ്ങോട്ടു പോയി?'

'എല്ലായിടവും തിരക്കി. കാണുന്നില്ല'

അപ്പുവും അനിയത്തിയും സങ്കടപ്പെട്ടിരിക്കുമ്പോൾ വലിയച്ഛൻ കയറി വന്നു. കൂടെ കിങ്ങിണിയുമുണ്ട്.

കിങ്ങിണിയെ കണ്ടതും അപ്പുവിന്റെ അനിയത്തി തുള്ളിച്ചാടി.

അപ്പുവും അമ്മയും അന്തം വിട്ടിരിക്കുന്നത് കണ്ട് വലിയച്ഛൻ ചിരിച്ചു കൊണ്ട് പറഞ്ഞു.

'അർജു എടുത്തു കൊണ്ടു വന്നതാ കിങ്ങിണിയെ . നിങ്ങൾക്കറിയാല്ലോ അവന്റെ സ്വഭാവം. അവിടെ വന്ന് കിങ്ങിണി കരച്ചിലോടു കരച്ചിൽ . അവന് വേണ്ടി ഞാൻ നിങ്ങളോട് ക്ഷമ ചോദിക്കുന്നു '

' അതൊന്നും സാരമില്ല വലിയച്ഛാ , കിങ്ങിണിയെ കിട്ടിയല്ലോ. നമുക്കതു മതി'

വലിയച്ഛൻ പോയതിനു ശേഷം കുട്ടികൾ കിങ്ങിണിയോടൊപ്പം വീണ്ടും കളിക്കാൻ തുടങ്ങി.

ഗുണപാഠം: ആരുടേയും സാധനങ്ങൾ അവരുടെ അനുവാദമില്ലാതെ എടുക്കാൻ പാടില്ല

**–ഹനാ ഹുസൈൻ**
5th std
ഹോളി ഫാമിലി പബ്ലിക് സ്കൂൾ ,
അഞ്ചൽ, കൊല്ലം